# മലയാള കവിത – നവോത്ഥാനഘട്ടം

ഒന്നാം സെമസ്റ്റർ

## ബി.എ. മലയാളം

## കോർ കോഴ്സ്

(2014 അഡ്മിഷൻ)

# UNIVERSITY OF CALICUT

## SCHOOL OF DISTANCE EDUCATION

Calicut University P.O. , Malappuram, PIN - 673635

541

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

**STUDY MATERIAL**

# B A MALAYALAM

**I Semester - Core COURSE**

*മലയാള കവിത – നവോത്ഥാനഘട്ടം*

**Prepared by:**

കമറുദ്ദീൻ പരപ്പിൽ,
അസിസ്റ്റന്റ് പ്രൊഫസർ,
മലയാള വിഭാഗം,
ഫാറൂഖ് കോളേജ്,
കോഴിക്കോട് – 673 632

**Edited and scrutinized by :**

ഡോ. കെ. എം. നസീർ
അസോ. പ്രൊഫസർ,
മലയാള പഠന വിഭാഗം
ഫാറൂഖ് കോളേജ്,
കോഴിക്കോട് – 673 632

*Layout:*
*Computer Section, SDE*

©
Reserved

| | |
|---|---|
| രമണൻ | 5 |
| നരബലി | 15 |
| ബുദ്ധനും ഞാനും നരിയും | 21 |
| ഗാന്ധിയും ഗോഡ്സെയും | 24 |
| വിട വാങ്ങൽ | 28 |
| നങ്ങേമക്കുട്ടി | 30 |
| കരുണ | 37 |
| ബന്ധനസ്ഥനായ അനിരുദ്ധൻ | 49 |

# രമണൻ

**– ചങ്ങമ്പുഴ കൃഷ്ണപിള്ള**

1. വിലാപകാവ്യം (Elegy) എത് കാവ്യ രൂപ വിഭാഗമാണ് ?
   ഭാവഗീതം
2. വിലാപകാവ്യ പ്രസ്ഥാനം എന്ന പഠന ഗ്രന്ഥം രചിച്ചത് ?
   ഡോ. എഴുമറ്റൂർ രാജരാജവർമ്മ
3. Ode,Sonnet, Monologue എന്നീ ആംഗലേയ കവിതാ പ്രസ്ഥാനങ്ങൾക്ക് ഗീതം, ഗീതകം, സ്വഗതാഖ്യാനം എന്നീ പേരുകൾ നൽകി അവയ്ക്ക് ലക്ഷണങ്ങളും മാതൃകകളും നിർദ്ദേശിച്ച കവി?
   കവിതിലകൻ പി. ശങ്കരനമ്പ്യാർ
4. മലയാളത്തിൽ ഗീതകങ്ങൾ മാത്രമടങ്ങിയ ഒരു കൃതി ആദ്യമായി പ്രസിദ്ധപ്പെടുത്തിയത് ?
   എം.പി. അപ്പൻ ( വെള്ളി നക്ഷത്രം)
5. "ഞങ്ങൾ മുന്നിലേക്കും പിന്നിലേക്കും നോക്കുന്നു ഇല്ലാത്തതിനു വേണ്ടി ആർത്തിപ്പെടുന്നു, ഞങ്ങളുടെ ഏറ്റവും സത്യസന്ധമായ ചിരിയിലും കുറച്ചു വേദനയെങ്കിലും കലർന്നിട്ടുണ്ട്. ഞങ്ങളുടെ ഏറ്റവും മധുരമായ ഗാനങ്ങൾ ഏറ്റവും ദു:ഖപൂർണ്ണമായ ചിന്തകളെ പറ്റിയാണ് "– കാല്പനിക സ്വഭാവം പ്രകടമാകുന്ന ഈ പ്രസ്താവന ആരുടേത് ?
   ഷെല്ലി (To a skylark)
6. മലയാളത്തിലുണ്ടായ പ്രധാന വിലാപകാവ്യങ്ങൾ ഏതെല്ലാം ?

| | | |
|---|---|---|
| ഒരു വിലാപം | – | സുബ്രഹ്മണ്യം പോറ്റി. സി. എസ്. |
| പ്രിയാ വിലാപം | – | രാജരാജവർമ്മ |
| ഒരു വിലാപം | – | വി. സി. ബാലകൃഷ്ണപ്പണിക്കർ |
| കണ്ണുനീർതുള്ളി | – | നാലപ്പാട്ട് |
| പ്രരോദനം | – | കുമാരനാശാൻ |
| ബധിരവിലാപം | – | വള്ളത്തോൾ |
| രമണൻ | – | ചങ്ങമ്പുഴ |

7. കാല്പനികതയുടെ രംഗപ്രവേശം വിളംബരം ചെയ്തത് ?
   റൂസ്സോ (കൺഫഷൻസ്)
8. 'എന്താണ് ആധുനികത' ? എന്ന പഠനഗ്രന്ഥം രചിച്ചത് ?
   എം. മുകുന്ദൻ
9. മലയാളത്തിലുണ്ടായ ആരണ്യ വിലാപകാവ്യം (Pastoral Elegy) ആണ്--------
   രമണൻ (ചങ്ങമ്പുഴ)
10. കാല്പനികത എന്ന പഠന ഗ്രന്ഥത്തിന്റെ കർത്താവ് ?
    പ്രൊഫ. ബി. ഹൃദയകുമാരി
11. ഒരേ ഞെട്ടിൽ വിടർന്ന പുഷ്പങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ................
    ഇടപ്പള്ളിക്കവികളെ

12. ഇടപ്പള്ളിക്കവികൾ എന്ന് അറിയപ്പെടുന്നത് ?

ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയും ഇടപ്പള്ളി രാഘവപ്പിള്ളയും

13. ഇടപ്പള്ളി രാഘവപ്പിള്ളയുടെ ജീവതികാലം......

30 ജൂൺ 1909 – 4 ജൂലായ് 1936

14. ഇടപ്പള്ളിയുടെ കൃതികൾ ?

നവസൗരഭം, ഹൃദയസ്മിതം, തുഷാരഹാരം, മണിനാദം, അവ്യക്തഗീതം

15. ''എന്തു ഞാൻ ചെയ്യുമല്ലാതിന്നോളം വായിച്ചതാം
ഗ്രന്ഥമൊന്നിലും കണ്ടില്ലാനന്ദം 'മൂന്നക്ഷരം' '' – ആരുടെ വരികൾ

ഇടപ്പള്ളിയുടെ

16. ''ചെറുക്കുമെൻ ഗതി ചിറയാലേ ചിലർ
മറുത്തുപോകുവാനശക്തനാണു ഞാൻ''

– ഈ വരികൾ ഏതു കവിതയിൽ ?

കാട്ടാറിന്റെ കരച്ചിൽ (ഇടപ്പള്ളി)

17. ''സാമൂഹികമായ അസമത്വങ്ങളും വ്യക്തിപരമായ ധാർമ്മികബോധവും തമ്മിൽ പൊരുത്തപ്പെടുന്നതിൽ കവി പരാജയപ്പെട്ടതിന്റെ ചരിത്രമാണ് ഇടപ്പളളക്കവിതയിൽ കാണുന്നത് '' എന്ന് അഭിപ്രായപ്പെട്ടത് ആര്

എരുമേലി പരമേശ്വരൻ പിള്ള

18. 'റൊമാന്റിക് ഔട്ട് സൈഡർ'എന്ന് കെ.പി. അപ്പൻ വിശേഷിപ്പിച്ച കവി ?

ഇടപ്പള്ളിയെ

19. 1944 ൽ പ്രസിദ്ധീകരിക്കപ്പെട്ട മണിനാദം എന്ന ഇടപ്പള്ളി കൃതിക്ക് അവതാരിക തയ്യാറാക്കിയത് ?

കേസരി, എ. ബാലകൃഷ്ണപ്പിള്ള

20. ''വരികയാണിതാ ഞാനൊരധ: കൃതൻ
കരയുവാനായ്പ്പിറന്നൊരു കാമുകൻ'' – ആരുടെ വരികൾ ?

ഇടപ്പള്ളിയുടെ (മണിനാദം)

21. ''മണിമുഴക്കം
മരണദിനത്തിന്റെ മണിമുഴക്കം
മധുരം – വരുന്ന ഞാൻ'' – ഈ പ്രശസ്ത വരികൾ ആരുടേത് ?

ഇടപ്പള്ളിയുടെ മണിനാദം

22. ഇടപ്പള്ളി അവസാനം തയ്യാറാക്കിയ കൃതിയാണ് –

അന്ത്യസന്ദേശം

23. ഇടപ്പള്ളിയുടെ മരണാനന്തരം സാഹിത്യത്തിലെ 'വിഷ വൃക്ഷം'എന്ന ലേഖനം എഴുതിയത് ?

സഞ്ജയൻ

24. ചങ്ങമ്പുഴ ജനിച്ചത് ?

1911 ഒക്ടോബർ 11ന് ഇടപ്പള്ളിയിൽ

25. ചങ്ങമ്പുഴയെ 'മലയാളത്തിലെ ഓർഫ്യൂസ് 'എന്ന് വിശേഷിപ്പിച്ചത് ?

ഡോ. എം. ലീലാവതി

26. ആത്മകഥാസ്പർശം കൂടുതലുള്ള ചങ്ങമ്പുഴ കൃതിയാണ് –
തുടിക്കുന്ന താളുകൾ
27. ചങ്ങമ്പുഴയുടെ പ്രഥമ കൃതി ?
ബാഷ്പാഞ്ചലി (1934)
28. ചങ്ങമ്പുഴയുടെ ദിവ്യഗീതം എന്ന പരിഭാഷയ്ക്ക് ആധാരം ?
സോളമന്റ് സോങ് ഓഫ് സോങ്സ് ( Song of songs)
29. ഉമർ ഖയ്യാമിന്റെ 'റുബാഇയ്യാത്ത്'എന്ന കൃതിക്ക് ചങ്ങമ്പുഴ തയ്യാറാക്കിയ പരിഭാഷ?
മദനോത്സവം
30. " വിപ്ലവത്തിന്റെ വെൺമഴുവാലീ
വിത്തഗർവ്വ വിഷദ്രുമം വെട്ടീ
സൽസമത്വ സനാതനോദ്യാനം
സജ്ജമാക്കാൻ നമുക്കുദ്യമിക്കാം." – ആരുടെ വരികൾ ?
ചങ്ങമ്പുഴയുടെ
31. "തുഷ്ടിയാർന്നീശ്വരൻ തൻ പ്രതിരൂപമായ്
സൃഷ്ടിച്ചതാണു പോൽ മുനഷ്യനെ
നേരാണതെങ്കിലോ നൂനമാദൈവത്തിൻ
പേരുകേട്ടാൽ മതി പേടിയാവാൻ"'' – എന്നു പാടിയത്
ചങ്ങമ്പുഴ (ഓണപ്പൂക്കൾ)
32. "പാഷാണ മാത്രത്മ സത്വനാം ഭീകര–
പാതക മൂർത്തിയാമീമ്മനുഷ്യൻ
ദൈവ പ്രതിരൂപമാണെങ്കിലത്തരം
ദൈവത്തിനെപ്പിന്നെയാർക്കുവേണം" – ആരുടെ വരികൾ
ചങ്ങമ്പുഴയുടെ
33. സുധാംഗന (1937) എന്ന സ്വതന്ത്ര തർജമയ്ക്ക് ചങ്ങമ്പുഴ ആധാരമാക്കിയ കൃതി ?
ടെന്നിസന്റെ 'ഈനോൺ'
34. "കപടലോകത്തിൽ ആത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം'' – എന്നു പാടിയത് ?
ചങ്ങമ്പുഴ
35. രമണൻ പ്രസിദ്ധീകൃതമായ വർഷം ?
1936
36. ചങ്ങമ്പുഴ രചിച്ച നാടകമാണ് .....
ദേവയാനി
37. ചങ്ങമ്പുഴ രചിച്ച നാടകം..........
കളിത്തോഴി
38. ചങ്ങമ്പുഴയുടെ ' രമണൻ' എന്ന കൃതിക്ക് 'രമണി' എന്ന പേരിൽ കഥ എഴുതി മറുപടി നൽകിയത് ?
കെ. സരസ്വതിയമ്മ
39. ചങ്ങമ്പുഴയെക്കുറിച്ച് ' പാടുന്ന മൺതരികൾ ' എന്ന കവിത എഴുതിയത്
പി. ഭാസ്കരൻ

40. ചങ്ങമ്പുഴയുടെ ' മോഹിനി' ക്ക് ഹാസ്യനുകരണമായി സഞ്ജയൻ രചിച്ച കൃതി ?

മോഹിതൻ

41. "മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനിക വാദിയായ അന്യൻ" എന്ന് ഇടപ്പള്ളിയെ വിശേഷിപ്പിച്ചത് ?

കെ.പി. അപ്പൻ (മരണത്തിന്റെ സൗന്ദര്യം)

42. "യുവാവായി സാഹിത്യത്തിലവതരിച്ച്, യുവാവായി ഉല്ലസിച്ച് , യുവാവായി അസ്തമിച്ച ദേവപ്രിയനാണ് ചങ്ങമ്പുഴ " – ആരുടെ അഭിപ്രായമാണ് ?

വൈലോപ്പിള്ളി ശ്രീധരമേനോൻ

43. ആത്മഹത്യയ്ക്ക് തൊട്ടുമുമ്പായി മരണത്തെ കേന്ദ്രബിന്ദുവാക്കികൊണ്ട് ഇടപ്പള്ളി തയ്യാറാക്കിയ കവിതകൾ

മണിനാദം, നാളത്തെ പ്രഭാതം

44. കാല്പനികതയുടെ പ്രകടന പത്രിക എന്നു വിശേഷിപ്പിക്കുന്നത് ?

വേഡ്സ് വർത്തിന്റ് ലിറിക്കൽ ബാലഡ്സിന്റെ (1798) മുഖവുര

45. കാല്പനിക കവിതയുടെ പ്രധാന സവിശേഷതകൾ ?

വ്യക്തികേന്ദ്രീകൃത ലോക വീക്ഷണം, സ്വപ്നങ്ങൾക്കും ഭാവനകൾക്കും വല്ലാത്ത പ്രാധാന്യം, അമിത വൈകാരികത.

46. " ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും
ജീവിച്ചു ജീവിതത്തോടു ഞാൻ വാങ്ങീടും'' – ആരുടെ വരികൾ

ചങ്ങമ്പുഴ ( തപ്ത പ്രതിജ്ഞ)

47. " നീ മറഞ്ഞാലും തിരയടിക്കും
നീലക്കുയിലേ നിൻ ഗാനമെന്നും'' – എന്നു പാടിയ കവി ?

ചങ്ങമ്പുഴ

48. " ചിത തിന്ന ജടയുടെ പനയോലക്കെട്ടൊക്കെ
ചിതയിലേക്കെറിയുവിൻ ചുട്ടെരിക്കിൻ'' – എന്ന് ആഹ്വാനം ചെയ്തത് ?

ചങ്ങമ്പുഴ

49. "അദ്ദേഹം (ചങ്ങമ്പുഴ) നിർദ്ദയനിമയത്തിന്റെ നേർക്കയക്കുന്ന വെടിയുണ്ടകൾ അലറുകയല്ല, പാടുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിന്റ് ഖഡ്ഗം ഖഡ്ഗമല്ല, മധുവും മണവും നിറഞ്ഞ പുഷ്പമാണ് '' – ആരുടെ അഭിപ്രായമാണ് ഇത് ?

വക്കം അബ്ദുൽ ഖാദർ

50. "ചങ്ങമ്പുഴ നിയമത്തിന്റെ നേർക്ക് സദാ പുഷ്പവൃഷ്ടി ചെയ്തുകൊണ്ടിരുന്നെങ്കിൽ അതിന്നിടയിൽ അമുങ്ങി അത് ശ്വാസം മുട്ടിച്ചത്തുപോയേനേ എന്നു മാത്രമേ ഞാൻ ഇതിനെപ്പറ്റി പയുന്നുള്ളൂ.'' ഈ പ്രസ്താവന ആരുടേത്.

കേസരി എ. ബാലകൃഷ്ണപ്പിള്ള

51. "ഒരു കവി എന്ന നിലയിൽ ചങ്ങമ്പുഴ സാധിച്ചതധികവും അത്ഭുതകരാമായിരുന്നു. മറ്റു കവികളും നിരൂപകന്മാരും പ്രൗഢ വായനക്കാരും നോക്കിയിരിക്കേ അദ്ദേഹം അഭ്യസ്ത വിദ്യരുടെ ഹ്യദയത്തോട് കുശലപ്രശ്നം ചെയ്തു. തട്ടിൻ പുറത്ത് താളിയോലഗ്രന്ഥങ്ങളുള്ള മുടിഞ്ഞ വലിയൊരു തറവാട്ടിൽ ജനിച്ചാലെ കവിയാകൂ എന്ന് ചങ്ങമ്പുഴയ്ക്ക് ശേഷം ആർക്കും പറയാൻ കഴിയാതായി സങ്കൽപകാന്തിയിൽ, ബാഷ്പാഞ്ജലിയിൽ, രമണനിൽ എത്ര അനായാസമാണ് പഴമയുമായുള്ള

ബന്ധത്തെ ചങ്ങമ്പുഴ മുറിച്ചെറിഞ്ഞിരിക്കുന്നത്. ഉദാത്തങ്ങളും ഉല്ലേഖങ്ങളും ഇല്ലാത്ത ഈ കാവ്യസരണിക്ക് നാം ഉണർന്നിട്ടില്ലാത്തതിനേക്കാൾ അഗാധമായ അർഥമുണ്ട് '' – ആരുടെ വാക്കുകൾ ?

എം. എൻ. വിജയൻ

52. "വർണം, നിഴലും വെളിച്ചം, നാദം
വന്നെത്താത്തൊരുതവലോകം
അട്ടിയിലട്ടിയിലിരുളിരുളിൻ മേൽ
കട്ടപിടിച്ചൊരു പാതാളം
ഇല്ലൊരു തൈജസകീടം കൂടിയു–
മെല്ലാ മിരുളാണിരുൾ മാത്രം '' – എന്നു പാടിയത് ?

ചങ്ങമ്പുഴ.

53. " വേദന വേദന ലഹരി പിടിക്കും
വേദന, ഞാനതിൽ മുഴുകട്ടെ
മുഴുകട്ടേ, മമ ജീവനിൽ നിന്നൊരു
മുരളീ മൃദുരവമുയരട്ടെ'' – ആരുടെ വരികൾ ?

ചങ്ങമ്പുഴ

54. " ഒരു മലയാള കവിയുടെയും രചനാ പ്രസ്ഥാനത്തെ അനുകരിക്കുന്നില്ല; ഒരു പ്രത്യേക ചിന്താഗിതിക്കും ഒരിക്കലും വിധേയനാകുന്നില്ല. ഒരു ജീവത തത്ത്വശാസ്ത്ര ത്തിന്റെയും നാലുവേലിക്കുള്ളിൽ കുടിങ്ങുന്നില്ല, ഒരു നിയമത്തെയും വ്യവസ്ഥ യെയും കൂട്ടാക്കുന്നില്ല; ഒന്നിനെപ്പറ്റിയും സ്ഥിരമായ ഒരു മതിപ്പില്ല. തന്നെപ്പറ്റിപ്പോ ലും; അപ്പോഴപ്പോൾ എതിർക്കാൻ തോന്നുന്നതിനെയൊക്കെ എതിർക്കുന്നു; പുണ രാൻ തോന്നുന്നവയെ പുണരുന്നു ; ഒരിക്കൽ ചവിട്ടിത്തേച്ചതിനെ പിന്നീടു വാത്സ ല്യപൂർവ്വം വാരിയെടുക്കുന്നു. ആശ്ലേഷിച്ചതിനെ വലിച്ചെറിയുന്നു; കരച്ചിൽ വന്നാൽ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കരയും; ചിരി വന്നാൽ ആർത്തുപുളച്ചു ചിരിക്കും; രണ്ടുമുണ്ടാകാൻ നന്നേ ചുരുങ്ങിയ സമയവും ലോകദൃഷ്ടിയിൽ ഏറ്റവും നിസ്സാര മായ കാരണവും മതി. പക്ഷേ, വരാത്ത കരച്ചിലും ചിരിയും വന്നെന്നു കാണി ക്കാൻ മിനക്കെടുകയില്ല; ഓരോ അവസരത്തിലും ഉള്ളിൽ തോന്നുതെന്തും കടി ഞ്ഞാണില്ലാതെ പുറത്തു പറയും. പറയാനുള ആവേശം തീരുന്നതുവരെ ആവർത്തി ച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടേയിരിക്കും; സംഭാഷണത്തിന്റെ ലാഘവത്തോടെ ഒഴു ക്കൻ മട്ടിൽ, ചുരുക്കിപ്പറയണമെന്ന നിർബന്ധമേ ഇല്ലാതെ ആരുടെ കഥയും വർണി ച്ചുകേൾപ്പിക്കും...... അങ്ങനെയൊരു കവിയെ മലയാളം മുമ്പു കണ്ടിട്ടില്ല." ഏതു കവിയെ കുറിച്ചാണ് പ്രശസ്ത നിരൂപകനായ എൻ. കൃഷ്ണപിള്ള (കൈരളിയുടെ കഥ) ഇങ്ങനെ പരിചയപ്പെടുത്തുന്നത് ?

ചങ്ങമ്പുഴയെ

55. ചങ്ങമ്പുഴ കവിതകളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാ?

സംഗീതാത്മകത, ഭാവപാരവശ്യം, മൃത്യുപാസന: ; വികാര പരത, സാഡിസ്റ്റ്– മസോക്കിസ്റ്റ് പ്രവണത, വ്യക്തി നിഷ്ടത, വൈരുദ്ധ്യബോധം വൈവിധ്യം കുറഞ്ഞ ആവർത്തനം, നിലയ്ക്കാത്ത ആക്രോശങ്ങളും ആക്രന്ദനങ്ങളും ഒടുങ്ങാത്ത പരി ഭവം പറച്ചിലും ആത്മാനുകമ്പയും അറ്റമില്ലാത്ത ദു:ഖാഭിരതി.

56. ചങ്ങമ്പുഴ കവിതകളെ മിഠായിക്കവിതകൾ എന്ന് വിശേഷിപ്പിച്ചത് ?
    പി. കെ. നാരായണപ്പിള്ള
57. " ചങ്ങമ്പുഴയുടെ കാവ്യരീതിയയെ സ്വാധീനിച്ച പാശ്ചാത്യ കവികളാണ്....
    വെർലയ്ൻ, കീറ്റ്സ്
58. " ആത്മഘാതകനായ കവി " എന്ന് ഇടപ്പള്ളിയെ വിശേഷിപ്പിച്ച വിമർശകൻ
    കുട്ടികൃഷ്ണമാരാർ
59. "കപടലോകത്തിൽ എന്നുടെ കാപട്യം
    സകലരും കാൺമതാണെന്റെ പരാജയം" എന്ന് പാടിയത്
    കുഞ്ഞുണ്ണിമാഷ്.
60. ' രമണൻ' എന്ന കൃതിയുടെ പതിനഞ്ചാം പതിപ്പിന് അവതാരിക തയ്യാറാക്കിയത് ?
    ജോസഫ് മുണ്ടശ്ശേരി

## II. **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. മദനനിൽ നിന്ന് രമണൻ മറച്ചുവച്ച രഹസ്യം എന്തായിരുന്നു ?

ആട്ടിടയനായ രമണൻ കുബേരകുമാരിയായ ചന്ദ്രികയുമായി പ്രണയത്തിലായിരിക്കുന്നു എന്ന രഹസ്യമാണ് മറച്ചുവയ്ക്കപ്പെട്ടത്.

2. " ശരി തന്നെ" – പക്ഷേ, മദന, നീയെൻ
പരമാർത്ഥവസ്തുതയോർത്തുനോക്കൂ
– എന്തു പരമാർത്ഥമാണ് മദനനോട് രമണൻ ഓർക്കാൻ ആവശ്യപ്പെടുന്നത്

താൻ നിർദ്ധനനും അപരിഷ്കൃതനുമായ ഒരു ആട്ടിടയനും ചന്ദ്രിക സമ്പന്നയും സൗഭാഗ്യവതിയും ആണ്. ആയതിനായിൽ തങ്ങളുടെ പ്രണയം നടക്കില്ലെന്ന പരമാർത്ഥമാണ് മദനനോട് ഓർക്കാൻ ആവശ്യപ്പെടുന്നത്.

3. "എങ്കിലും ചന്ദ്രികേ, നമ്മൾ കാണും
സങ്കല്പ ലോകമല്ലീയുലകം" – വിവക്ഷയെന്ത് ?

രമണചന്ദ്രികമാർക്ക് സമൂഹം ഓരോ നിലവാരവും സ്ഥാനവും നല്കിയിട്ടുണ്ട്. അതിനെ നിഷേധിച്ച് പ്രണയിക്കാനൊരുമ്പെടുന്നത് സാഹസം ആണ്. സാങ്കല്പിക ലോകവുമായി ചുറ്റുപാടിനെ കണക്കാക്കുന്നത് അപകടം ചെയ്യുമെന്ന് രമണൻ ചന്ദ്രികയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു.

4. "കൊച്ചു കുഞ്ഞാണു നീ, നിന്റെ കണ്ണിൽ
വിശ്വം മുഴുവൻ വെളുത്തുകാണും."

5. "നോക്കുകെ ന്തുജ്ജ്വല വാഗ്വിലാസം
കേൾക്കേണ്ടതിക്കീ പ്രസംഗമെന്നും" ?

4, 5 ചോദ്യങ്ങൾക്ക് 3 ന്റെ ഉത്തരം തന്നെ

6. "തുച്ഛനാമെന്നെ നീ സ്വീകരിച്ചാ–
ലച്ഛനുമമ്മയ്ക്കുമെന്തു തോന്നും" – സന്ദർഭം എന്ത് ?

ഏകയായ തന്നെ വരിച്ചാൽ ചന്ദ്രികയുടെ അച്ഛനമ്മമാരുടെ പ്രതികരണം എന്തായുമെന്ന് രമണൻ ചോദിക്കുന്നു. കൊച്ചുമകളുടെ രാഗവായ്പിൽ അവർക്ക് പ്രത്യേകിച്ച് ഒന്നും തോന്നാനില്ലെന്ന് ചന്ദ്രിക സമർത്ഥമായി മറുപടി പറയുന്നു. രമണൻ നഗ്നയാഥാർത്ഥ്യങ്ങൾ ഓരോന്നു ചൂണ്ടിക്കാണിച്ച് ചന്ദ്രികയെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു.

7. തന്റെ കൂട്ടുകാരി ഭാനുമതിയോട് ചന്ദ്രിക കാമുകനെക്കുറിച്ച് വിവരിക്കുന്നതെങ്ങനെ?

മലർച്ചെണ്ടുപോലെ മാനസമുളള ഒരുത്തനെ താൻ ഇതുവരെ കണ്ടിട്ടില്ല. എന്തൊരു പ്രേമ സംഭഗവും എന്തൊരു ആദർശ സൗരഭവുമാണ് രമണൻ. ആ നിധി നേടാനായാൽ താൻ ഭാഗ്യശാലിനിയാണ്. സിദ്ധിയും ശുദ്ധിയും സത്യസന്ധതയും അവനാണ്. പണവും വിദ്യയും വിദ്യതാംഗനായ രമണൻ വേറെ വേണ്ട എന്നൊക്കെയാണ് ചന്ദ്രിക കാമുകനെച്ചൊല്ലി വാചാലയാകുന്നത്.

8. "മണി പതിനൊന്നു കഴിഞ്ഞുവല്ലോ
മകളെ, നിക്കിന്നുറക്കമില്ലേ" ? – സന്ദർഭമേത് ?

ഉ. തന്റെ പ്രേമത്തെയും കാമുകനെയും പറ്റി ചന്ദ്രിക തോഴി ആയ ഭാനുമതിയോടു പറയുന്നു. ഇതിനിടിയിൽ സമയം പതിനൊന്നായെന്ന് വീട്ടിനകത്തുനിന്നു അറിയിപ്പുലഭിക്കുന്നു ഉടനെ രംഗം മാറുകയാണ് കവിതയിൽ മികച്ച നാടകീയതയോടെയാണ് ചങ്ങമ്പുഴ രമണൻ രചിക്കുന്നത്. ഈ കാവ്യത്തിന്റെ മുന്നോട്ടുളള കടന്നുപോക്ക് ഭാഗങ്ങളും രംഗങ്ങളുമായി ക്രമീകരിച്ചിരിക്കുന്നതായി കാണാം.

9. "നിന്നെക്കുറിച്ചുളള ഗാനമല്ലാ–
തിന്നീ മുരളിയിലൊന്നുമില്ല"
– ഈ പ്രസ്താവനയുടെ ഔചിത്യമെന്ത് ?

ചന്ദ്രിക കാനനത്തിലേക്ക് ആടുമേയ്ക്കാൻ വരട്ടെ എന്ന് താത്പര്യം പ്രകടിപ്പിച്ചപ്പോൾ രമണൻ അതു നിരുത്സാഹപ്പെടുത്തുന്നു. ഒടുവിൽ തന്നെക്കുറിച്ച് ഒരു ഗാനം ആലപിക്കാനെങ്കിലും തയ്യാറാകണമെന്ന അവളുടെ നിർബന്ധത്തിന് രമണൻ നൽകുന്ന മറുപടിയാണിത്.

10. "അത്ഭുതമില്ലെന്നിക്കല്പവും നീയവ–
നർപ്പണം ചെയ്തതിൽ നിന്റെ ചിത്തം "– ആരുടെ വാക്യമാണിത് ?

ചന്ദ്രികയുടെ തോഴി ഭാനുമതിയുടെ വാക്കുകളാണിത്. ചന്ദ്രിക –രമണന്മാരുടെ പ്രണയത്തെ ആവോളം പ്രോത്സാഹിപ്പിക്കുകകയാണ് ഭാനുമതി.

11. "മറ്റൊരാൾക്കെന്നെ ദാനം ചെയ്തവരേക്കാളുമെന്റ്
പട്ടടയവർ വേഗം കൂട്ടുകയല്ലേ ഭേദം" ? – സന്ദർഭം എഴുതുക.

ബന്ധുജനങ്ങൾ മറ്റൊരു വിവാഹത്തിന് ചന്ദ്രികയെ നിർബന്ധിക്കുന്നുവെന്നറിഞ്ഞ രമണൻ അവളുടെ നിലപാട് അറിയാനാഗ്രഹിക്കുന്നു. തന്നെ മറ്റൊരാൾക്ക് കൊടുക്കുന്നതിലും നല്ലത് എനിക്കവർ പട്ടട ഒരുക്കുന്നതാണ് നല്ലത് എന്ന് ചന്ദ്രിക പറയുന്നു.

12. " ഈ വിശ്വ പ്രകൃതിതൻ പുണ്യക്ഷേത്രത്തിൽ വെച്ചു
പാവനമാം ഗാന്ധർവ്വ വിവാഹം നടത്തീ നാം."

തന്റെ ഉദ്യാനത്തിലെത്തിച്ചേർന്ന രമണനെ ഒരു മുല്ല മാല അണിയിച്ച് ചന്ദ്രിക ഗാന്ധർവ വിവാഹത്തിനു ക്ഷണിക്കുന്നു. വിവാഹാനന്തരം, താൻ രമണനു മാത്രം സ്വന്തമായിക്കുമെന്നും ആരെന്തുപറഞ്ഞാലും അതിൽ മാറ്റമുണ്ടാവില്ലെന്നും ചന്ദ്രിക വാക്കു നൽകുന്നു.

13. " പതിവില്ലാതിന്നിത്ര നേരത്തെ മന:പൂർവ്വം
ഹന്ത കുക്കുടമേ, നീ യെന്തിനു കൂവിപ്പോയി " ?

ചന്ദ്രികയുടെ ഗേഹത്തിലെ ഉദ്യാനത്തിൽ പ്രണയസല്ലാപത്തിൽ മുഴുകിയ രമണൻ കോഴിയുടെ പുലർകാല കൂവൽകേട്ട് നേരം വെളുക്കാനായെന്ന് തിരിച്ചറിയുന്നു. ഉടൻ തന്നെ അവിടെ നിന്നും പോകാൻ രമണൻ തയ്യാറാകുന്നു. അപ്പോൾ ചന്ദ്രിക സങ്കടപ്പെടുന്നതാണ് സന്ദർഭം.

14. " എന്തു ഞാൻ ചെയ്യും ? മതി, മതി, നീയെന്റെ ചിന്തേ, വിടൂ വിടൂ....പൊള്ളുന്ന പോട്ടെ ഞാൻ "

അച്ഛനും അമ്മയും ബന്ധുജനങ്ങളും മറ്റൊരു വിവാഹത്തിനു നിർബന്ധിക്കവേ ചന്ദ്രിക രമണനെ കൈയ്യൊഴിയണോ ബന്ധുജനങ്ങളുടെ തീരുമാനം കൈക്കൊളളണോ എന്ന ധർമ്മ സങ്കടത്തിൽപ്പെട്ടുപോകുന്നു.

15. " പാരിലിത്തിക്കണ്ണിയായി നിന്നാപ്പൂത്ത
പാരിജാതത്തെക്കരിച്ചു കളഞ്ഞൂ ഞാൻ"

ബന്ധുജനങ്ങളുടെ താത്പര്യാർത്ഥം ചന്ദ്രിക രമണനെ പരിത്യജിച്ച് മറ്റൊരു വിവാഹത്തിനൊരുങ്ങുന്നു.

16. രമണനെ ഉപേക്ഷിക്കാൻ ചന്ദ്രിക കണ്ടെത്തുന്ന ന്യായങ്ങളെന്ത് ?

അല്ലെങ്കിൽ

17. " എന്തു വന്നാലുമെനിക്കാസ്വദിക്കണം
മുന്തിരിച്ചാറുപോലുളെളാരിജ്ജീവിതം"

തന്റെ സുഖവും ജയവും ആസ്വാദനവും സൗകുമാര്യവും ഉജ്ജ്വലയൗവനവും പ്രേമവും മനസ്പന്ദനവും സ്വപ്നവും മോഹവും മനോന്മാദവും തുടങ്ങി സമസ്ത കാര്യങ്ങളെ കേവല പ്രേമത്തിന്റെ പേരിൽ നഷ്ടപ്പെടുത്താൻ ചന്ദ്രിക ഒരുക്കമല്ലായിരുന്നു. എന്തു വന്നാലും ജീവിതം ആസ്വദിക്കണമെന്നു തന്നെ അവൾ തീർച്ചപ്പെടുത്തി.

18. " പാടേ തിരശ്ശീല വീണു ഹാ മൽപ്രേമ
നാടകം തീർന്നു – ജയിച്ചു, ജയിച്ചു ഞാൻ"

രമണനുമായുളള പ്രേമം അവസാനിപ്പിക്കാൻ ചന്ദ്രിക തീരുമാനിക്കുന്നു. പ്രേമനാടകത്തിന്റെ തിരശ്ശില വീണിരിക്കുന്നു എന്ന ചന്ദ്രികയുടെ പ്രഖ്യാപനം അവളുടെ പ്രേമത്തോടുളള സമീപനം വ്യക്തമാക്കുന്നു.

19. "കഷ്ടം കൊതിയുണ്ടു പാടുവാൻ എൻ
ചിത്ത മുരളി തകർന്നു പോയി "

തന്നെ ഉപേക്ഷിച്ച് ചന്ദ്രിക മറ്റൊരു വിവാഹത്തിന് മുതിർന്നതറിഞ്ഞ് രമണൻ വിലപിക്കുന്നതാണ് സന്ദർഭം.

## III **ഖണ്ഡിക രൂപത്തിൽ ഉത്തരമെഴുതുക (നൂറു വാക്കിൽ കവിയരുത്)**

1. വിലാപകാവ്യ പ്രസ്ഥാനം എന്നാൽ എന്ത് ?

ആധുനകതയോടെ കവിതയിൽ പ്രത്യക്ഷപ്പെട്ട ഒരു നവീന രീതിയാണ് വിലാപകാവ്യങ്ങൾ. ഖണ്ഡകാവ്യ ശാഖയിൽപ്പെടുന്ന വിലാകാവ്യങ്ങൾക്ക് വികാരത്തിന്റെയും വിചാരത്തിന്റെയും സമഞ്ജസമായ സവിശേഷലാവണ്യമാണ് ഉളളത്. ജീവിതത്തിലുണ്ടായ നഷ്ടത്തെയോർത്ത് കരയുകയും കരയിക്കുകയും കാവ്യങ്ങളാണ് ഇവ. 'വ്യക്തിപരവും വികാരപരതയേക്കാൾ ചിന്താപരത മുന്നിട്ടു നിൽക്കു

ന്നതുമായ ഭവഗീതം' എന്ന നിർവചനമാണ് എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്കാ വിലാപകാവ്യത്തിന് നൽകുന്നത്. Elegia എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് (വിലാപം എന്ന അർത്ഥം) Elegy എന്ന പദം ഉണ്ടായത്. ' എലിഗെയ്ൻ' എന്ന ഫ്രീജിയൻ ധാതുവിൽ ( അർഥം വിലപിക്കുക) നിന്നാണ് (Elegy) ഉണ്ടായതെന്നും പറയപ്പെടുന്നു. തിയോക്രിറ്റസ് (ബി.സി. മൂന്നാം ശതകം) എന്ന കവിയാണ് വിലാപകാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. തൈഴ്സിസ്, ഹാർവെസ്റ്റ് ഹോം തുടങ്ങിയ അദ്ദേഹത്തിന്റെ വിലാപകാവ്യങ്ങൾ പ്രശസ്തങ്ങളാണ് ബയോൺ(ലമെന്റ് ഫോർ അഡൊണിസ്) മോസ്കസ് (ലമെന്റ് ഫോർബയോൺ) സ്പെൻസർ(ഡാഫ്നെയ്ഡാ), മിൽട്ടൺ (ലിസിഡസ്), ഷെല്ലി (അഡൊണെയ്സ്) ടെന്നിസൺ (ഇൻമെമ്മോറിയം) തോമസ് ഗ്രേ(ഗ്രാമീണ ശ്മശാനം) എന്നീ വിദേശ കവികളും സി.എസ്. സുബ്രഹ്മണ്യൻ പോറ്റി(ഒരു വിലാപം 1902) എം. രാജരാജവർമ്മ (പ്രിയാവിലാപം 1903), വി.സി. ബാലകൃഷ്ണപ്പണിക്കർ (ഒരു വിലാപം – 1908), നാലപ്പാട്ട് നാരായണ മേനോൻ (കണ്ണുനീർത്തുള്ളി–1924) കുമാരനാശാൻ(പ്രരോദനം–1919) ചങ്ങമ്പുഴ കൃഷ്ണപ്പിള്ള (രമണൻ) തുടങ്ങിയ മലയാള കവികളും വിലാപകാവ്യപ്രസ്ഥാനത്തിൽ ശ്രദ്ധേയമായ സംഭാവന അർപ്പിച്ചവരാണ്. ജീവതി മരണങ്ങളുടെ പൊരുളുകൾ ചിന്തോദ്ദീപകരമായി രേഖപ്പെടുത്തിവയ്ക്കുന്ന വിലാപകാവ്യങ്ങൾ സാഹിത്യശാഖയിലെ പ്രാധാന്യമർഹിക്കുന്ന ഒരു കാവ്യമേഖലയാണ്.

2. ചങ്ങമ്പുഴയുടെ പ്രധാന കൃതികളെ പരിചയപ്പെടുത്തുക.

രക്ത പുഷ്പങ്ങൾ, സ്പന്ദിക്കുന്ന അസ്ഥിമാടം, ബാഷ്പാഞ്ജലി, ഓണപ്പൂക്കൾ, പാടുന്ന പിശാച്, യവനിക, നിർവ്വാണമണ്ഡലം, ആരാധകൻ, രാഗപരാഗം, സ്വരരാഗസുധ, ദേവഗീതം (ഗീതഗോവിന്ദം തർജമ) മദനോത്സവം (റുബായിയാത്ത് തർജമ) രമണൻ, കളിത്തോഴി (നോവൽ)

3. രമണൻ എന്ന വിലാപ കാവ്യത്തിൽ പ്രത്യക്ഷപ്പെടുന്ന ഗായക സംഘം നിർവ്വഹിക്കുന്ന ധർമ്മം എന്ത് ?

സൂചന:– രമണൻ മലയാളത്തിലെ ആദ്യ ഇടയവിലാപഗാനം – നാടകീയമായ അവതരണം– രംഗങ്ങളാക്കിത്തിരിച്ചുള്ള കഥാവിഷ്കാരം – ഗായക സംഘം സൂത്രധാരന്റെ വേഷത്തിൽ – മലയാളത്തിൽ ഈ പുതുമ പരിചയപ്പെടുത്തുന്നു – നടക്കാനിരിക്കുന്ന സംഭവങ്ങളിലേക്ക് വായനക്കാരനെ ക്ഷണിക്കൽ – ഈ രീതി അരോചകമാണെന്ന ചില വിമർശകരുടെ വാദം.

4. മദനൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

സൂചന: രമണന്റെ ഉറ്റതോഴൻ – ഇരുമെയ്യാണെങ്കിലും പരസ്പരം ജീവനെന്ന വിശ്വാസം – രമണന്റെ ഒരോ ചലനവും അറിയുന്നവൻ –പ്രേമം തലക്ക് പിടിച്ചപ്പോൾ ദീർഘദൃഷ്ടിയോടെ കാര്യങ്ങളെ പ്രവർത്തിച്ച് നേർവഴി നടത്താൻ ശ്രമിച്ചവൻ. എന്തിനും കൂടെ നിന്നവൻ – പ്രണയം പരാജയമായപ്പോഴും രമണൻ ആത്മത്യചെയ്തപ്പോഴും സമൂഹത്തെ ചോദ്യം ചയ്തവൻ.

5. " പ്രാണന്റെ ബന്ധവും തൂക്കിനോക്കുന്നതു
നാണയത്തുട്ടുകളാണു പോലും
പുല്ലാണെനിക്കിപ്പണ, മവൻ തൻ കൊച്ചു–
പുല്ലാങ്കുഴലുമായ് നോക്കിടുമ്പോൾ – വിവക്ഷ എന്ത് ?

സൂചന: ചന്ദ്രികാരണന്മാരുടെ പ്രണയബന്ധത്തെ ബന്ധുജനങ്ങൾ എതിർക്കുന്ന സമയം – ഭാനുമതി ചന്ദ്രികയുടെ തീരുമാനമറിയാൻ ശ്രമിക്കുന്നു – ചന്ദ്രിക നൽകുന്ന മറുപടിയാണിത് – ഇതിലൂടെ ചങ്ങമ്പുഴയുടെ പ്രണയബോധവും സാമൂഹ്യവിമർശനരീതിയും പ്രകടമാകുന്നു.

6. ഭാനുമതി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

സൂചന: ചന്ദ്രികയുടെ പ്രണയത്തെ തുടക്കം മുതലേ പിന്തുണക്കുന്നവൾ – എങ്കിലും പ്രണയം സഫലമാകുമോ എന്ന സംശയം തുടക്കം മുതലേ പ്രകടിപ്പിക്കുന്നവൾ – രണമ–ചന്ദ്രിക പ്രണയകഥയിലെ സവിശേഷവും സ്വഭാവികമായ സാന്നിധ്യം– ചന്ദ്രികയുടെ മനസ്സ് പ്രകടമാകുന്നത് ഭാനുമതിയുമായുള്ള ചില സംഭാഷണ സന്ദർഭങ്ങളിലാണ്.

IV. മൂന്നൂറ് വാക്കിൽ കവിയാതെ ഉപന്യസിക്കുക.

1). കാല്പനകി കവിതയുടെ ലക്ഷണം നിർണ്ണയിക്കുക.
2) മലയാളത്തിലെ വിലാപകാവ്യ പ്രസ്ഥാനത്തെ സാമാന്യമായി പരിചയപ്പെടുത്തുക.
3). മലയാള കാവ്യ ചരിത്രത്തിൽ രമണൻ എന്ന കൃതിയുടെ സ്ഥാനം എന്ത് ?
4) രമണൻ സമൂഹത്തിനു മുന്നിലുയർത്തുന്ന ചോദ്യങ്ങൾ എന്തെല്ലാം ?
5) ഇടയ വിലാപകാവ്യ മാതൃക എന്ന നിലയിൽ രമണൻ എന്ന കൃതിയെ വിശകലനം ചെയ്യുക.
6) ചന്ദ്രികയുമായുള്ള രമണന്റെ പ്രണയത്തിൽ മദനന്റെ നിലപാട് വിശദമാക്കുക.

# നരബലി

## പി. കുഞ്ഞിരാമൻ നായർ

1. പി. കുഞ്ഞിരാമൻ നായർ ജനിച്ച വർഷം
ഉ. 1905 ഒക്ടോബർ 4 ന് കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ട്
2. കുഞ്ഞിരാമൻ നായരുടെ വിദ്യാഭ്യാസം എവിടെ നിന്ന് ?
ഉ. വെള്ളിക്കോത്ത് പ്രൈമറി സ്കൂളിലും പുന്നശ്ശേരി നമ്പിയുടെ ശിഷ്യനായി പട്ടാമ്പീ സംസ്കൃത കലാലയത്തിലും തഞ്ചാവൂർ സംസ്കൃത പാഠശാലയിലും.
3. ഏറ്റവും വലിയ റൊമാന്റിക് കവിയായി പി.യെ വിശേഷിപ്പിച്ചത് ?
ഉ. പ്രൊഫ. മേലത്ത് ചന്ദ്രശേഖരൻ (കുഞ്ഞിരാമൻ നായർ കവിത)
4. പി.യുടെ പ്രധാന കൃതികൾ ?
ഉ. കളിയച്ഛൻ, താമരത്തോണി, വയൽക്കരയിൽ , താമരത്തേൻ പടവാൾ, പൂമാല, നിറ പറ, പാതിരാപ്പൂവ്, ഓണപ്പൂവ്, കർപ്പൂരമഴ, നീരാഞ്ജനം, പൂക്കളം, രഥോത്സവം, ചില മ്പൊലി, പ്രപഞ്ചം (കവിതകൾ)
5. പി. യുടെ ആത്മകഥകൾ ?
ഉ. എന്നെത്തിരയുന്ന ഞാൻ, കവിയുടെ കാല്പാടുകൾ, നിത്യകന്യകയെത്തേടി
6. പി. യുടെ ലേഖന സമാഹാരങ്ങൾ ?
ഉ. പക്ഷികുളടെ പരിഷത്ത്, വിചാര വിഹാരം
7. 1955–ൽ മദിരാശി സർക്കാർ അവാർഡ് നേടിയ കൃതി ?
ഉ. കളിയച്ഛൻ
8. 1959–ൽ കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ കൃതി ?
ഉ. കളിയച്ഛൻ
9. 1967–ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി ?
താമരത്തോണി
10. പി. കവിതകളുടെ സവിശേഷത എന്തെല്ലാം ?
കേരളീയ സംസ്കാരിക ബിംബാവലികളുടെ സാന്നിധ്യം, സമൂഹ്യ ജീവതിത ത്തിന്റെ തകർച്ചയിലുള്ള വേദന, മലയാള ഭാഷയുടെ തനിമ, ഭൗതിക–ഭൗതികേതരത ലങ്ങളിൽ ധർമ്മോദ്ബോധനം.
11. പി. കവിതയുടെ പരിമിതികൾ ?
അതിരുകടന്ന വാചാലത, വൈരുദ്ധ്യാശയങ്ങളുടെ സമ്മേളനം, ഒരേ ബിംബങ്ങൾ തന്നെ പല കവിതകളിൽ ആവർത്തിക്കുന്നത്.
12. കുഞ്ഞിരാമൻ നായരുടെ കാവ്യലോകത്ത് "സൗന്ദര്യത്തിന് നിത്യതാരുണ്യമാണ്" എന്ന് ചൂണ്ടിക്കാണച്ച വിമർശകൻ ?
കെ.പി. ശങ്കരൻ
13. "ഉച്ഛൃംഖലമായ ഉദാരത " എന്ന് ഡോ. എം. ലീലാവതി പി. കവിതയെ വിശേഷിപ്പി ക്കാൻ കാരണം ?.
ഉ. നിയന്ത്രണ രഹിതമായ ഭാവനയുടെ കരകവിഞ്ഞൊഴുക്ക് കാരണം.

14. “നമ്മുടെ കവികളിൽ ” പലർക്കും ഇസ്തിരിയിട്ട ഷർട്ടിനുമീതെ ചുമലിൽ മടക്കിയിട്ട കസവുവേഷ്ടി മാത്രമാണ് കവിത്വം. എന്നാൽ കുഞ്ഞിരാമൻ നായർക്ക് അതൊരു വ്രതവും ഒരു ഉപാസനയും ഒരു സാധനയും ഒരു ജീവിത രീതിയും ആണ് ”. ഇങ്ങനെ നിരീക്ഷിച്ചതാര് ?.

എൻ. വി. കൃഷ്ണവാരിയർ.

15. പി. കുഞ്ഞിരാമൻ നായരെ മുന്നിൽ കണ്ട് ആറ്റൂർ രവിവർമ്മ എഴുതിയ കവിത?

മേഘരൂപൻ

16. പി. കുഞ്ഞിരാമൻ നായരെ പരാമർശിച്ച് ഡി. വിനയചന്ദ്രൻ എഴുതിയ കവിത ?

സമസ്ത കേരളം. പി.ഒ.

17. “കഞ്ഞിവെള്ളം നുണക്കാതെ
പൈതങ്ങൾ പിടയുമ്പൊഴും
പൊരുത്ത വേതനം തിന്നു
വീർക്കുമീ ഞാൻ മരിക്കണം.

പീടികത്തിണ്ണ വീടാക്കി
സഹോദരി മയങ്ങവേ
കൈക്കോഴയാൽ ബംഗ്ലാവു
തീർക്കുമീ ഞാൻ മരിക്കണം ” എന്നു പാടിയ കവി ?

പി. കുഞ്ഞിരാമൻ നായർ

18. “പൂട്ടുക വേരറ്റൊരിക്കുലവാഴ പ്രദശനശാലകൾ” എന്ന് പി. വിശേഷിപ്പിച്ചത് എന്തിനെ?

ഇന്നത്തെ കാലത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ

19. “ഈ അസ്സീസ്സിയിലെ ഫ്രാൻസിസ് കൈ ഉയർത്തി വിളിച്ചാൽ പറവകൾ മാത്രമല്ല ചിറകില്ലാത്തവ പോലും ചിറുകവച്ച് പറന്നു വരുന്നു ” പി. കുഞ്ഞിരാമൻ നായരെക്കുറിച്ച് ഈ പ്രസ്താവന നടത്തിയതാര് ?

എം. ലീലാവതി

20. “തന്റെ കൗമാരം കളിച്ചു നടന്ന ഭാരതപ്പുഴയും പരിസങ്ങളും പഠിച്ചറിഞ്ഞ പ്രാചീന ഭാരതീയ സാഹിത്യവും നടന്നുകണ്ട കേരളീയ ക്ഷേത്രങ്ങളും ആണ് അദ്ദേഹത്തിന്റെ മാനസ ജീവിതത്തിന്റെ മൂന്നു ബിന്ദുക്കൾ. ഈ മുന്ന് ബിന്ദുക്കളെ ചേർത്ത് ഒരു ത്രികോണമുണ്ടാക്കിയാൽ അതിനകം അദ്ദേഹത്തിന്റെ സാമ്രാജ്യമാണ്. അവിടെ അദ്ദേഹം എകച്ഛത്രാധിപതിയായി വാഴുന്നു ”. പി. കവിതയെക്കുറിച്ചുള്ള ഈ അഭി പ്രായം ആരുടേത് ?

എൻ. വി. കൃഷ്ണവാരിയർ

21. “ഉത്തുംഗമായ ഭാവനയും കെട്ടുപിണഞ്ഞുമെടഞ്ഞപോലുള്ള ആവിഷ്കരണശൈ ലിയും ഈശ്വരോന്മുഖമായ ഉൾക്കാഴ്ചയും മുറിവേറ്റ ദേശാഭിമാനത്തിന്റെ പൗരു ഷവും പൂത്തുലഞ്ഞാടി നിൽക്കുന്ന പ്രകൃതിയുടെ വിലസലോലുപമായ സൗന്ദ ര്യവും തീജ്വാലക്കൊപ്പം ചൂടും വെളിച്ചവും നൽകുന്ന കാവ്യസങ്കല്പങ്ങളും എല്ലാം ഒത്തിണങ്ങിയതാണ് പി. യുടെ കവിത ”– ഈ പ്രസ്ഥാവന ആരുടെ ?

തായാട്ട് ശങ്കരൻ

22. "കേരളം കടൽവിഴുങ്ങിയാലും മലയാള കവിതകളെ മുഴുവൻ കാലത്തിന്റെ ചിതൽപ്പുറ്റ് തിന്നൊടുക്കിയാലും ഒരു മലയാളിയെങ്കിലും ഭൂമുഖത്തവശേഷിക്കുംവരെ കുഞ്ഞി രാമൻ നായരുടെ കവിതയും ആ കവിതയിലൂടെ കേരളവും അതിന്റെ മാദകസൗന്ദ ര്യവും മധുര മധുര ചിത്രവും അവശേഷിപ്പിക്കുക തന്നെ ചെയ്യും "– പി. യെ കുറി ച്ചുള്ള ഈ വാക്കുകൾ ആരുടേത്ത ?

സി.പി. ശ്രീധരൻ ( താമരത്തോണിയുടെ അവതാരിക)

23. "ഓളം നിലച്ച ഹൃദയ–
മായ നീർപ്പൊയ്കചുറ്റിലും
വിരിഞ്ഞ തങ്കച്ചെന്താരായ്
നില്പൂ കാട്ടിലൊരമ്പലം "– കാട്ടിലെ അമ്പലമായി കവി കല്പിച്ചിരിക്കുന്നത് എന്തിനെ?

ഇന്ത്യൻ ഭൂമിയെ.

24. 'പൂഞ്ഞയുള്ള വെള്ളക്കാള' എന്ന് പി. നരബലിയിൽ വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെ ?

ഹിമാലയത്തെ

25. 'നരബലി' എന്ന കവിത പ്രസിദ്ധികൃതമായ വർഷം ?

1966

26. "പട്ടാളത്തിൽ ച്ചേർന്നു ശാന്തി –
ക്കാരനാം മന്ദമാരുതൻ" – വിവക്ഷ എന്ത് ?

ശാന്തിക്കാരൻ കർമ്മം കൊണ്ട് ശാന്തി നൽകേണ്ടവനും സ്വയം ശാന്തി ലഭി ക്കേണ്ടവനും ആണ്. ഭൗതികതയുടെ അതിപ്രസരത്തിൽ ആദ്ധ്യാത്മികതയ്ക്ക് മങ്ങ ലേറ്റിരിക്കുന്നു. അതിനാൽ അദ്ധ്യാത്മചിന്തയുടെ കേന്ദ്രങ്ങളായി കരുതപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങളോടും ദേവതകളോടും ജനങ്ങൾക്ക് ആഭിമുഖ്യം കുറയുന്നു. സമ്പത്തും വാരി വിതറി സുഖലോലുപതയുടെ കല്പവല്ലിയായി പരദേവത പണ്ടു ശ്രീദേവി യായ് തെളിഞ്ഞിരുന്നു. എന്നാലിന്ന് വിദ്യയുടെ ദീപ്തി അരുളിപ്പോന്നിരുന്ന അക്ഷ രരൂപിണിയായ സരസ്വതിയും മാറ്റാന്റെ പേടിസ്വപ്നമായ് വീര പൗരുഷത്തോടെ, വാൾ വീശിയിരുന്ന ദുർഗാദേവിയും കേവലം കല്ലുകളായി മാറിയിരിക്കുന്നു. ഇതോടെ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചിരുന്നവരെ അത് പല രീതി യിൽ ബാധിച്ചു. ശാന്ത ശീലനായ ശാന്തിക്കാരുനുപോലും പട്ടാളത്തിൽ ചേരേണ്ട അവസ്ഥ സംജാതമായി.

27. "വ്യാമോഹത്തിൻ വിഷക്കാറ്റിൽ
മയങ്ങും മർത്ത്യപൗരുഷം
ഏതോ ശംഖൊലിയാൽ ഞെട്ടി –
യുണരും ചിത്രമുണ്ടിതിൽ"

ഈ വരികളിൽ തെളിയുന്ന ദൃശ്യമെന്ത് ?

കുരുക്ഷേത്രയുദ്ധഭൂമിയിൽ തളർന്നുവീണ അർജുനനൻ ഗീതോപദേശം കേട്ട് യുദ്ധോദ്യുക്തനാകുന്ന ദൃശ്യം ഈ വരികളിലൂടെ തെളിഞ്ഞുവരുന്നു.

28. "ആഞ്ഞടിക്കും ഹിമക്കാറ്റിൻ
തണുപ്പിൽ ച്ചൂളി നിശ്ചലം
കാവൽപ്പടകളായ്ദേവ-
ദാരുവൃക്ഷങ്ങൾ നില്ക്കയായ് "

– ഈ വരികളിലെ സൂചന എന്ത് ?

ഉ. കാവൽപ്പട എന്ന പ്രയോഗം അതിർത്തിയിൽ കൊടും ശൈത്യത്തെ എതിരിട്ട് കാവൽ നിൽക്കുന്ന വീരഭടന്മാരെ അടയാളപ്പെടുന്നതുന്ന ഈ വരികൾ.

29. "മരിക്കണം, മരിക്കും ഞാൻ
നിനക്കായ് സ്നേഹ വിഗ്രഹേ
അന്തരാത്മചിദാനന്ദ-
കവിതാവന ദേവതേ " വിവക്ഷ എന്ത് ?

ഉ. കവിതയെ നിത്യ കന്യകയായ കാമുകിയായി വരിച്ച കവിയാണ് പി. കുഞ്ഞിരാമൻ നായർ. തന്റെ ഉപാസനാമൂർത്തിയായും കവിതയെ അദ്ദേഹം സ്വീകരിച്ചതിന്റെ പ്രഖ്യാപനമാണ് ഈ വരികൾ. ആ ദേവിയുടെ വരപ്രസാദം നേടാൻ സ്വജീവൻ തൃജിക്കാനും സന്നദ്ധനാണ് താനെന്ന് അദ്ദേഹം ആണിടുന്നു.

30. ഇന്ത്യയുടെ അയൽരാജ്യങ്ങളുമായുള്ള യുദ്ധം പ്രമേയമായ പ്രധാന കവിതകൾ ഏതെല്ലാം ?

ഉ. നരബലി ( പി. കുഞ്ഞിരാമൻ നായർ)
അടരെങ്കിൽ അടർ ( ജി. ശങ്കരക്കുറുപ്പ്)
മഞ്ഞക്കടലിനോട് (വൈലോപ്പിള്ളി ശ്രീധരമേനോൻ)
വീരതാണ്ഡവം (ഒ.എൻ.വി. കുറുപ്പ്)

31. 'നരബലി ' എന്ന കവിതയോട് ചേർത്തു വായിക്കാവുന്ന പി. യുടെ മറ്റൊരു കവിതയാണ്......

മാതൃചരണങ്ങളിൽ

32. 'മാതൃചരണങ്ങളിൽ' എന്ന കവിതയുടെ പ്രമേയം എന്ത് ?

പെറ്റമ്മയ്ക്കു കൊടുക്കുന്ന സ്നേഹം – സേവനം – അതിന്നുകൂലി ചോദിക്കുക – അവൻ മകനോ മനുഷ്യനോ അല്ല, മറ്റേതോ സത്വം ആണ്. പരിപൂർണ്ണമായ ആത്മസമർപ്പണമാണ് വേണ്ടത്. അതിലെല്ലാം അടങ്ങിയിരിക്കുന്നു. ഇതാണ് 'മാതൃചരണങ്ങളിലെ പ്രമേയം'

33. "തരിക്കില്ല മനം തെല്ലും
പകയ്ക്കാ രണഭൂമിയിൽ
മരിക്കും ഞാൻ നിനക്കായി
മംഗളാദർശദേവതേ "

എന്ന ധീരമായ പ്രതിജ്ഞയോടെ ആരംഭിക്കുന്ന കവിത ഏത് ?

നരബലി.

34. "മനം നൊന്ത്, ഹൃദയം തപിച്ച് രക്തം തിളച്ച് സിരാപടലങ്ങളാകെ ത്രസിച്ച് , എഴുതിയപ്പോയതാണ് നരബലി " ആരുടെ കാഴ്ചപ്പാടാണ് ഇത് ?

സി. പി. ശ്രീധരൻ (താമരത്തോണിയുടെ അവതാരിക)

35. 'കവിതയില്ലാതെ തത്ത്വശാസ്ത്രവും മതവും അപൂർണ്ണമാണ് ' എന്ന് അഭിപ്രായപ്പെട്ടത് ആര് ?

മാത്യൂ ആർനോൾഡ്.

36. 'നരബലി' യുടെ തുടക്കത്തിൽ കവി അഭിസംബോധന ചെയ്യുന്ന 'മംഗളാദർശദേവത' ആരാണ് ?

അന്തരാത്മ ചിദാനന്ദകവിതാ വനദേവതയാണ് ഈ മംഗളാദർശദേവത.

37. "ജ്വലിക്കുന്നൂ നരാകാരം
പൂണ്ടൊരാ നീലഭാസ്കരൻ "

–നീല ഭാസ്ക്കരൻ എന്ന പ്രയോഗത്തിന്റെ വിവക്ഷ എന്ത് ?

ശ്രീരാമനെയാണ് വിവക്ഷിക്കുന്നത്.

38. ക്ഷേത്രത്തിലെ സ്വർണ്ണ നിക്ഷേപത്തിന്റെ കല്ലറ (ഭണ്ഡാരം) മാന്തിപ്പൊളിക്കുന്നത് ആരാണ് ?

ക്ഷേത്രം ഭരിപ്പുകാരായ പെരുച്ചാഴിക്കൂട്ടങ്ങൾ.

39. "നൂറുങ്ങിപ്പൊടിയുന്നോരീ –
യസ്ഥി കൂടത്തിലേറി നീ
നൃത്ത മാടിച്ചിരിച്ചാലും
കാളിയിക്കാള രാത്രിയിൽ " സന്ദർഭം എഴുതുക.

ഭാരതത്തിന്റെ വർത്തമാനാവസ്ഥയും മാതൃരാജ്യത്തോടുള്ള ഭാരതീയരുടെ കപടഭക്തിയും വിമർശനവിധേയമാക്കിയ കവി അതിനൊരു പരിഹാരം കൊതിക്കുകകയാണ്. പശ്ചാത്തപവിവശനായ അദ്ദേഹത്തിന് തന്റെ മാതൃകാരാജ്യത്തിന് സ്വജീവൻ ബലി അർപ്പിക്കുന്നതിൽ കുറഞ്ഞു മറ്റൊരു ആലോചനയും പരിഹാരമാർഗമായി വന്നില്ല. കാളിയോട് ഭാരത്തിന്റെ ഇത്തരം നീറുന്ന ദുരിതങ്ങൾക്കുമേൽ നടനമാടി സന്തോഷം കൊള്ളാനും തന്റെ നരബലി സ്വീകരിക്കാനും കവി ആവശ്യപ്പെടുന്നു.

40. "പുത്രരക്തം, പുത്രമാംസം "
മതി; ഞാൻ കേട്ടു കല്പന;
മുറ്റും കപടഭക്തിക്കു
ശിക്ഷയേൽക്കണമിന്നു ഞാൻ"

കല്പന പുറപ്പെടുവിച്ചതാര് ? കാരണമെന്ത്?

മാതൃരാജ്യത്തിന് അർഹമായതൊന്നും അർപ്പിക്കാതെ കപടഭക്തിയാൽ ജീവിതം നയിക്കുന്ന കൂട്ടരായി പുതിയകാല ഇന്ത്യൻ ജനത മാറി. കേരളീയബിംബങ്ങളെ യഥോചിതം സ്വീകരിക്കാനോ മനസ്സിലാക്കാനോ താത്പര്യപ്പെടാതെ, അവയെ മാനിക്കാതെ ആളുകൾ മാറുന്നു. ഇതിൽ ക്രോധം ഉളവായ ദേവീ കല്പനമുഴക്കുന്നു. പുത്രമാസവും രക്തവും ബലി നൽകി നാടിനെ വീണ്ടെടുക്കുക.

## ഉപന്യസിക്കുക.

1. വർത്തമാനകാലത്തിന്റെ വിഷാദവും അസ്വാസ്ഥ്യവും കവിതയുടെ ആഴത്തിൽ അറിഞ്ഞയാളാണ് 'നരബലി' യുടെ കർത്താവ് വിശദമാക്കുക.
2. ഭാരതീയവും കേരളീയവുമായ ബിംബങ്ങൾ പി.കവിതകളിൽ പ്രത്യക്ഷപ്പെടുന്നതെങ്ങനെ എന്ന് ' നരബലി' മുൻ നിർത്തി പിശോധിക്കുക.
3. 'നരബലി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
4. റൊമാന്റിക് കവി, ഭക്തകവി തുടങ്ങിയ വിശേഷണങ്ങളാൽ പി. അവതരിപ്പിക്കപ്പെടുന്നതിന്റെ സാന്നിധ്യം പരിശോധിക്കുക.
5. സ്വന്തം ഹൃദയത്തെ കീറിമുറിക്കുന്ന വ്യാജേന അന്യരുടെ കർമ്മവും ധർമ്മവും ആലോചന വിഷയമാക്കാനുള്ള അവസരമൊരുക്കുകയാണ് 'നരബലി' യിലൂടെ പി. ചെയ്യുന്നത് സമർത്ഥിക്കുക.

## III. ഖണ്ഡികാ രൂപത്തിലെഴുതുക.

1) 'നരബലി' ൽ പരാമർശിക്കപ്പെടുന്ന ഗതകാല ഭാരത ചിത്രങ്ങൾ എന്തെല്ലാം ?.

സൂചന: നക്ഷത്രങ്ങൾ നിറഞ്ഞ, മരതകകല്ലുപോലുള്ള ആർഷ സംസ്കാരക്ഷേത്രവും പരിസരവും – ഇന്ത്യയുടെ പ്രകൃതി ഭംഗിയും വൈവിധ്യങ്ങളും – അനന്യതമുള്ള പുരാണകഥാപാത്രങ്ങളും അവരുടെ കർമ്മങ്ങളും.

2) സ്വാത്രന്ത്ര്യാനന്തര ഇന്ത്യയുടെ ഹൃദയത്തിൽ കാണുന്ന ധാർമ്മികാധ:പതനം കവി ചിത്രീകരിക്കുന്നതെങ്ങനെ ?

സൂചന: മുമ്പ് വഴിപ്പോക്കരെ മൃഷ്ടാന്നമൂടിയ അഗ്രശാലകൾ ചിതലും മാറാലയും മൂടിക്കിടക്കുന്ന, ഇന്ന്. തീർത്ഥ ബാഷ്പം നിറഞ്ഞ ചിറയാകട്ടെ, താമരകൾ കരിഞ്ഞുതുടങ്ങി, പടവുകൾ ഇടിഞ്ഞു. കേവലം ചെളിക്കുണ്ടായിത്തീർന്നു. അന്ധതയുടെ ചെളി വടിച്ചു തുടച്ചു കളയേണ്ട കൈകൾ വീണ്ടും വീണ്ടും അന്ധകാരത്തിന്റെ വിഴുപ്പുകെട്ടുകൾ കൊണ്ടുവന്ന് അലക്കുന്നു. പൂപ്പ് ബാധിച്ച്, നിറംകെട്ട് ശോകമൂകമായ വെള്ളോട്ടുവിളക്കുകകൾ കൈമോശം വന്ന സ്വർഗത്തിന്റെ പ്രതീകങ്ങളാണ്. ദേവീ ദേവന്മാരും കവിരാജാന്മാരും സ്വകർമ്മത്തിന്റെ മികവിൽ അംഗീകരിക്കപ്പെടുകയോ വേണ്ടും വിധം തിരിച്ചറിയപ്പെടുകയോ ചെയ്യുന്നില്ല. ഭണ്ഡാരത്തിലെ സ്വർണവും മറ്റും ക്ഷേത്രകമ്മറ്റിക്കാരായ പെരുച്ചാഴികൾ മാന്തിയെടുക്കുന്നു.

3) 'നരബലി' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

സൂചന : സ്വരാജ്യത്തിന്റെ മഹത്വം ആദ്യവും സമകാലിക ജനതയുടെ കപട ഭക്തിയും പ്രകടനവും പിന്നീടും അതിനൊരു പരിഹാരമാർഗമായ സ്വന്തത്തെ നാടിനായ്, കവിതയ്ക്കായി ത്യജിക്കാനും ആവശ്യപ്പെടുന്ന ഈ കവിതയ്ക്ക് ഉചിതമായ ശീർഷകമാണ് 'നരബലി'.

# ബുദ്ധനും ഞാനും നരിയും

## ഇടശ്ശേരി ഗോവിന്ദൻ നായർ

1. 'ഇടശ്ശേരി' എന്നറിയപ്പെടുന്ന കവിയുടെ മുഴുവൻ പേര് ?
   ഇടശ്ശേരി ഗോവിന്ദൻ നായർ
2. ഇടശ്ശേരിയുടെ ജീവിത കാലം ?
   1906–1974
3. ഇടശ്ശേരിയുടെ ജനനം ?
   1906 ഡിസംബർ 23 ന് (ഞായറാഴ്ച) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തെ തറവാട്ടുവീടായ ഇടശ്ശേരിക്കളത്തിൽ
4. ഇടശ്ശേരി നിര്യാതനായത് ?
   1974 ഒക്ടോബർ 16 ന്
5. ഇടശ്ശേരിയുടെ കൃതികൾ
   അളകാവലി, പുത്തൻ കലവും അരിവാളും, തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, കാവിലെ പാട്ട്,കുങ്കുമപ്രഭാതം, കറുത്ത ചെട്ടിച്ചികൾ, ഒരു പടിടിനെല്ലിക്ക, പൂതപ്പാട്ട്.
6. ഇടശ്ശേരിയുടെ ആദ്യ കവിതയാണ്........
   അഹല്യ (1928)
7. ഇടശ്ശേരി പ്രശസ്തമായ നാടകം ?
   കൂട്ടുകൃഷി
8. 1970 ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡു നേടിയ ഇടശ്ശേരി കൃതി ?
   കാവിലെപാട്ട്
9. 1968 ൽ കേരള സാഹിത്യ അക്കാധമി അവാർഡു നേടിയ കൃതി?
   ഒരു പിടി നെല്ലിക്ക.
10. സ്വന്തം രചനകളുടെ പണിപ്പുരയെ നാട്ടിൻ പുറത്തുകാരനായ കരുവാന്റെ ആലയോട് താരതമ്യപ്പെടുത്തിയ കവി ?
    ഇടശ്ശേരി.
11. "ജീവത വൃത്തിയുടെ പൽചക്രങ്ങൾ മാംസത്തിൽ ആണ്ടിറങ്ങികൊണ്ട് മുൻപോട്ടു തിരിയുനമ്പോൾ ഏറെ നേരം ധ്യാനനിതരനായിരിക്കാൻ വയ്യ. ദിവ്യതേജസ്സിനെ സാക്ഷാത്കരിക്കാൻ ഉൾത്തടം നിശ്ചലമാക്കുന്ന വഴിക്കുളത്തിനു വീഴുപ്പുകെട്ടുമായി വരുന്ന അലക്കുകാരനെ വിലക്കാൻ അധികാരമില്ല." – ആരുടെ കാഴ്ചപ്പാടാണ് ഇത്?
    ഇടശ്ശേരിയുടെ
12. ഇടശ്ശേരിക്കവിതകളുടെ പ്രധാന സവിശേഷതകൾ
    സമൂഹനിഷ്ഠമായ ആശയത്തിന്റെ മൂർത്തത, അന്ത:സ്പർശിയായ വിപ്ലവ ബോധം, നാട്ടിൻ പുറത്തെ സാധാരണ ജീവതിങ്ങളെ മുൻ നിർത്തിയുള്ളതും മാന വബോധത്തെ ഉൾക്കൊള്ളന്നതുമായ കാവ്യവീക്ഷണം, കഥാകഥന സ്വഭാവം, ഗാന്ധി യൻ – മാക്സിയൻ ചിന്താധാരകളുടെ സമന്വയത്തിന്റെ സ്വാധീനം, അതിവൈകാരി കമായ കാല്പനിക ഭാവാന്തരീക്ഷത്തിൽ ആയിട്ടും തികഞ്ഞ മനോനിയന്ത്രണവും ഹൃദയസ്പൃക്കായ അവതരണവും.

13. “അധികാരം കൊയ്യണമാദ്യം നാം
അതിൽ മേലാകട്ടെ പൊന്നാര്യൻ ” എന്ന വരികൾ ?
ഇടശ്ശേരിയുടെ

14. “കുഴിവെട്ടി മുടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ” എന്നു പാടിയത് ?
ഇടശ്ശേരി.

15. പ്രശസ്തമായ ‘ കുറ്റിപ്പുറം’ പാലം എന്ന കവിത രചിച്ചത് ?
ഇടശ്ശേരി.

16. ഗാന്ധിയൻ മാർഗത്തോടുള്ള താത്പര്യം ഉള്ളിൽ നിറഞ്ഞിരിക്കുമ്പോഴും അതിന്റെ ചില നേരത്തെ അപ്രായോഗികതയെക്കുറിച്ചുള്ള അറിവിൽ നിന്നുണ്ടായ ഒരു അമർത്തിച്ചിരിയാണ് ........ എന്ന കവിത.
ബുദ്ധനും ഞാനും നരിയും.

17. “ഏതിനെക്കുറിച്ചായാലും ഇടശ്ശേരിയുടെ കവിത ഉച്ചസ്ഥായിൽ പാടാറില്ല. ശകാരത്തിന്റെ ശൈലി അതിന്നറിഞ്ഞേ കൂടാ. ഏത് ഉഗ്രമായ പ്രതിഷേധവും ‘ഛെ’ എന്ന ഒരക്ഷരത്തിന്റെ മുഴക്കത്തിൽ ഉൾക്കൊള്ളിക്കും. നൈലോൺ സാരിപോലെ വഴുവഴുപ്പൻ പദങ്ങളല്ല, ഖാദിത്തുണി പോലെ പരുപരുത്ത പദങ്ങളാണ് ആ കവിതകൾ എടുത്തുപെരുമാറുന്നത്. എല്ലാറ്റിറും ഉപരി അന്നന്നത്തെ ഒഴുക്കിൽ ഒലിച്ചു പോകാതെ നിവർന്നു നില്ക്കുന്ന നട്ടെല്ലുണ്ട് അവയ്ക്കെല്ലാം ” – ഇടശ്ശേരിക്കവിതകളെക്കുറിച്ച് ഇങ്ങനെ നിരീക്ഷിച്ചത്.
തായാട്ട് ശങ്കരൻ.

18. “ആദർശങ്ങൾ നൂറുശതമാനവും പ്രായോഗികമാകയില്ല, ആയാൽ പിന്നെ അവ ആദർശങ്ങളല്ലാതായിത്തീരുന്നു. അവയെ പ്രത്യക്ഷരം പ്രായോഗികമാക്കാനുള്ള പാഴ് ശ്രമങ്ങളുടെ നേർക്ക് എന്റെ മനോഗതി ക്ഷമിക്കണേ, അൽപം അനാര്യമാണ്. ഗാന്ധിയൻ തത്വസംഹിതക്കും ദൈനംദിന ഭരണവ്യഗ്രതക്കുമിടയിൽക്കിടന്ന് എന്റെ നേതാക്കന്മാർ വീർപ്പുമുട്ടുന്നത് കണ്ടപ്പോൾ ഒന്ന് അമർത്തിച്ചിരിക്കാൻ തോന്നിയതിന്റെ ഫലമാണ് ഈ കവിത. ” ‘ ബുദ്ധനും ഞാനും നരിയും ’ എന്ന കവിതയെക്കുറിച്ച് ഈ പ്രസ്താവന നടത്തിയതാര്.
ഇടശ്ശേരി

19. ബുദ്ധനും ഞാനും നരിയും വായനക്കാരനും ’ എന്ന പ്രബന്ധം തയ്യാറാക്കിയത് ?
ഇ.പി. രാജഗോപാലൻ

20. അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മുഷ്യന്മാരേ ? – ഈ വരികളിലെ സൂചയെന്ത് ?

സൂചന: കവിതയുടെ ആരംഭം ഈ വരികളോടെ – ആദർശത്തിന്റെ അപ്രായോഗികത നേരിട്ട് അവതരിപ്പിക്കപ്പെടുന്നു – അരിയും തിരിയുമാണ് പ്രധാന പ്രശ്നം. ജീവിതം മുന്നോട്ട് കൊണ്ടുപൊകേണ്ടവ എന്നാൽ ജീവിക്കാനുള്ള മാർഗത്തിൽ ആദർശത്തിന്റെ അശ്രദ്ധയാൽ ജീവിതം നഷ്ടപെട്ടാലോ ?.

21. “നരി കണ്ടോനേറിയാൽ നായാട്ടുനായക്കളെ–
ശ്ശരി, ഞാനോ വാറണ്ടുസ്സിപ്പായിമാരെ” ഇതിലെ ആക്ഷേപം എന്ത് ?

നരിയുള്ള വഴിയിലൂടെ വീട്ടിലെത്താൻ അയാൾ തീരുമാനിക്കുന്നു. അയാൾക്ക് നരിയെക്കൂസലില്ല–നരി കാട്ടിലെത്തുന്ന ഏതാനും വേട്ട നായ്ക്കളെ മാത്രമേ കണ്ടിട്ടുണ്ടാകൂ. താനാകട്ടെ അവയെക്കാളും ഭീകരമായ സിപ്പായിമാരെ എത്ര കണ്ടതാണ്.

22. “ഇടയുള്ളോർ വാദിപ്പിൻ മാർഗവും ലക്ഷ്യവും
മിടറിയോ; ഞാനൊന്നു തലചായ്ക്കട്ടെ ” സന്ദർഭവും ആശയവും വിവരിക്കുക.

തന്നെ കാത്തിരിക്കുന്ന മക്കൾക്കരികിലേക്ക് അരിയും സാധനങ്ങളുടെ വേഗം എത്തിക്കണം. അതിന് രണ്ടുവഴി ഉള്ളതിൽ ഒന്ന് അപകടം നിറഞ്ഞതാണ്. നരി പതുങ്ങിയിരിക്കുന്ന വഴി പോകാൻ അയാൾ തീരുമാനിക്കുന്നു. വഴിമദ്ധ്യേയെ, പ്രതീക്ഷിച്ചപ്പോലെ നരി പ്രത്യക്ഷപ്പെടുന്നു. ബുദ്ധവിഗ്രഹത്തിനു പിറകിൽ ഒളിഞ്ഞിരിക്കുന്ന നരി അയാളെ ആക്രമിക്കാൻ മുതിരവേ ബുദ്ധ വിഗ്രഹം അതിനുമുകളിലേക്ക് തള്ളിയിട്ട് അയാൾ രക്ഷപ്പെടാൻ ശമിക്കുന്നു. വിഗ്രഹം വീണതിനാൽ നരി കൊല്ലപ്പെടുന്നു. അയാൾ വീട്ടിലെത്തി ഭക്ഷണാന്തരം ഉറങ്ങാൻ കിടക്കുന്നു. ഇതിനിടെ നരിയെ കൊന്നതിന്നും അതിനു ബുദ്ധ വിഗ്രഹം പ്രയോജനപ്പെടുത്തിയതിനും അയാൾ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. അദ്ദേഹം സ്വീകരിച്ച ലക്ഷ്യവും മാർഗവും ചർച്ചാവിഷയമാകാനും സാധ്യത ഉണ്ട്. തന്റെ സാധാരണ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രായോഗിക ഇടപെടൽ നടത്തിയ അദ്ദേഹത്തിനു പക്ഷേ അതിനെ ചൊല്ലിയുള്ള തർക്ക വിതർക്കങ്ങളിൽ തീരെ താല്പര്യം ഇല്ല. അതു വെറും സമയം കളയലായൊ വാചകസർത്തായോ ആണ് ഇടശ്ശേരി കരുതുന്നത്.

## ഉപന്യസിക്കുക (മുന്നൂറു വാക്കിൽ കവിയാതെ)

1. മാർഗ്ഗവും ലക്ഷ്യവും എന്നതിനപ്പുറം മനുഷ്യനും അവന്റെ ജീവിതവുമാണ് സർവ്വപ്രധാനം എന്ന് ഇടശ്ശേരി സമർത്ഥിക്കുന്നതെങ്ങനെ?

2. ചങ്ങമ്പുഴ, ഇടപ്പള്ളി തുടങ്ങിയ കാല്പനിക കവികൾ സൃഷ്ടിച്ച കാവ്യാന്തരീക്ഷത്തിൽ ഇടശ്ശേരിയും എൻ.വി.കൃഷ്ണവാരിയരും വ്യത്യസ്തരാകുന്നത് എന്തുകൊണ്ട്?

3. തലപോകുന്ന നേരത്ത് തലനാരിഴകീറിയുള്ള തർക്കങ്ങളിൽ അഭരമിക്കുന്നതിനെ രൂക്ഷമായി പരിഹസിക്കുകയാണ്. ‘ബുദ്ധനും ഞാനും നരിയും’ എന്ന കവിതയിലൂടെ ഇടശ്ശേരി ചെയ്യുന്നത്. വിശദീകരിക്കുക.

4. മാർഗ്ഗവും ലക്ഷ്യവും സംബന്ധിച്ച് നടന്നുകൊണ്ടിരിക്കുന്ന കൂലങ്കഷമായ ചർച്ചയുടെ അസംബന്ധമാണ് ഇടശ്ശേരിയുടെ ‘ബുദ്ധനും ഞാനും നരിയും’ ആവിഷ്ക്കരിക്കുന്നത്. പരിശോധിക്കുക.

# ഗാന്ധിയും ഗോഡ്സെയും

## എൻ.വി.കൃഷ്ണവാരിയർ

1. എൻ.വി.കൃഷ്ണവാരിയരുടെ ജീവിതകാലം?

   1916–1989

2. എൻ.വി.കൃഷ്ണവാരിയർ ജനിച്ചത്?

   1916 മെയ് 15ന് തൃശ്ശൂർ ജില്ലയിലെ ഞെരുവിശ്ശേരിയിൽ

3. എൻ.വി.കൃഷ്ണവാരിയർ ഏതൊക്കെ നിലകളിൽ പ്രശസ്തനാണ്?

   കവി, വിമർശകൻ, ബഹുഭാഷാപണ്ഡിതൻ, പത്രപ്രവർത്തകൻ, ഗവേഷകൻ

4. എൻ.വി.യുടെ പ്രധാന കൃതികൾ?

   ചാട്ടവാർ, കൊച്ചുതൊമ്മൻ, നീണ്ടകവിതകൾ, കുറേകൂടി നീണ്ട കവിതകൾ, ഗാന്ധിയും ഗോഡ്സേയും, കാളിദാസന്റെ സിംഹാസനം, കലോത്സവം ആട്ടക്കഥ– ബുദ്ധചരിതം, ചിത്രാംഗദ (കവിതകൾ) പരിപ്രേക്ഷ്യം, സമാകലനം (വിമർശനങ്ങൾ) വെല്ലുവിളികൾ, പ്രതികരണങ്ങൾ, അന്വേഷണങ്ങൾ കണ്ടെത്തലുകൾ, മനനങ്ങൾ നിഗമനങ്ങൾ, വിചിന്തനങ്ങൾ വിഘടീകരണങ്ങൾ, വീക്ഷണങ്ങൾ വിമർശനങ്ങൾ, ഓളങ്ങൾ ആഴങ്ങൾ (പഠനങ്ങൾ)

5. 1970–ൽ കേരളസാഹിത്. അക്കാദമി പുരസ്ക്കാരം നേടിയ കൃതിയാണ് ..................

   ഗാന്ധിയും ഗോഡ്സേയും

6. എൻ.വി.കവിതകളുടെ പ്രധാന സവിശേഷതകൾ?

   വസ്തുനിഷ്ഠമായ കാഴ്ചപ്പാട്, പരുഷവും വാചാലവും ആയ ഭാഷ, ഐറണി

7. എൻ.വി. കവിതകളുടെ പ്രധാന ലക്ഷ്യം എന്ത്?

   കവിതയെ സാധാരണ ആസ്വാദകരിലേയ്ക്ക് അടുപ്പിക്കുക, പൊങ്ങച്ചത്തിന്റെ പൊള്ളത്തരവും സദാചാരലംഘനം കൊണ്ടുള്ള അർത്ഥശൂന്യതയും ചൂണ്ടിക്കാണിക്കുക, കേവലം കാല്പനികതയുടെ മായാജാല പ്രകടനമല്ല കവിത എന്നു തിരുത്തിക്കാണിക്കുക.

8. 1979–ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയത്?

   എൻ.വി.കൃഷ്ണവാരിയർ ('വള്ളത്തോളിന്റെ കാവ്യശില്പം' എന്ന കൃതിക്ക്)

9. എൻ.വി.യുടെ നിര്യാണം സംഭവിച്ചത്?

   1989 ഒക്ടോബർ 12ന്

10 ''ചത്തഹീന്ദുവിന്നാർഷ–
സംസ്കാരമേകാൻ വേണ്ടി
യൊത്തതു തരൂ'' എന്ന് പറഞ്ഞു സംഭാവനയ്ക്കായി കൈപ്പാട്ട നീട്ടിയത് ആര്?

   നാഥുറാം വിനായക് ഗോഡ്സേ.

11. പ്രോജക്ട് ഹൗസിൽ താമസിക്കുന്ന ഗോഡ്സേ എന്ന മന്ത്രിയെ കാണാനും വണങ്ങാനും എത്തിയ പ്രമാണിമാർ ആരെല്ലാം?

   കമ്പനിത്തലവന്മാർ, കമ്മീഷൻ ഏജന്റുമാർ, കോൺട്രാക്ടർമാർ, വ്യത്യസ്ത കക്ഷികളിലെ മുഖ്യന്മാർ, കളക്ടർ പിന്നെ മുഗ്ദഹാസ്യവും അന്നഗാമിനിയുമായ സാമൂഹ്യപ്രവർത്തകയും

12. ''അരിവാങ്ങാൻ ക്യൂവിൽ–
ത്തിക്കിനിൽക്കുന്നൂ ഗാന്ധി;
അരികേ കൂറ്റൻ കാറി–
ലേറി നീങ്ങുന്നൂ ഗോഡ്സേ'' – ഈ വരികളിൽ തെളിയുന്ന പരിഹാസം എന്ത്?

രാഷ്ട്രം ആദരിക്കുന്ന നേതാവും രാഷ്ട്രത്തിന്റെ പിതാവും തന്നെയുമാണ് ഗാന്ധി. എന്നാൽ ഒരു നേരത്തെ റേഷനരിക്കായി തിക്കിതിരക്കി വരി നിൽക്കേണ്ട അവസ്ഥയാണ് അത്തരം ആദർശവാദികൾക്ക് ഇന്നും ഉള്ളത്. ഗാന്ധിയെ ഇല്ലാതാക്കി, അധാർമ്മികപാതയിൽ ചരിക്കുന്നവരാകട്ടെ സുഖസുന്ദരമായ ജീവിതം നയിക്കുന്നു. ഇവിടെ ഗാന്ധിയും ഗോഡ്സേയും രണ്ട് തലത്തെ, രണ്ട് തരം വ്യക്തികളെ പ്രതിനിധീകരിക്കുകയാണ്.

13. ഓർത്തുപോയ് : ''ഹാ, കഷ്ടം! ഈ–
യേഴയെക്കരുതിയോ
കൈത്തോക്കിൽ വിലപ്പെട്ടോ–
രുണ്ടകൾ നിറച്ചൂ ഞാൻ ?'' സന്ദർഭവും ആശയവും വിശദമാക്കുക.

ഒരു നേരത്തെ റേഷനരിക്കായി വരി നിൽക്കേണ്ട ഗതി കേടുണ്ടായവനാണ്, ഗോഡ്സേയുടെ കണ്ണിൽ ഗാന്ധി. എഴയായ ഇയാൾക്കുവേണ്ടി ഒരു വെടിയുണ്ട കളഞ്ഞ താൻ മണ്ടത്തരമാണ് കാണിച്ചത്. അതിന്റെ ആവശ്യം ഇല്ലാതെ തന്നെ ഇയാളെ കൈകാര്യം ചെയ്യാനാകും എന്ന് ഗോഡ്സേ കണക്കുകൂട്ടുന്നു.

കവിത മുന്നേറുമ്പോൾ ഗാന്ധിയുടെ ജീവിതവും അതു പകർന്നു വിട്ട 'ഹാ; റാം!' എന്ന മുദ്രാവാക്യം പടർത്തിയ ആശയും ആവേശവുമാണ് – ഗാന്ധി എന്ന കേവല ശരീരമല്ല തനിക്ക് അപകടം തീർത്തതെന്ന് ഗോഡ്സേ തിരിച്ചറിയുന്നുണ്ട്.

14. ''ഒറ്റയ്ക്കു മരിക്കുമ–
പ്പാവത്തെക്കാൺകെച്ചൊന്നേൻ:
''പട്ടിണി !'' വേഗം കൂട്ടി
നടന്നേൻ വീടെത്തുവാൻ'' സന്ദർഭം ഏത് ?

പാതയിൽ കോൺക്രീറ്റു പാകിയിടത്ത് ഗാന്ധിയുടെ ക്ഷീണിച്ച സാന്നിധ്യം കണ്ട് ആളുകൾ ഒഴിഞ്ഞുമാറുന്നു. ഗാന്ധി ഇന്നും പാതയ്ക്കരികിലെ കോൺക്രീറ്റ് രൂപമായി ചുരുങ്ങിയിരിക്കുന്നു. ആദർശദാരിദ്ര്യത്താൽ നാം ആണ് പട്ടിണി അനുഭവിക്കുന്നത്. പക്ഷേ തിരക്കു നടിച്ച് നാം അവിടെ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നു.

15. ''വിലക്കുന്നതിന്നെന്താവെ,
ഗോതമ്പോ, കല്ലോ പൂപ്പോ !'' ഈ വരികളിൽ പ്രകടമാകുന്ന പരിഹാസം എന്ത്?

പ്രയാസം സഹിച്ച് റേഷനരിക്കായി തിക്കിത്തിരക്കിവരിയിൽ നിൽക്കുന്ന ഗാന്ധി ആലോചിക്കുന്നു ഇന്ന് ലഭിക്കാൻ പോകുന്നതെന്താവാം? ഭക്ഷ്യയോഗ്യമല്ലാത്ത വിഭവങ്ങൾ വിതരണം ചെയ്യുന്ന നമ്മുടെ നാട്ടിലെ റേഷൻ സംസ്കാരത്തെ പരിഹസിക്കുകയാണ് കവി. 'മദിരാശിയിലെ സായാഹ്ന'ത്തിൽ കാമുകിയുടെ ചുംബനത്തിന്റെ മാധുര്യം ലിപ്സ്റ്റിക്കിന്റേതോ ചുണ്ടിന്റേതോ എന്ന ചോദ്യവും 'എലിക

ളി'ൽ നിങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാകാത്തത് നിങ്ങൾ മനുഷ്യരായതുമൂലമോ എന്ന ചോദ്യവും ഇതിനോട് ചേർത്ത് വച്ച് ശ്രദ്ധിച്ചാൽ എൻ.വി.യുടെ കാവ്യശൈലിയുടെ സൗന്ദര്യം കൂടുതൽ ആസ്വാദ്യമാകും.

16. ഗോഡ്സേ പിരിവിനായി സമീപിച്ചപ്പോൾ ഗാന്ധിയുടെ പ്രതികരണം എന്തായിരുന്നു?

അല്ലെങ്കിൽ

17. ''ഉച്ചയ്ക്കു കുടിക്കുവാൻ
പൈപ്പിലുണ്ടല്ലോ വെള്ളം !'' വിശദീകരിക്കുക ?

സമാഗതമായ തെരഞ്ഞെടുപ്പിൽ ഗോഡ്സേ സ്ഥാനാർത്ഥിയാകാനുള്ള കൊണ്ടുപിടിച്ച ശ്രമത്തിൽ ആണ്. ഹൈന്ദവതയും, ആർഷ സംസ്കാരവും തെരഞ്ഞെടുപ്പ് വിഷയമാക്കിയാൽ മെച്ചമുണ്ടാകുമെന്ന് അയാൾ തിരിച്ചറിയുന്നു. അതിനായി രാഷ്ട്രീയക്കാരന്റെ വേഷം കെട്ടി സംഭാവന പിരിക്കാനിറങ്ങുന്നു; ഗോഡ്സേ. തന്നെ സമീപിച്ചപ്പോൾ ഗാന്ധി, തന്റെ പക്കൽ ആകെ ഉള്ള കാൽ രൂപാ ഗോഡ്സേ നീട്ടിയ കൈപ്പാട്ടയിൽ നിക്ഷേപിക്കുന്നു. ഉച്ചഭക്ഷണത്തിനു കരുതിയ ആ നാണയം നഷ്ടപ്പെട്ടപ്പോൾ പൈപ്പിൽ വേള്ളം ഉണ്ടല്ലോ എന്ന് ഗാന്ധി സമാധാനം കൊള്ളുന്നു. സമകാലിക രാഷ്ട്രീയ വേഷം കെട്ടലുകളെയും ഇടപെടലുകളേയും തന്മൂലം സാധാരണ ജനത്തിനുണ്ടാകുന്ന പ്രയാസത്തെയും എൻ.വി.കൃഷ്ണവാരിയർ വളരെ സമർത്ഥമായി ആവിഷ്ക്കരിച്ചിരിക്കുകയാണ് ഈ വരികളിൽ.

18. ''പണി വേണമോ തനി–
ക്കെങ്കിൽ വായ് മൂടിക്കൊൾക !''

അല്ലെങ്കിൽ

19. ''പുലരിക്കുളിരാലോ ;
വിറകൊള്ളുന്നൂ ഗാന്ധി !'' സന്ദർഭം എഴുതുക?

മന്ത്രിയായ ഗോഡ്സേയെ കാണാൻ പ്രോജക്ട് ഹൗസിൽ പലരും എത്തുന്നു. യോഗം, വിരുന്ന് തുടങ്ങി പല പല അജണ്ടകൾക്കു ശേഷം ഓരോരുത്തരായി മടങ്ങുന്നു. ഏറ്റവും അവസാനം സ്ഥലം വിട്ടത് 'മുഗ്ദ്ധഹാസ്യയും അന്നഗാമിനി' യുമായ സാമൂഹ്യപ്രവർത്തകയാണ്. അവളെ യാത്രയാക്കി തിരിച്ചുവരുമ്പെൾ മാത്രമാണ് ഗോഡ്സേ ഗേറ്റിലെ കാവൽക്കാരനായ ഗാന്ധിയെ തിരിച്ചറിയുന്നത്.

അതാകട്ടെ, ഗാന്ധിയുടെ കരൾ തുളച്ച് 'ഹാ; റാം!' എന്ന മന്ത്രം പുറത്തു ചാടിയപ്പോൾ ഞെട്ടലോടു കൂടെയും. ഉടൻ ഗാന്ധിയോട് ഗോഡ്സേ നൽകുന്ന ആജ്ഞയാണ് പണി വേണമെങ്കിൽ വായ് മൂടിക്കൊള്ളുക എന്ന്. പുലരിക്കുളിരാലാകാം ഗാന്ധി നിന്നു വിറക്കുന്നു എന്ന് കവി അവതരിപ്പിക്കുന്നു.

20. ''ഇന്നു നീ ഞാൻ നേടിയ–
തൊക്കെയും കാപട്യത്താൽ
നിന്നുടേതാക്കി ക്രൂരം
വിജയോന്മാദം കൊൾകേ. '' – ആശയം വിശദീകരിക്കുക.

നന്മയുടേയും ധർമ്മത്തിന്റെയും സത്യ മാതൃകകൾക്ക് തിലസ്കാരവും തിന്മയുടെയും അധർമ്മത്തിന്റെയും കപട സാന്നിധ്യങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുന്നു. ഗാന്ധി മുന്നോട്ടു വെച്ച വേഷവും ആദർശവും എല്ലാം ഇന്ന് ഗാന്ധിവിരുദ്ധ ആശയങ്ങളുടെ വക്താക്കളാണ് പ്രയോജനപ്പെടുത്തുന്നത്. കൂട്ടത്തിൽ ഇത്തരം വേഷം കാണിച്ച് ഗാന്ധിചിന്തയെ സ്നേഹിക്കുന്നവരെ ആകർഷിക്കാനാകുന്നു. അങ്ങനെ താൻ നേടിയതൊക്കെ സ്വന്തമാക്കി ഗോഡ്സേ ക്രൂരമായ വിജയോന്മാദം നടത്തുന്നു. പക്ഷേ, ഗാന്ധിയുടെ തിരിച്ചുവരവ് ഇതിനിടയിലും സാധ്യമാകുമെന്ന് കവി തുടർന്നുള്ള വരികളിൽ വിവരിക്കുന്നു.

## ഉപന്യസിക്കുക (മുന്നൂറു വാക്കിൽ കവിയരുത്)

1. എൻ.വി.കൃഷ്ണവാരിയരുടെ കാവ്യശൈലിയുടെ പ്രത്യേകതകൾ 'ഗാന്ധിയും ഗോഡ്സേയും' എന്ന കവിത മുൻനിർത്തി പരിശോധിക്കുക?

2 'ഗാന്ധിയും ഗോഡ്സേയും' എന്ന കവിത ഉയർത്തുന്ന ചിന്തകൾ എന്തെല്ലാം?

3. 'ഗാന്ധിയും ഗോഡ്സേയും' എന്ന കവിതയിൽ ആവർത്തിച്ചു വരുന്ന 'ഹാ, റാം!' എന്ന മന്ത്രത്തിന് കവിതയിൽ ഉള്ള പ്രാധാന്യം എന്ത് ?

4. 'ഹാ, റാം!' എന്ന മന്ത്രം കവിതയിൽ ഉയർന്നു കേൾക്കുന്ന സാഹചര്യങ്ങളുടെ സവിശേഷത എന്തെല്ലാം?

5. മലയാളസാഹിത്യത്തിന് എൻ.വി.കൃഷ്ണവാരിയർ നൽകിയ സംഭാവനകൾ വിലയിരുത്തുക.

**********************

# വിട വാങ്ങൽ

**–ടി.ഉബൈദ്**

1. മഹാകവി ടി.ഉബൈദിന്റെ ജീവിതകാലം?
   1908 –1972
2. ടി.ഉബൈദ് ജനിച്ചത് എന്ന്?
   1908 ഒക്ടോബർ 7
3. ടി.ഉബൈദിന്റെ ജന്മദേശം?
   കാസറഗോഡ്
4. കന്നട – മലയാള സംസ്കാരങ്ങളുടെ സമന്വയത്തിന്റെ കവി എന്ന് അറിയപ്പെടുന്നത്?
   ടി.ഉബൈദ്
5. 'നവരത്നമാലിക' എന്ന കൃതിയുടെ കർത്താവ്?
   മഹാകവി ടി.ഉബൈദ്
6. മഹാകവി ടി.ഉബൈദിന്റെ കാവ്യ സമാഹാരങ്ങൾ?
   നവരത്നമാലിക, സമുദായദുന്ദുഭി, ചന്ദ്രക്കല, രണ്ടുദ്ബോധനങ്ങൾ
7. മാപ്പിളപ്പാട്ട് ശാഖയിൽ ടി.ഉബൈദ് നൽകിയ സംഭാവനകൾ?
   ഗാനവീചി, കലികാലം, നബിചരിത്രം, വഫാത്ത്മാല
8. മഹാകവി ടി.ഉബൈദിന്റെ കാവ്യനിർമ്മാണത്തിന് പ്രചോദനമേകിയ വസ്തുതകൾ എന്തെല്ലാം?
   ഭാരതീയ സംസ്ക്കാരവും ഇസ്ലാംമതദർശനവും സാരസ്വത സംസ്കൃതിയും ടി.ഉബൈദിൽ കാര്യമായ സ്വാധീനം ചെലുത്തുകയുണ്ടായി.
9. ''ആനന്ദവും അസൂയയും ഒന്നിച്ചു ജനിപ്പിക്കുന്ന 'വിടവാങ്ങൽ' എന്ന കവിത, നീലേശ്വരം പരിഷത്തിന്റെ ഫാലതിലകമായിരുന്നു.'' എന്ന് ചൂണ്ടിക്കാണിച്ചതാര്?
   ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ
10. ''വിളി കേൾക്കുന്നു, വിളി കേൾക്കുന്നു
    മാതാവിൻ വിളി കേൾക്കുന്നു!'' ഇവിടെ പരാമർശിക്കപ്പെട്ട മാതാവ്?
    കേരളമാതാവ്
11. ടി.ഉബൈദ് രചിച്ച പ്രശസ്തമായ വിലാപകാവ്യം?
    ബാഷ്പധാര
12. 1943ലെ സാഹിത്യപരിഷത്തിന്റെ നീലേശ്വരം സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട കവിതയാണ് ...........................
    വിടവാങ്ങൽ
13. 'വിടവാങ്ങൽ' എന്ന കവിതയുടെ പ്രമേയം?
    1937 മുതൽ കാസറകോഡുള്ളവർ കർണ്ണാടകയിൽ നിന്നും വേറിട്ട് കേരളവുമായി ചേർന്ന് ഒരു സ്വതന്ത്ര ജില്ലയായിരിക്കാൻ ആഗ്രഹിച്ചിരുന്നു. കാസറകോഡു മലയാളികളുടെ ചിരകാലാഭിലാഷത്തെ മുൻനിർത്തി കർണ്ണാടകത്തോടു വിട ചോദിക്കുകയാണ് ഈ കവിതയിലൂടെ.
14. ''ഉടലുകൊണ്ടെന്നപോലെ ഉയിരുകൊണ്ടും ശ്രോതാക്കളുടെ ഉള്ളലിയിപ്പിക്കാൻ പ്രഗല്ഭമായ കവിത '' എന്ന് 'വിടവാങ്ങലി'നെ പ്രശംസിച്ചത് ?
    മഹാകവി വള്ളത്തോൾ
15. ''അംബികതൻ മുഖദർശന സിദ്ധി–
    ക്കുള്ളിൽ കൊതി തിര തല്ലുന്നൂ'' സാരമെന്ത് ?
    കർണാടകയിൽ നിന്നു മലയാളികൾക്ക് കേരളത്തിലേയ്ക്ക് ലയിക്കണം ആകാ

ശത്ത് ആ സന്തോഷപെരുന്നാളിന്റെ സൂചനയായി ചന്ദ്രക്കല വിരിയാനും അതു കാണാനും അവർ കൊതിക്കുന്നു.

16. ''ഇടവം വന്നൊരു പടഹമടിക്കും
ഉടനടി വിണ്ടലശാല തുറക്കും
നടിയാം മിന്നൽക്കൊടിയെവിളിക്കും
വടിവോടവളൊരു കൂത്തു നടിക്കും''

കേരള ജനനിയിലേയ്ക്ക് ഞങ്ങൾ കൂട്ടിച്ചേർക്കപ്പെടും എന്ന ശുഭാപ്തി വിശ്വാസത്തിലാണ് കവി. മലയാള നാട്ടിലെ സന്തോഷസൗഭാഗ്യങ്ങളെ അക്കമിട്ടു നിരത്തുകയാണ് ഇവിടെ. ഇടവം വന്ന് പടഹധ്വനി മുഴക്കും. ഉടനടി വിണ്ണിൽ അരങ്ങ് ഒരുങ്ങുകയായി. മിന്നൽക്കൊടി അഴകോടെ കൂത്ത് നടിക്കാനായി എത്തും. ആകെക്കൂടി ആനന്ദകരമായ അവസ്ഥയാണവിടെ.

17. കന്നട ധാത്രീ; ഖിന്നതയുണ്ടാം
നിന്നെപ്പിരിവതി, നെന്നാലും

അല്ലെങ്കിൽ

18. അന്നം നല്കിന നിന്നുടെ കരുണയെ
നന്ദിച്ചീടാമെന്നാളും

കവി തങ്ങൾ ഒന്നര നൂറ്റാണ്ടായി വസിച്ചിരുന്ന കർണാടക മാതാവിനോട് യാത്ര ചോദിക്കുന്നു. വിട്ടുപിരിയുന്നതിൽ ദുഃഖമുണ്ട്. ഇത്രയും കാലം കരുണയോടെ അന്നം തന്നു വളർത്തിയതിന് കൃതജ്ഞതയുണ്ട്.

19. ''കേരളജനനീ, പരജനഭരണ–
ക്രൂരപിശാചിൻ കൈ നമ്മെ
പാരമകറ്റിപ്പാഴ്മറയിടവേ
നിന്നെ മറന്നൂ നാമമ്മേ,
പരരുടെ വീട്ടിൽ ച്ചെന്നിത, കേറി,
നിരവധി ദാസ്യച്ചുമടുകൾ പേറി;
വരഗുണ സംസ്കാരാദികൾ മാറി;
വിരഹവിഷാദാൽ ഹൃദയം നീറി.''

സ്വന്തം സംസ്കാരത്തിൽ നിന്നും അധികാരികളുടെ ത്‌ലാപര്യവും സമ്മർദ്ധവും മൂലം പിരിഞ്ഞുകഴിയേണ്ടിവന്നവരുടെ വേദന കവി പകർത്തിവെയ്ക്കുന്നു ഈ വരികളിൽ. അന്യരുടെ ഗേഹത്തിൽ അടിമപ്പണിയാണ് വിധിക്കപ്പെട്ടത്. സ്വന്തം പെറ്റമ്മ പോലും മറന്നു കളയാവുന്ന അന്തരീക്ഷത്തിൽപ്പെട്ട് നട്ടം തിരിയുന്ന, ഹൃദയം നീറുന്ന വിഭാഗമാണ് ഇത്തരം രാഷ്ട്രീയ തീരുമാനങ്ങളിൽ പ്രയാസം അനുഭവിക്കുന്നത്.

**ഉപന്യാസം തയ്യാറാക്കുക**

1. 'വിടവാങ്ങൽ' എന്ന കവിതയുടെ ചരിത്രപ്രമേയം എന്ത് ?
2. മഹാകവി ടി.ഉബൈദിന്റെ ജീവിതവും കവിതകളും മലയാള കവിതാ ചരിത്രത്തിലെ ശ്രദ്ധേയമായ അദ്ധ്യായങ്ങളാണ് – ചർച്ച ചെയ്യുക.
3. അന്യ നാട്ടുകാരെപ്പോലും മലയാളത്തിലേയ്ക്ക് ക്ഷണിയ്ക്കാൻ പോന്ന സാംസ്കാരിക വിഭവങ്ങൾ കേരളത്തിൽ ഏറെ ഉണ്ടെന്ന് 'വിടവാങ്ങൽ' സമർത്ഥിക്കുന്നതെങ്ങനെ?

# നങ്ങേമക്കുട്ടി

## ഒളപ്പമണ്ണ

1. ഒളപ്പമണ്ണയുടെ മുഴുവൻ നാമധേയമെന്ത് ?
   ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി
2. ഒളപ്പമണ്ണയുടെ ജീവിതകാലം ?
   1923–2000
3. ഒളപ്പമണ്ണ ജനിച്ചത് എന്ന് ?
   1923 ജനുവരി 10 ന്
4. ഒളപ്പമണ്ണ ജനിച്ചത് എവിടെ?
   പാലക്കാട് ജില്ലയിലെ ചേർപ്പുളശ്ശേരിക്കടുത്ത് വെള്ളിനേഴി ഗ്രാമത്തിൽ
5. ഒളപ്പമണ്ണയുടെ കൃതികൾ ഏതെല്ലാം ?
   വീണ, കല്പന, കിലുങ്ങുന്ന കയ്യാമം, അശരീരികൾ, ഇലത്താളം, കുളമ്പടി, തീത്തൈലം, പാഞ്ചാലി, കഥ, കവിതകൾ, നങ്ങേമക്കുട്ടി, ആനമുത്ത്, അംബ, സുഫല, ദുഃഖമാവുക സുഖം, നിഴലാന, ജാലകപക്ഷി, വരിനെല്ല്, ഒലിച്ചുപോകുന്ന ഞാൻ, ഏകീസൂനരി, റബ്ബർ വൈഫും മറ്റു കവിതകളും
6. തിരുവിതാംകൂർ ദിവാൻ സർ.സി.പി.യ്ക്ക് എതിരെ സ്വന്തമായെഴുതിയ പാട്ടും പാടി വിദ്യാർത്ഥികളുമായി തിരുവിതാംകൂറിലേയ്ക്ക് നയിച്ച സ്വാതന്ത്ര്യപ്രേമി ആയ കവി?
   ഒളപ്പമണ്ണ
7. ഒളപ്പമണ്ണയുടെ കാവ്യ പ്രതിഭയെ സ്വാധീനിച്ച മഹാകവി?
   വള്ളത്തോൾ
8. ഒളപ്പമണ്ണ കവിതകളിലെ പ്രധാന കവിശേഷതകൾ?
   അനുഭവ തിക്ഷ്ണത, മിതവാഗ്മിത്വം, ധ്യാന്യാത്മകത, ഋജുത്വം, നാടൻശീലുകളും പ്രയോഗങ്ങളും
9. 1967–ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയത് ?
   കഥാകവിതകൾ
10. 1990–ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി
    നിഴലാന
11. ഒളപ്പമണ്ണ അന്തരിച്ചത് ?
    2000 ഏപ്രിൽ 10ന്
12. ''ഇദ്ദേഹം (ഒളപ്പമണ്ണ) അനന്യയനാവുന്നത് ഈ വക അവശവും അനാഥവുമായ ജീവിതങ്ങളുടെ ആഖ്യാതാവാകുമ്പോഴത്രേ'' ആരുടെ നിരീക്ഷണം ?
    കെ.പി.ശങ്കരൻ
13. ''കവി ദുഃഖത്തിന്റെ ഒരഗ്നികുണ്ഡം ഒരുക്കിയിരിക്കുകയാണ്. ഏതെല്ലാം ഹൃദയങ്ങളെ അതിൽ ഉരുക്കി എത്രത്തോളം ശുദ്ധീകരിക്കാം എന്നു മാത്രമാണ് കവിയ്ക്ക് ഉത്കണ്ഠ. അതുവിട്ട് ആവിഷ്ടനെ, വാചാലനോ ആവാൻ അദ്ദേഹം ഉത്സുകനല്ല. ഇങ്ങനെ

ഒരു പ്രമേയം കൈകാര്യം ചെയ്യുമ്പോൾ പോലും ഇത്ര സൂക്ഷ്മവും സുശിക്ഷിതവുമായ നിയന്ത്രണം: ഇതു മലയാള കവിതയിൽ അപൂർവ്വമായ ഒരനുഭവമത്രേ.'' ആരുടെ അഭിപ്രായമാണ് ഇത് ? ഏതു കൃതിയെക്കുറിച്ചാണ് പരാമർശം ?

'നങ്ങേമക്കുട്ടി'യെ പരാമർശിച്ച് കെ.പി.ശങ്കരൻ നടത്തിയ പ്രസ്താവന.

14. ''വിശ്വസിക്കാൻ മടിക്കുന്നൂ
വെള്ളെഴുത്താർന്ന കണ്ണിനെ:
വിശ്വസിക്കുവതെങ്ങനെ?'' വിശ്വസിക്കാനാവാത്ത കാര്യം എന്ത് ?

നങ്ങേമക്കുട്ടി ഗർഭിണിയാണെന്ന വസ്തുത ആദ്യം കണ്ടറിഞ്ഞ വേലക്കാകരി പാറതിയുടെ അവസ്ഥയാണിത്. തനിയ്ക്ക് തോന്നുന്നതോ അതോ സത്യം തന്നെയോ എന്ന സംശയത്തിലാണ് പാറതി.

15. ''ചുട്ടൊരോട്ടിൻ പുറത്താദ്യ–
മാരിതൻ തുള്ളി പോലവേ
ഇറ്റി വീഴുന്നു വാക്കുകൾ'' ആരുടെ വാക്കുകൾ? എന്തായിരുന്നു കേട്ടത് ?

പ്രസവസമയത്ത് അബോധാവസ്ഥയിലായ നങ്ങേമയെ അതുവഴി വന്ന യാത്രക്കാർ ആശുപത്രിയിലെത്തിക്കുന്നു. ബോധം തെളിഞ്ഞപ്പോൾ താൻ ആശുപത്രിയിലാണെന്ന കാര്യം മനസ്സിലാക്കിയ നങ്ങേമയോട് ഒരു ആൺകുഞ്ഞാണ് അവൾക്ക് പിറന്നതെന്ന് പരിചാരിക അറിയിക്കുന്നു. പ്രസ്തുത വാക്കുകളാണ് മാരിനീർതുള്ളിപോലെ അവൾ കേട്ടത്.

16. ''കരയാൻ വേണ്ടയാണല്ലോ
കുഞ്ഞേ, പിറവി ഭൂമിയിൽ;
നിനക്കുമറിയാം കഥ ! '' സന്ദർഭമേത് ?

പിറവിയെടുത്ത മകനോട് നങ്ങേമയുടെ ഭാഷണമാണിത്. ഗതകാല സ്മരണകളുടെ തിരതല്ലൽ സഹിച്ച് കൊണ്ട് തന്റെ ജീവിത ഗതിവിഗതികൾ അയവിറക്കുകയാണ് നങ്ങേമ.

17. ''പെറ്റമ്മയായ നങ്ങേമേ,
കൈക്കുഞ്ഞുണ്ടായ കാരണം
കയ്യില്ലാത്തവളല്ലി നീ ?'' വിവക്ഷ എന്ത് ?

കുഞ്ഞ് ജനിച്ചതോടെയാണ് തന്റെ അനാഥത്വവും അബലത്വവും നങ്ങേമ ശരിക്കും തിരിച്ചറിഞ്ഞത്; ഇനി കൈവീശി നടക്കാനാവില്ല. കുഞ്ഞിന്റെ സംരക്ഷണത്തിനായി താൻ പാടുപെടേണ്ടി വരും. ഒരിടത്ത് ഇരിക്കുക പോലും ചെയ്യാതെ അലയുന്ന കാരണം കുട്ടിയ്ക്ക് കിടക്കാൻ അമ്മയുടെ മടിത്തട്ടുപോലും സ്വസ്ഥമായി ലഭിക്കുന്നില്ല.

18. ''ഉറങ്ങാത്തവരല്ലെങ്കി–
ലുണരാത്തവരാണവർ'' ആര്?

നങ്ങേമയെ പുറത്തിറക്കിവിട്ട അച്ഛനമ്മമാർ

19. ''കുഴിയിൽക്കുഴിയിൽത്തങ്ങും

വെള്ളം പോലവരിങ്ങനെ
മച്ചകത്തു മയങ്ങവേ'' ആര് ?
നങ്ങേമയുടെ അച്ഛനമ്മമാർ

20. ''കൂറ്റനാമണപ്പൊട്ടുമ്പോൾ–
ക്കെട്ടുകല്ലെന്ന മാതിരി,
തെറിച്ചാരച്ഛനമ്മമാർ'' – എന്തായിരുന്നു കാരണം ?

രാത്രിയിൽ വീട്ടുകോലായിൽ നങ്ങേമ ഉപേക്ഷിച്ചുപോയ കുട്ടിയുടെ ഉച്ചത്തിലുള്ള കരച്ചിൽ കേട്ട് അച്ഛനമ്മമാർ ഉണരുന്നു.

21. ''ഇന്നെങ്കിലും തെളിഞ്ഞാവൂ,
നീളാവും നിന്നിലെത്തിരി,
ഇല്ലത്തെക്കമ്പി റാന്തലോ?'' സാരസ്യമെഴുതുക ?

നങ്ങേമയെ പടിയടച്ചു പിണ്ഡം വെച്ച ഇല്ലമാണ്. നിസ്സഹായനായ കുഞ്ഞിനെ ദയവ് കരുതി ആ ഇല്ലം സ്വീകരിക്കേണ്ടതുണ്ട്. അതിനായി തിരി തെളിഞ്ഞ്, നീണ്ട് വരട്ടെ എന്ന് കവി ആശ്വസിക്കുന്നു.

22. ''ഇരുട്ടിൽത്താണു പോയ്ബ്ഭൂമി
വെള്ളത്തിൽക്കുടമെന്ന പോൽ'' സന്ദർഭം ഏത് ?

കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഞെട്ടിയുണർന്ന അച്ഛനമ്മമാർ നങ്ങേമയേയും കുഞ്ഞിനേയും സ്വീകരിക്കാനായി ഇല്ലത്തിന്റെ ഉമ്മറവാതിൽ തുറക്കുന്നു. പക്ഷേ നങ്ങേമയെ അവിടെയെങ്ങും കാണാനായില്ല.

23. ഒളപ്പമണ്ണയുടെ നങ്ങേമക്കുട്ടി എന്ന കാവ്യത്തിന്റെ വൃത്തം?

ഗായത്രി വൃത്തത്തിൽ (അനുഷ്ടുപ്പ്)

24. ''അല്ലെങ്കിലെഴുതപ്പെട്ട–
തല്ലീ നിൻ മുഖമോമനേ,
മനസ്സിൻ തലവാചകം? '' വിവക്ഷ എന്ത് ?

താൻ ഗർഭിണി ആണെന്ന കാര്യം മറ്റുള്ളവരിൽ നിന്ന് ഒളിപ്പിക്കാനുള്ള നങ്ങേമക്കുട്ടിയുടെ പാഴ്ശ്രമത്തെ പാറതി പരാമർശിക്കുന്നതാണ് ഇവിടെ വിവക്ഷ.

25. ''പക്ഷേ, വീഴാതെ നില്ക്കുന്നു
നാത്തുമ്പത്തുള്ള വാചകം,
നാളത്തിൽ സ്നേഹബിന്ദുപോൽ'' എന്താണ് പറയാനുള്ള വാചകം?

നങ്ങേമക്കുട്ടി ഗർഭിണിയാണെന്ന കാര്യം അവളുടെ അമ്മയായ തമ്പുരാട്ടിയെ അറിയിക്കാൻ പാറതി ശ്രമിക്കുന്നു. എന്നാൽ നങ്ങേമയോടുള്ള വാത്സല്യം കാരണം അതിനു മുതിരണോ എന്ന് സംശയിക്കുന്നു.

26. ''കൈതെറ്റി വീണുപോം കുപ്പി–
പ്പാത്രം പോലൊരു വാചകം.'' സന്ദർഭം ഏത്?

അമ്മത്തമ്പുരാട്ടിയുടെ നിർബന്ധം മൂലം നങ്ങേമക്കുട്ടിയെ സംബന്ധിച്ച കാര്യം വേലക്കാരി പാറതി പറയുന്നു.

27. ''പിന്നെയും പലതും കേട്ടാ–
ഉമ്മ; കല്പട കേറിനാൾ,
അചേതന, മചേതനം'' – സന്ദർഭം എന്ത് ?

നങ്ങേമക്കുട്ടിയെ സംബന്ധിച്ച രഹസ്യം പാറതിയിൽ നിന്നും അമ്മത്തമ്പുരാട്ടി കേൾക്കുന്നു. കേട്ടകാര്യത്തിൽ അമ്പരപ്പും ഞെട്ടലും ഉണ്ടായ അമ്മയുടെ അവസ്ഥ യാണ് കവി അവതരിപ്പിക്കുന്നത്.

28. ''ശ്രീലകത്തന്നു നേദിച്ചീ–
ലന്നു കോതീലകുന്തളം–
ഇതോ നേദിച്ചതിൻ ഫലം?'' സന്ദർഭം എന്ത് ?

നങ്ങേമക്കുട്ടിക്കു സംഭവിച്ച അരുതായ്മകൾ കേട്ട അമ്മയുടെ അവസ്ഥകൾ അവ തരിപ്പിക്കുന്നു; കവി ഒന്നിലും താത്പര്യമില്ലാതെയും ദിനചര്യകൾ പാലിക്കാതെയും ചിട്ടകളിലും അനുഷ്ഠാനങ്ങളിലും മടുപ്പുതോന്നിയും അവർ പെരുമാറുന്നു.

29. ''നാണത്താൽച്ചെറുതായ്ത്താനാ–
ക്കൈവെള്ളയിലൊതുങ്ങിടും,
ചെറുനാരങ്ങപോലവേ.'' സന്ദർഭം ഏത്?

താൻ തൊട്ടാൽ ശുദ്ധം പോകും എന്ന നങ്ങേമയുടെ ധാരണ അറിഞ്ഞപ്പോൾ, മനുഷ്യർ തമ്മിൽ തൊട്ടാൽ അശുദ്ധിയോ എന്ന് ട്യൂഷൻ മാസ്റ്റർ പരിഹസിക്കുന്നു. ആ നേരം നങ്ങേമ നാണിച്ചുപോകുന്നതാണ് സന്ദർഭം.

30. ''നങ്ങേമേ, നിന്നെ ഞാനിട്ടു–
പോമോയിക്കെട്ട ഭൂമിയിൽ ?
പോരുകെൻ കൂടെ, യോമനേ! '' ആരാണ് ഈ അഭ്യർത്ഥന നടത്തുന്നത് ? സാഹ ചര്യം ഏത്?

നങ്ങേമയുടെ ട്യൂഷൻ മാസ്റ്റർ അവളുടെ അവസ്ഥ അറിഞ്ഞപ്പോൾ തന്റെ കൂടെ പോരാൻ ക്ഷണിക്കുന്നു. പക്ഷേ, അച്ഛനമ്മമാരെ വിട്ടുപിരിയാൻ മനസ്സില്ലാത്ത നങ്ങേമ ആ ക്ഷണം നിരസിക്കുകയാണ് ഉണ്ടായത്.

31. ''കാട്ടുതീപോലെയിക്കഥ
കാറ്റടിച്ചു പടർന്നിടും.'' ഏതു കഥ ?
നങ്ങേമക്കുട്ടിക്ക് സംഭവിച്ച അരുതായ്മ.

32. കാമുകന്റെ ക്ഷണം നിരസിക്കാൻ നങ്ങേമക്കുട്ടി തീരുമാനിച്ചതെന്തുകൊണ്ട് ?

തന്നോട് ഇത്രയും കാലം ഒരു മറുവാക്കോതാതെ പ്രാണനായ് കരുതുന്ന അച്ഛനെയും ശുണ്ഠിവന്നാൽ പോലും സ്നേഹപൂർവ്വം പെരുമാറുകയും കുട്ടിക്കാലത്ത് ഉറക്കത്തിൽ പോലും തന്നെക്കുറിച്ച് ജാഗ്രത പാലിക്കുകയും ചെയ്തി രുന്ന അമ്മയെയും വിട്ടുപിരിയാൻ നങ്ങേമയ്ക്കാവില്ല. കൂടാതെ ദുഃഖാന്ധയായി, ലോകത്തിൽ വിശ്വാസം നഷ്ടപ്പെട്ടവളായി മാറിയ നങ്ങേമ; പുരുഷന്മാരുടെ നേരമ്പോക്കായ തീക്കളിയാണിത്തരം സംഭവങ്ങളെന്നും അതിൽ ഒരു രോമം പോലും കരിയാതെ രക്ഷപ്പെടാൻ അവർക്കാകുമെന്നും വിശ്വസിച്ച് ഒരു നിമിഷം കാമുകന് എതിരാവുകയും ചെയ്യുന്നു.

33. ''പുറത്തുകാട്ടുവാൻ വയ്യാ,–
തെളിയിക്കാനരുതാതെയും
മകളിൽ ഗർഭമെന്നപോൽ;'' – വിവരിക്കുക

നങ്ങേമയോടുള്ള അതിരറ്റ വാത്സല്യം കാരണം അച്ഛന്റെ ദുഃഖവും കോപവും അടക്കാനാവാത്ത നിലയിലാണ്. അത് പുറത്തു കാണിക്കാതെ നടക്കാനാവുന്നില്ല. അനുദിനം വളർച്ച പ്രാപിക്കുന്ന മകളുടെ ഗർഭം പോലെയാണ് അദ്ദേഹത്തിന്റെ വികാര ഭാവങ്ങളും.

34. ''ജീവിതം മുഴുവൻ നിങ്ങൾ
കരഞ്ഞീടണമിങ്ങനെ! '' ആരാണ് ജീവിതം മുഴുവൻ കരയാൻ വിധിക്കപ്പെട്ടത്? എന്താണ് കാരണം ?

ഗർഭിണിയായ നങ്ങേമക്കുട്ടിയെ വീട്ടിൽ നിന്ന് ഇറക്കിവിട്ടതിന് അവളുടെ അച്ഛനമ്മമാരാണ് ഇപ്രകാരം കരയാൻ വിധിക്കപ്പെട്ടത്.

35. ''എത്ര മുങ്ങിക്കുളിച്ചാലും
ചുട്ട കണ്ണീരി, ലൂഴിയിൽ
എന്നെന്നും നിങ്ങൾ പാപികൾ'' ആലെക്കുറിച്ചാണ് പരാമർശം? എന്താണ് കാരണം?

ഗർഭിണിയായ മകളെ അനാഥയായി അലയാൻ ആട്ടിവിട്ട മാതാപിതാക്കളെക്കുറിച്ചാണ് പരാമർശം.

36. ''തഴുതിട്ടു കിടക്കുന്നി–
തുമ്മറക്കതകിപ്പോഴും!
മകളേ, പിൻമടങ്ങുക.'' – സന്ദർഭം എഴുതുക ?

വീട്ടിൽ നിന്നും ബഹിഷ്കൃതയായ നങ്ങേമക്കുട്ടി വീട്ടു പടിക്കൽ നിൽക്കുന്നു. ഗർഭിണിയായ അവളെ സ്വീകരിക്കാൻ ആരുമെത്തിയില്ല.

37. ''നങ്ങേമേ! വിളി പൊങ്ങുന്നി,–
തില്ലത്തിൽ ഭിത്തികൂടിയും
ഞെട്ടിപ്പോകുന്ന മാതിരി'' – ആരാണ് ഇത്തരത്തിൽ വിളിച്ചത് ?

നങ്ങേമയുടെ അച്ഛൻ

38. ''പൊറുതിക്കേടിനാൽത്താത–
നലറീ പുലി പോലവേ
ദുഃഖത്തിൻ കൂട്ടിലെപ്പുലി! '' ഈ വരികളുടെ സാരസ്യമെന്ത് ?

സ്നേഹനിധിയായി കൊണ്ടു നടന്ന നങ്ങേമയ്ക്കു സംഭവിച്ച ദുർവിധി അവളുടെ അച്ഛനെ തകർത്തു കളയുന്നു. ഒരേ സമയം കോപവും ദുഃഖവും അനുഭവിക്കേണ്ടി വരുന്ന അച്ഛന്റെ ഹൃദയവികാരത്തെ കവി മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു.

39. ''കണ്ണുതാൻ പൊത്തിയിട്ടെന്തേ?
കണ്ണീരാണ്ട ഹൃദന്തരേ
വന്നാനാ യുവ കോമളൻ:'' ആരെക്കുറിച്ചാണ് ഇവിടെ പരാമർശം ?

നങ്ങേമക്കുട്ടിയുടെ ട്യൂഷൻ മാസ്റ്ററെക്കുറിച്ച്

40. ''കറുക്കാത്ത മുഖം, പാർക്കി-
ലാരുമിഷ്ടപ്പെടുന്നവൻ;
മഹാസംഭാഷണപ്രിയൻ!'' ആര് ?

നങ്ങേമയുടെ ട്യൂഷൻ മാസ്റ്റർ

41. ''ഞെട്ടിപ്പോയാദ്യമാദ്യം താ-
നദ്ദേഹം തൊട്ടുപോകവേ,'' അദ്ദേഹം തൊട്ടപ്പോൾ നങ്ങേമ ഞെട്ടിയതിനു കാരണം?

ശുദ്ധേ മാറുമോ എന്ന ഭയം കൊണ്ട്

42. ''പൊട്ടിക്കാളി മനുഷ്യന്മാർ
തമ്മിൽത്തൊട്ടാലശുദ്ധിയോ?'' ആരുടെ വാക്കുകൾ ?
നങ്ങേമക്കുട്ടിയുടെ ട്യൂഷൻ മാസ്റ്ററുടെ

43. ''നടന്നാലും നടന്നാലും
നിന്നു പോകുന്ന ജീവിതം
ഇല്ല ചെല്ലേണ്ടതാമിടം.
മുന്നിലും പിന്നിലും പാത
മാത്രമായൊരു ഭൂമിയിൽ
ലക്ഷ്യം താൻ വീണുപോമിടം'' ആരുടെ അവസ്ഥയാണിത് ?

അച്ഛനമ്മമാരാൽ ബഹിഷ്കൃതയായ നങ്ങേമ സഹായത്തിനാരുമില്ലാതെ അലയുന്നു. പൂർണ്ണ ഗർഭിണിയായ അവളുടെ ദാരുണമായ അവസ്ഥ ആണ് ഈ വരികളിൽ തെളിയുന്നത്.

44. ''ഹാ ഹന്ത തൂങ്ങി നിൽക്കുന്നൂ,
തൂങ്ങി നില്ക്കുന്നതോമന
എന്നിട്ടും പ്രാണ വള്ളിയിൽ ! '' സന്ദർഭം എന്ത് ?

ജീവിതാനുഭവങ്ങൾ സമ്മാനിച്ച തീക്ഷ്ണതയിൽപെട്ട് നങ്ങേമ ഉരുകുന്നു. കുഞ്ഞിനെക്കുറിച്ചുള്ള ചിന്ത അവളെ ചുട്ടുപൊള്ളിക്കുന്നു. പോരാത്തതിന് ചുടുകണ്ണീരിൽ അവളാകെ വെന്തുപോകുന്നു. എന്നിട്ടും കുഞ്ഞ് അവ കൂസാതെ ജനനം കൊതിച്ച് കഴിയുന്നു.

45. ''തീ പിടിച്ച വെളിച്ചെണ്ണ
പോലെ നങ്ങേമ നിന്നുപോയ്,
തീയൂരാനാരുമെന്നിയേ !'' വിവരിക്കുക ?

പൂർണ്ണഗർഭിണിയായ നങ്ങേമ കുഞ്ഞിന്റെ പിറവി സമയത്ത് പ്രയാസപ്പെടുന്നു. ആരും കൂട്ടിനില്ലാത്ത അവളുടെ അന്നേരത്തെ അവസ്ഥയാണ് കവി വികാകര സാന്ദ്രമായി അവതരിപ്പിക്കുന്നത്.

46. ''ജീവചേതന തീ കത്തി-
ക്കഴിയും തിരിയായവൾ
തന്നെത്താങ്ങിത്തളർന്നവൾ!''

വിശദീകരിക്കുക?

പ്രസവസമയത്തെ പ്രയാസങ്ങൾ മൂലം നങ്ങേമ ബോധം കെട്ട് റോട്ടിൽ കിടക്കുന്നു. ആ സമയം അതുവഴി വന്ന യാത്രക്കാർ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു.

47. ''ഞെട്ടിപ്പോയാദ്യമാദ്യം താ–
നദ്ദേഹം തൊട്ടുപോകവേ,
ശുദ്ധം മാറുന്ന ഭീതിയാൽ'' – സന്ദർഭം ഏത് ?

ട്യൂഷൻ മാസ്റ്ററുമായുള്ള പ്രേമം ഉള്ളിലുള്ള ആദ്യ കാലത്ത് നങ്ങേമയ്ക്ക് തോന്നിയത്.

48. ''ചിലനാൾ പുസ്തകത്തിന്റെ
താളുപോലെ മറിഞ്ഞുപോയ്
കാറ്റത്തിട്ടൊരു പുസ്തകം'' – സന്ദർഭവും ആശയവും വിവരിക്കുക?

49. ഒളപ്പമണ്ണക്കവിതകളുടെ രണ്ടു ഗുണവിശേഷങ്ങൾ എഴുതുക ?

ഒരിക്കലും അമിതമാവാത്ത ഭാവങ്ങൾ കൊണ്ടുള്ള ചമത്കാരവും വ്യഥാസ്ഥൂലതാ രാഹിത്യവും.

50. ഒളപ്പമണ്ണയുടെ പ്രധാനകൃതികൾ ഏതെല്ലാം?

വീണ, കല്പന, കിലുങ്ങുന്ന കയ്യാമം, റബ്ബർ വൈഫും മറ്റു കവിതകളും, തീത്തൈലം, സുഫല, കുളമ്പടി, ഇലത്താളം, അശരീരികൾ, പാഞ്ചാലി, കഥാകവിതകൾ, നങ്ങേമക്കുട്ടി, ആനമുത്ത്, അംബ, ദുഃഖമാവുക സുഖം, നിഴലാന, ജാലകപക്ഷി, വരിനെല്ല്.

## ഉപന്യസിക്കുക (300 വാക്കിൽ കവിയരുത്)

1. ഒരു നാടകീയ കാവ്യത്തിന്റെ ഉത്തമ നിദർശനം 'നങ്ങേമക്കുട്ടി'യിൽ കാണാം – ചർച്ച ചെയ്യുക
2. ഭാവരൂപപ്പൊരുത്തം സമർത്ഥമായി സാധിച്ചെടുത്ത കൃതിയാണ് 'നങ്ങേമക്കുട്ടി' –വിശദമാക്കുക.
3. 'നങ്ങേമക്കുട്ടി'യിൽ കവി പ്രയോഗിച്ച ബിംബാവലികളുടെ ഔചിത്യം പരിശോധിക്കുക.
4. 'നങ്ങേമക്കുട്ടി'യുടെ സാമൂഹ്യ പ്രസക്തി എന്ത് ?
5. നാടൻപ്രയോഗങ്ങൾ സമർത്ഥമായി ഉപയോഗപ്പെടുത്തിയിട്ടുള്ള കൃതിയാണ് ഒളപ്പമണ്ണയുടെ 'നങ്ങേമക്കുട്ടി' പരിശോധിക്കുക.
6. 'നങ്ങേമക്കുട്ടി'യിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
7. നങ്ങേമക്കുട്ടി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
8. നങ്ങേമയെ പടിക്കു പുറത്താക്കിയ ശേഷമുള്ള ഇല്ലത്തിന്റെ അവസ്ഥ വിവരിക്കുക
9. ഒളപ്പമണ്ണയുടെ കാവ്യരീതി 'നങ്ങേമക്കുട്ടി'യെ മുൻ നിർത്തി പരിശോധിക്കുക.
10. 'നങ്ങേമക്കുട്ടി'യിൽ മിന്നി മറയുന്ന ചെറുകഥാപാത്രങ്ങൾക്കുപോലും കവിതയിൽ പ്രസക്തി ഉണ്ട്. പരിശോധിക്കുക.
11. ഒളപ്പമണ്ണ പുരോഗമന പക്ഷത്തുനിന്ന് രചന നിർവഹിച്ച കവിയാണ് – വിവരിക്കുക.

**********************

# കരുണ

**–കുമാരനാശാൻ**

## ഖണ്ഡകാവ്യപ്രസ്ഥാനം

1. കാവ്യ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ കാവ്യങ്ങൾ എത്രവിധം?

    രണ്ട് വിധം. 1. പ്രബന്ധകാവ്യം 2. മുക്തകാവ്യം

2. പ്രബന്ധകാവ്യത്തിനു ഉദാഹരണങ്ങൾ എഴുതുക

    മഹാകാവ്യവും ഖണ്ഡകാവ്യവും

3. സംസ്കൃതസാഹിത്യത്തിൽ ഖണ്ഡകാവ്യം എത്ര തരം?

    രണ്ട് തരം.

    1) സ്തോത്രകാവ്യം അഥവാ ഭക്തി കാവ്യം

    2) ശൃംഗാരകാവ്യം അഥവാ സന്ദേശകാവ്യം

4. പാശ്ചാത്യ സാഹിത്യത്തിൽ ഖണ്ഡകാവ്യങ്ങൾ എത്രവിധം ?

    രണ്ട് വിധം

    1) വസ്തുനിഷ്ഠ ഖണ്ഡകാവ്യം (Subjective)

    2) ആത്മനിഷ്ഠ ഖണ്ഡകാവ്യം (Objective)

5. ആധുനിക ഖണ്ഡകാവ്യങ്ങളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം ?

    നാടകീയവും കാവ്യാത്മകവുമായ പ്രതിപാദ്യം, ഭാവതീവ്രതയും ഭാവനാത്മകതയും രൂപസരളത നിറഞ്ഞതുമായ പ്രതിപാദനം, സമുചിതഭാവ ലാവണ്യമുള്ള അലങ്കാര പ്രയോഗം, സാമാന്യമായി കാല്പനിക സ്വഭാവം പ്രകടിപ്പിക്കുന്ന കാവ്യാന്തരീക്ഷം.

6. ഖണ്ഡകാവ്യങ്ങളുടെ ആധുനികരൂപമായി പരിഗണിക്കപ്പെടുന്ന മലയാളകൃതി ?

    മലയവിലാസം (ഏ.ആർ.രാജരാജവർമ്മ–1895)

7. ലക്ഷണമൊത്ത ആദ്യ ഖണ്ഡകാവ്യം എന്ന് ഒരു പറ്റം വിമർശകർ പരിഗണിക്കുന്ന കൃതി ?

    വീണപൂവ്

8. കുമാരനാശാൻ ജനിച്ചത് എന്ന് ?

    1873 ഏപ്രിൽ 12ന്

9. കുട്ടിക്കാലത്ത് കുമാരനാശാൻ വിളിക്കപ്പെട്ടിരുന്നത് ?

    കുമാരു എന്ന്

10. ആശാൻ ജനിച്ചത് എവിടെ ?

    തിരുവനന്തപുരം ജില്ലയിൽ കായിക്കരയിൽ

11. ആശാന്റെ പ്രധാന കൃതികൾ ഏതെല്ലാം ?

    വീണപൂവ്. നളിനി, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, പ്രരോദനം, ഗ്രാമവൃക്ഷത്തിലെ കുയിൽ, ദുരവസ്ഥ, ശ്രീബുദ്ധചരിതം, കരുണ, മണിമാല, വനമാല, പുഷ്പവാടി, നവമാലിക, വിചിത്രവിജയം (നാടകം), ശങ്കരശതകം, സുബ്രഹ്മണ്യശതകം, സൗന്ദര്യ ലഹരി (തർജ്ജമ), മേഘസന്ദേശം (തർജ്ജമ), മൈത്രേയി, നിരൂപണങ്ങൾ, രാജയോഗം, മനശ്ശക്തി (ഗദ്യകൃതികൾ). കൂടാതെ പതിമൂന്നു സ്തോത്രകൃതികളും രചിച്ചിട്ടുണ്ട്.

12. ‘കരുണ’യിലെ പ്രമേയം എന്ത് ?

വാസവദത്ത എന്ന വാരസുന്ദരിക്ക് ബുദ്ധശിഷ്യനായ ഉപഗുപ്തനോടു തോന്നുന്ന ആസക്തി.

13. കുമാരനാശാൻ മരണമടഞ്ഞത് എങ്ങനെ ?

1924 ജനുവരി 16–ന് ആലപ്പുഴയിലെ പല്ലനയാറ്റിൽ ഉണ്ടായ ബോട്ട് അപകടത്തിലാണ് ആശാൻ മരണപ്പെട്ടത്.

14. ചിന്നസ്വാമി എന്ന പേരിൽ അറിയപ്പെട്ട കവി ?

കുമാരനാശാൻ

15. ഏതു പത്രത്തിന്റെ സ്ഥാപക പത്രാധിപരായിരുന്നു കുമാരനാശാൻ?

വിവേകോദയം

16. 1922–ൽ കേരളത്തിലെ മഹാകവി എന്ന നിലയിൽ ഇംഗ്ലണ്ടിലെ വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും സ്വീകരിച്ച കവിയാണ്......................

കുമാരനാശാൻ

17. കുമാരനാശാന്റെ മരണത്തിന് കാരണമായ ബോട്ടിന്റെ പേര് ?

റെഡിമീർ

18. ‘കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി’ ആരെക്കുറിച്ചാണ് പരാമർശം ?

വാസവദത്തയെ

19. ‘‘നിതംബഗുരുതയാൽത്താൻ നിലംവിടാൻ കഴിയാതി–
സ്ഥിതിയിൽത്തങ്ങുമിക്ഷോണീ രംഭ താനത്രേ.’’ വിവക്ഷ എന്ത് ?

സ്വർഗ്ഗലോക സുന്ദരിയായ രംഭയുടെ വാസസ്ഥലം സ്വർഗ്ഗമാണ്. നിതംബഗുരുത്വം കൊണ്ട് (അരക്കെട്ടിന്റെ പിൻഭാഗത്തെ ദുർഭരത്വം കൊണ്ട്) പെട്ടെന്ന് എഴുന്നേറ്റ് മേലോട്ടുപാകാനാവാത്തതിനാൽ വാസവദത്ത ഭൂലോകരംഭ തന്നെ എന്ന് കവി. വാസവദത്തയുടെ സൗന്ദര്യാതിരേകം വർണിക്കുകയാണ് ഈ വരികളിൽ.

20. ‘‘ഫലിച്ചിതോ സഖീ, നിന്റെ പ്രയത്ന വല്ലരി, രസം
കലർന്നിതോ ഫലം, ചൊൽക കനിയായിതോ ?’’ സന്ദർഭം എഴുതുക

ഉപഗുപ്തനടുത്തേക്ക് തന്റെ ഇംഗിത പൂർത്തിക്കായി പറഞ്ഞയച്ച തോഴി തിരികെ വരുന്നു. അവൾ വീട്ടിലേക്ക് കടക്കാനുള്ള കല്പടയിലെത്തിയപ്പോഴേ വാസവദത്ത എന്തായി പോയ കാര്യം എന്ന് അന്വേഷിക്കുന്നു. ഫലം പഴുത്ത് പാകമായോ എന്ന ചോദ്യം ഉപഗുപ്തന്റെ പ്രണയം തനിക്ക് ലഭിക്കുമോ എന്ന വാസവദത്തയുടെ അന്വേഷണ വ്യഗ്രതയാണ് കാണിക്കുന്നത്.

21. വാസവദത്തയുടെ ഇംഗിതപ്രകാരം ഉപഗുപ്തനെ ക്ഷണിക്കാൻ പോയ തോഴി തിരികെ വന്ന് അറിയിച്ചത് എന്ത് ?

അല്ലെങ്കിൽ

22. ‘സമയമായില്ലെ.’ ന്നു താനിപ്പോഴും സ്വാമിനിയവൻ
വിമനസ്സായുരക്കുന്നൂ വിഷമമെന്നവൾ – സന്ദർഭം എന്ത് ?

സുന്ദരിയും സൗഭാഗ്യവതിയുമായ വാസവദത്തയുടെ സാമീപ്യം സർവ്വരും കൊതിക്കുന്നതാണ്. എന്നാൽ വാസവദത്ത കൊതിക്കുന്നത് ഉപഗുപ്തന്റെ സാമീപ്യം ആണ്. അതിനായി തോഴിയെ ഉപഗുപ്ത സമക്ഷത്തിലേയ്ക്ക് അയക്കുന്നു. എന്നാൽ തെല്ലും താത്പര്യമില്ലാതെ ''വരാൻ സമയമായില്ല'' എന്ന് പറഞ്ഞ് അദ്ദേഹം തോഴിയെ തിരിച്ചയക്കുന്നു. ഇത് വളരെ അസാധാരണത്വം നിറഞ്ഞ കാര്യമായി വാസവദത്ത യുടെ തോഴിക്ക് തോന്നുന്നു.

23. ''മട്ടൊഴുകും വാണിയവൾ ചൊല്ലിനാൾ മനമുഴറി–
യൊട്ടു തോഴിയോടായൊട്ടു സ്വഗതമായും'' തോഴിയോടും തന്നോടുമായി വാസവ ദത്ത പറഞ്ഞത് എന്തെല്ലാം?

അല്ലെങ്കിൽ,

24. ''സമയമായില്ല പോലും സമയമായില്ല പോലും
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴി.'' സന്ദർഭം എഴുതുക ?

അല്ലെങ്കിൽ

25. ''വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ട ഭോജ്യങ്ങൾ ഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും''

അല്ലെങ്കിൽ

26. ''അർത്ഥഭാണ്ഡങ്ങൾ തൻ കനം കുറഞ്ഞു പോകുന്നു തോഴി–
യിത്തനു കാന്തി തൻ വിലയിടിഞ്ഞീടുന്നു;
വ്യർത്ഥമായ്ത്തോന്നുന്നു കഷ്ട! മവൻ കാണാതെനിക്കുള്ള
നൃത്ത ഗീതാദികളിലെ നൈപുണി പോലും.'' – ആരുടെ വാക്കുകളാണിത് ? എന്താണ് കാര്യം ?

വാസവദത്തയുടെ അടുത്തേക്ക് വരാൻ അഭ്യർത്ഥിച്ച് തോഴി ഉപഗുപ്തനടുത്തെത്തുന്നു. 'സമയമായില്ല.' എന്ന മറുപടിയോടെ ഉപഗുപ്തൻ അവളെ തിരിച്ചയക്കുന്നു. ഇക്കാര്യം അറിഞ്ഞ വാസവദത്ത കുണ്ഠിതപ്പെടുന്നതാണ് ഈ വരികളിൽ. പാതി തന്നോടും പാതി തോഴിയോടുമെന്ന മട്ടിൽ വാസവദത്ത പറഞ്ഞു തുടങ്ങുന്നു. സമയമായില്ല, സമയമായില്ല എന്ന് അദ്ദേഹം പറഞ്ഞിട്ടെന്ത്? അദ്ദേഹത്തെ കാണാഞ്ഞ് തന്റെ ഹൃദയത്തിൽ ക്ഷമ ഒഴിഞ്ഞിരിക്കുന്നു. കളി വാക്കോതി കബളിപ്പിച്ചു നടക്കുകയാണ് ഭിക്ഷാപാത്രവുമേന്തി നടക്കുന്ന ആ കാമദേവൻ. തനിക്കു സമ്മാനിക്കാൻ പണം കൈയിലില്ലാഞ്ഞും ഗണികസ്ത്രീയാണെന്നും കരുതി അവഗണിക്കുകയാകാം. എന്നാൽ ആ കോമളന്റെ പ്രണയം മാത്രം തനിക്ക് മതി എന്നു താൻ അദ്ദേഹത്തെ അറിയിച്ചില്ലേ? എല്ലാ വിധ സുഖങ്ങളും അധീനത്തിലുള്ള തനിക്ക് ഇത്തരം വശക്കേടുകൾ വരാൻ ഇടയില്ല. ഇനി വന്നാൽ തന്നെയും അത് യുക്തിക്ക് ചേരാത്തതല്ല. വിശപ്പു തീരോളം ഭക്ഷണവിഭവങ്ങൾ കഴിച്ചാലും വിശേഷപ്പെട്ട ഭക്ഷണ സാധനങ്ങൾ കണ്ടാൽ ആരും കൊതിച്ചുപോകും. എത്രയോ ധനപതികൾ തന്റെ കാലിൽ നിത്യവും കനകാഭിഷേകം ചെയ്തു തൊഴുതു നിൽക്കുന്നു. അവരെ കടാക്ഷിക്ഷിക്കാൻ മടി കാണിക്കുന്ന തന്റെ കണ്ണുകൾ ഉപഗുപ്തനെ മാത്രം കാണാൻ

ഉഴറുന്നുവല്ലോ? മനോഹരമായ ശരീരകാന്ദിയുള്ളവർ ഇങ്ങനെ ആയാൽ അതു വല്ലാത്ത കാഠിന്യം തന്നെ. തിളക്കമുള്ള നക്ഷത്രം പോലെ ഭംഗിയോടെ വിടർന്നു നിൽക്കുന്ന ഇലഞ്ഞിപ്പൂമൊട്ട് സൗന്ദര്യമില്ലാതെ കഴിയുമോ? അതോ ബുദ്ധന്റെ ഓരോ കഥയില്ലായ്മകളും കേട്ട് അദ്ദേഹം കുഴങ്ങുന്നുണ്ടാവും. തന്റെ അടുത്തേക്ക് വരാനുള്ള അവസരം അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടാകും. ഉപചാരം അർപ്പിക്കാൻ അദ്ദേഹം അവസരം തരുന്നുണ്ടോ? പ്രണയസൂചന അദ്ദേഹത്തന്റെ വാക്കിൽ സ്ഫുരിക്കുന്നുണ്ടോ? ആരുമില്ലാത്ത സാഹചര്യത്തിലല്ലേ തോഴി തന്റെ ഇംഗിതം അറിയിച്ചത്? തന്റെ വീട്ടിൽ എത്തുകയാണെങ്കിൽ സന്ന്യാസിമാർക്കു ചേർന്ന ആചാരമര്യാദകളോടെ തന്നെ അദ്ദേഹത്തെ താൻ സ്വീകരിക്കും. തന്റെ അടുത്തു നിന്നും അദ്ദേഹത്തിന് ഭിക്ഷ സ്വീകരിക്കാമല്ലോ. അത്രയും നേരം തനിക്ക് അദ്ദേഹത്തിന്റെ മധുരാകൃതി നോക്കി ലയിക്കാമല്ലോ. തന്റെ പണപ്പെട്ടിയുടെ കനം കുറയുന്നു. ശരീരസൗന്ദര്യത്തിന്റെ വിലയിടിഞ്ഞിരിക്കുന്നു. അവൻ കാണാതിരിക്കുന്ന പാട്ടിലും ആട്ടത്തിലും തനിക്ക് തീരെ സാമർത്ഥ്യം പ്രകടിപ്പിക്കാനാവുന്നില്ല തുടങ്ങി തന്റെ നിലവിലെ അവസ്ഥ തോഴിയെ അറിയിക്കുകയാണ് വാസവദത്ത.

26. ''കരപറ്റി നിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ–
ക്കരയന്നപ്പിടപോലെ നടന്നു പോയി''

ഈ വരിയുടെ സാരസ്യം എഴുതുക ?

ഉപഗുപ്ത പ്രണയത്താൽ വേശ്യാവൃത്തി വേണ്ടെന്നു വാസവദത്ത കരുതിയിരുന്നു. എന്നാൽ ആ തീരുമാനത്തിനു മാറ്റം ഉണ്ടാകുന്നു. കുറച്ചുകാലം പരിശുദ്ധ അനുരാഗത്തിനു വിധേയയായി നിന്ന വാസവദത്ത, വീണ്ടും തന്റെ കുലത്തൊഴിലായ വേശ്യാവൃത്തിയിലേക്കു തിരിച്ചുവന്നതിനെ കുറച്ചുനേരം കരപറ്റി വിശ്രമിച്ച ശേഷം വീണ്ടും കുളത്തിലേക്കുതന്നെ തിരികെപ്പോകുന്ന അരയന്നപ്പിടയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

27. ''ഇളം മഞ്ഞ വെയിൽ തട്ടി നിറം മാറി നീലവിണ്ണിൽ
വിളങ്ങുന്ന വെൺമുകിലിൻ നിര കണക്കേ'' കാണപ്പെടുന്നത് എന്താണ് ?

യമുനാനദീ തീരം

28. ''തടിനരയാലതു തലയിൽ തീ കാളും നെടും–
ചുടലഭൂതം കണക്കേ ചലിച്ചുനില്പൂ'' ഈ വരികളിലെ ചമത്ക്കാരമെന്ത് ?

ചുടലയിൽ കാണുന്ന അരയാൽ മരത്തെ തലയിൽ നെരിപ്പോടെരിഞ്ഞുകൊണ്ടിരിക്കുന്ന ചുടലഭൂതത്തോട് ഉൽപ്രേക്ഷിച്ചിരിക്കുന്നു. അലങ്കാരം ഉത്പ്രേക്ഷ.

29. വിടവുകളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന അരയാൽ വേരുകളെ കവി എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് ?

മാളങ്ങളിലേയ്ക്ക് ഇഴഞ്ഞു കയറുന്ന പാമ്പുകളാണോ എന്ന് കവി സംശയിക്കുന്നു.

30. ''ഇക്ഷണം മുങ്ങുമാർക്കോ–
കൈയോകുവാൻ പോന്നെന്നു
തോന്നും ദക്ഷതയും ത്വരയും
ദാക്ഷിണ്യവും കണ്ടാൽ'' – വിവക്ഷ എന്ത് ?

ശരീരത്തിൽ മഞ്ഞ നിറത്തിലുള്ള ചീവരവും (വസ്ത്രം) കൈയിൽ ഭിക്ഷാപാത്രവുമായ നിർവാണ പദത്തിന്ന് അർഹനായ ബുദ്ധ സന്യാസി ചുടുകാട്ടിലേക്ക് കടന്നുവരുന്നു. ഭിക്ഷതേടി ആരും ചുടുകാട്ടിലെത്താറില്ല. ചുടല പൂകാൻ വരുന്നയാൾ പാശുപതനും (ശിവഭക്തനും) അല്ല. പിന്നെ എന്തിന് ചുടികാട്ടിലേയ്ക്ക് വരുന്നു. മുങ്ങിക്കൊണ്ടിരിക്കുന്ന ആർക്കോ ഒരു കൈ കൊടുത്ത് ഉയിർപ്പിക്കാൻ മാത്രം ദയാമനസ്ഥിതിയും സാമർത്ഥ്യവും ത്വരയുമായാണ് അയാൾ വരുന്നത്. ചുടുകാട്ടിൽ ഉപേക്ഷിക്കപ്പെട്ടവളും പ്രയാസം പേറുന്നവളുമായി കിടക്കുന്ന വാസവദത്തയ്ക്ക് ആശ്വാസമേകാൻ എത്തുന്ന ഉപഗുപ്തനെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. പരന്റെ ദുഃഖശമനം ആലോചിച്ചാണ് ശരണത്രയമാകുന്ന ധനത്തോടുകൂടി ബുദ്ധഭിക്ഷുക്കൾ അലഞ്ഞു നടക്കുന്നത്.

31. ''ശരി ശരി! പരദുഃഖശമനമോർത്തല്ലോ മുറ്റും
ശരണത്രയീധനന്മാർ ഭിക്ഷ തെണ്ടുന്നു.
തിരഞ്ഞു രക്ഷ നല്കുന്ന ദേവതകളല്ലോ സാക്ഷാൽ
ധരണിയിൽ നടക്കുമിദ്ധർമ്മദൂതന്മാർ ''

– ആശയവും സന്ദർഭവും എന്ത് ?

ശരീരത്തിൽ മഞ്ഞ നിറത്തിലുള്ള ചീവരവും (വസ്ത്രം) കൈയിൽ ഭിക്ഷാപാത്രവുമായ നിർവാണ പദത്തിന്ന് അർഹനായ ബുദ്ധ സന്യാസി ചുടുകാട്ടിലേക്ക് കടന്നുവരുന്നു. ഭിക്ഷതേടി ആരും ചുടുകാട്ടിലെത്താറില്ല. ചുടല പൂകാൻ വരുന്നയാൾ പാശുപതനും (ശിവഭക്തനും) അല്ല. പിന്നെ എന്തിന് ചുടികാട്ടിലേയ്ക്ക് വരുന്നു. മുങ്ങിക്കൊണ്ടിരിക്കുന്ന ആർക്കോ ഒരു കൈ കൊടുത്ത് ഉയിർപ്പിക്കാൻ മാത്രം ദയാമനസ്ഥിതിയും സാമർത്ഥ്യവും ത്വരയുമായാണ് അയാൾ വരുന്നത്. ചുടുകാട്ടിൽ ഉപേക്ഷിക്കപ്പെട്ടവളും പ്രയാസം പേറുന്നവളുമായി കിടക്കുന്ന വാസവദത്തയ്ക്ക് ആശ്വാസമേകാൻ എത്തുന്ന ഉപഗുപ്തനെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. പരന്റെ ദുഃഖശമനം ആലോചിച്ചാണ് ശരണത്രയമാകുന്ന ധനത്തോടുകൂടി ബുദ്ധഭിക്ഷുക്കൾ അലഞ്ഞു നടക്കുന്നത്.

32. ഉപഗുപ്തന്റെ സാമീപ്യം ഉണ്ടായപ്പോൾ വാസവദത്തയിൽ ഉണ്ടായ വിഭ്രമങ്ങൾ എന്തെല്ലാം ?

ആളുകളാൽ ത്യജിക്കപ്പെട്ട് അപകടാവസ്ഥയിൽ കിടക്കുന്ന വാസവദത്തയ്ക്ക് അടുത്ത് ഉപഗുപ്തൻ എത്തുന്നു. താഴെ പുതച്ചുമൂടി കിടക്കുന്ന തടി വാസവദത്ത തന്നെയാണോ എന്ന് സ്വയം പരിചയപ്പെടുത്തവേ ഉപഗുപ്തൻ അന്വേഷിക്കുന്നു. ഭിക്ഷുവിന്റെ ശബ്ദം കേട്ടപ്പോൾ ആ പിണ്ഡം അനങ്ങാനും സംസാരിക്കാനും ശ്രമി

ക്കുന്നു. ഉപഗുപ്തന്റെ ശബ്ദം മൃതസഞ്ജീവനിയാണോ എന്നും അവന്റെ പേരിലെ നാലക്ഷരം ശക്തി പ്രാപിച്ചതോ എന്നും അവൾ ചിന്തിക്കുന്നു. മരണത്തിന്റെ ഇരുട്ടു നിറഞ്ഞ സമുദ്രത്തിൽ മുങ്ങിയ താൻ വീണ്ടും ഇന്ദ്രിയമാകുന്ന കവാടത്തിൽ മുട്ടുകയാണോ.

33. ''പഴുതേയാണഥവായിപ്പരിഭ്രമമെടോ തോഴി,
കഴിയാ നിനക്കിവന്റെ കണ്ണു മൂടുവാൻ''

ചുടുകാട്ടിൽ വാസവദത്തയെ സന്ദർശിക്കാനെത്തിയ ഉപഗുപ്തനെ കണ്ടപ്പോൾ തോഴി വേഗം വാസവദത്തയ്ക്കുമേൽ മുണ്ടു വലിച്ചിടുന്നു. ഉപഗുപ്തൻ വാസവദത്തയ്ക്കേറ്റ മുറിവുകൾ കാണാതിരിക്കാനാണ് അവൾ ശ്രമിക്കുന്നത്. മരണത്തിലും മഹിളമാർ മാനം മറക്കുകയില്ല. എന്നാൽ അതീവ രഹസ്യമായ ജനനമരണങ്ങളുടെ കാരണങ്ങൾ പോലും സൂക്ഷ്മ ദൃക്ക് ആയ ബുദ്ധസന്യാസി കാണാനാകും അതിനാൽ തോഴിയുടെ പരിഭ്രമത്തോടെയുള്ള ഈ തൊഴിൽ വെറുതെയാണെന്ന് പറയുന്നത്. അവൾക്ക് ഒരിക്കലും ഉപഗുപ്തന്റെ കണ്ണ് മൂടാനാവില്ലല്ലോ.

34. ''മറവിൽ കിടക്കും ജന്മമൃതി കാരണങ്ങൾ പോലു–
മറിയും സൂക്ഷ്മദൃക്കാകുമാർഹതനിവൻ ''

അല്ലെങ്കിൽ

35. ''മൃതിയിലും മഹിളമാർ മറക്കാ മാനം!''

ചുടുകാട്ടിൽ വാസവദത്തയെ സന്ദർശിക്കാനെത്തിയ ഉപഗുപ്തനെ കണ്ടപ്പോൾ തോഴി വേഗം വാസവദത്തയ്ക്കുമേൽ മുണ്ടു വലിച്ചിടുന്നു. ഉപഗുപ്തൻ വാസവദത്തയ്ക്കേറ്റ മുറിവുകൾ കാണാതിരിക്കാനാണ് അവൾ ശ്രമിക്കുന്നത്. മരണത്തിലും മഹിളമാർ മാനം മറക്കുകയില്ല. എന്നാൽ അതീവ രഹസ്യമായ ജനനമരണങ്ങളുടെ കാരണങ്ങൾ പോലും സൂക്ഷ്മ ദൃക്ക് ആയ ബുദ്ധസന്യാസി കാണാനാകും അതിനാൽ തോഴിയുടെ പരിഭ്രമത്തോടെയുള്ള ഈ തൊഴിൽ വെറുതെയാണെന്ന് പറയുന്നത്. അവൾക്ക് ഒരിക്കലും ഉപഗുപ്തന്റെ കണ്ണ് മൂടാനാവില്ലല്ലോ.

36. ''ഹാ! സുഖങ്ങൾ വെറും ജാലം, ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ താണു പോവതും''

സർവാംഗ സുന്ദരിയായ വാസവദത്ത ലോകത്തെ മുഴുവൻ മോഹിപ്പിക്കുന്നവളായിരുന്നു. ഇന്നവളതാ അംഗങ്ങൾ ഛേദിക്കപ്പെട്ട് വിരൂപയായി, ആർക്കും വേണ്ടാത്തവളായി മരണം കാത്തു കിടക്കുന്നു. വിധിയുടെ തുലാസ്സ് താഴുന്നതും പൊങ്ങുന്നതും ആർക്കാണ് പ്രവചിക്കാനാവുക. കുമാരനാശാന്റെ ജീവിതദർശനം വ്യക്തമാക്കുന്ന വരികളാണിവ.

37. ഇലയും കുലയുമരിഞ്ഞിട വെട്ടിമുറിച്ചിട്ട
മലവാഴത്തടിപോലെ മലർന്നടിഞ്ഞൂ!

അംഗവിഛേദം നടത്തപ്പെട്ട വാസവദത്തയെ വർണ്ണിക്കുന്ന സന്ദർഭമാണിത്. ഇലയും കുലയും അരിഞ്ഞെടുത്ത് നടുഭാഗം വെട്ടിമുറിച്ചിട്ട മലവാഴത്തടി കണക്കേ മലർന്നു കിടക്കുകയാണ് കൈകാലുകൾക്ക് ഭംഗം സംഭവിച്ച വാസവദത്ത.

38. ‘‘എന്തിനന്യ വിപത്തുകളഥവാ തേടുന്നു കഷ്ടം!
സ്വന്തവാളാൽ സ്വയം വെട്ടി നശിപ്പൂ മർത്ത്യർ!’’

സുന്ദരിയായ വാസവദത്ത അംഗങ്ങൾ ഛേദിക്കപ്പെട്ട് കിടക്കുന്നു. ആരാണിത് ചെയ്തത്. ധനം മോഹിച്ച് മോഷ്ടിക്കാനെത്തിയവരല്ല. മൂക്കറ്റം കുടിച്ചു ഉന്മത്തരായവർ കലഹത്തിനു വന്നു നടത്തിയ പേക്കൂത്തുമല്ല. ഇങ്ങനെ അന്യ വിപത്തുകൾ നോക്കി തീർപ്പു കല്പിക്കുന്നത് എന്തിന് ? സ്വന്തം വാളാൽ സ്വയം വെട്ടി മരിക്കാനിരിക്കുന്നു മനുഷ്യർ.

39. ‘‘പരിചയം കൊണ്ടു വിട്ടു പിരിയാതയായവൻ, പിന്നെ
പ്പരിചാരികമാർ കാര്യം മറച്ചു വച്ചു!’’

വാസവദത്തയ്ക്ക് അംഗവിഛേദനത്തിനുള്ള കാരണം അവതരിപ്പിക്കുകയാണ് കുമാരനാശാൻ. കുറച്ചുനാൾ മുമ്പ് വാസവദത്തയ്ക്ക് ഒരു തൊഴിലാളിത്തലവനുമായി പ്രണയം ഉണ്ടായിരുന്നു. അയാൾക്കൊപ്പം ഒരിക്കൽ കാളവണ്ടിയിൽ വന്ന അതിഥി ചെട്ടിയാരുമായി അവൾക്ക് രഹസ്യ ബന്ധം ഉണ്ടായി. പരിചാരികമാരാകട്ടെ ഇത് മറ്റൊരാളോടും അറിയിച്ചതുമില്ല.

40. ‘‘പരമസാധ്വിയിൽപ്പോലും പുരുഷനു ശങ്ക തോന്നാം
പുരഗണികയിൽ പ്പിന്നെപ്പറയണമോ ?’’

നാട്ടിലെ അറിയപ്പെട്ട സുന്ദരിയാണ് വാസവദത്ത. അവൾക്ക് ഒരു തൊഴിലാളിത്തലവനുമായി പ്രേമബന്ധമുണ്ട്. ഇതിനിടയിൽ ഒരിക്കൽ അദ്ദേഹത്തിനൊപ്പം ഒരു ചെട്ടിയാരുമായി അവൾ പ്രണയത്തിലാകുന്നു. ഇക്കാര്യം അതീവ രഹസ്യമായതിനാൽ തോഴിമാർ പോലും ആരോടും പറഞ്ഞിരുന്നില്ല. ഒരാൾ ആരും കൊതിച്ചുപോകുന്നയാൾ. മറ്റേയാൾ മാന്യനായവനും. രണ്ടുപേരെയും പിരിഞ്ഞിരിക്കാനാവാതെ വാസവദത്ത. എന്നാൽ തൊഴിലാളിത്തലവനായ കാമുകനിൽ ഒരു സംശയം ഇതിനെച്ചൊല്ലി ഉണ്ടാകുന്നു. അതു ഭയന്നു പേടിച്ചിരിക്കുന്നു വാസവദത്ത.

41. ‘‘ഒരുവനെപ്പിരിവാനുമൊരുകാലത്തു രണ്ടാളെ
വരിപ്പാനും പണിയായി വലഞ്ഞു തമ്പി!’’

നാട്ടിലെ അറിയപ്പെട്ട സുന്ദരിയാണ് വാസവദത്ത. അവൾക്ക് ഒരു തൊഴിലാളിത്തലവനുമായി പ്രേമബന്ധമുണ്ട്. ഇതിനിടയിൽ ഒരിക്കൽ അദ്ദേഹത്തിനൊപ്പം ഒരു ചെട്ടിയാരുമായി അവൾ പ്രണയത്തിലാകുന്നു. ഇക്കാര്യം അതീവ രഹസ്യമായതിനാൽ തോഴിമാർ പോലും ആരോടും പറഞ്ഞിരുന്നില്ല. ഒരാൾ ആരും കൊതിച്ചുപോകുന്നയാൾ. മറ്റേയാൾ മാന്യനായവനും. രണ്ടുപേരെയും പിരിഞ്ഞിരിക്കാനാവാതെ വാസവദത്ത. എന്നാൽ തൊഴിലാളിത്തലവനായ കാമുകനിൽ ഒരു സംശയം ഇതിനെച്ചൊല്ലി ഉണ്ടാകുന്നു. അതു ഭയന്നു പേടിച്ചിരിക്കുന്നു വാസവദത്ത.

42. ‘‘പരിനാശകരമാമ ‘ത്തീക്കുടുക്ക’ പൊട്ടും മുമ്പേ
തിരിമുറിച്ചെറിയാതെ തരമില്ലെന്നായ് ’’

ഇവിടെ പരാമർശിക്കുന്ന തീക്കുടുക്ക (ബോംബ്) എന്താണ് ?

തന്റെ ചെട്ടിയോടുള്ള പ്രേമം ആദ്യ കാമുകനായ തൊഴിലാളി മുഖ്യൻ തിരിച്ചറിഞ്ഞെന്നു മനസ്സിലായ വാസവദത്ത ഭയപ്പാടിലായി. ഏതു നിമിഷവും അയാൾ പൊട്ടിത്തെറിക്കുമെന്നായി. ഇനി എന്തു ചെയ്യും ഒടുവിൽ അയാളെ 'നിശ്ശബ്ദനാക്കാൻ' തന്നെ അവൾ തീരുമാനിക്കുന്നു.

43. വാസവദത്തയെ ഓർത്ത് നാരിമാർ ലജ്ജിക്കുമെന്ന് കവി പറയാൻ കാരണം?

അവളുടെ ധൂർത്തും ക്രൂരതയുമോർത്ത്

44. ''അഹഹ! സങ്കടമോർത്താൽ മനുഷ്യജീവിതത്തേക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തോന്നുള്ളൂ!
പുഷ്ടശക്തി വഹിക്കുമപ്പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽ മതി, തവിടുപൊടിയാമല്ലോ!''

അല്ലെങ്കിൽ

45. ''അതുമല്ല വിപത്തുകളറിയുന്നില്ലഹോ മർത്ത്യൻ
പ്രതിവോധവാനെന്നോ പരിമോഹത്താൽ
ഊറ്റമായോരുരംഗത്തിൻ ചുരുളിനെ ഉറക്കത്താൽ
കാറ്റു തലയണയായേ കരുതു ഭോഷൻ !''

തന്നെക്കുറിച്ച് കാമുകനായ തൊഴിലാളി മുഖ്യന് സംശയം തോന്നിത്തുടങ്ങി എന്ന് തിരിച്ചറിഞ്ഞ വാസവദത്ത അയാൾക്കെതിരെ പ്രവർത്തിക്കുന്നു. അവളുടെ ധൂർത്തും ക്രൂരതയും പക്ഷേ ആരിലും നാണക്കേട് ഉണ്ടാക്കാനേ സഹായിക്കുന്നുള്ളൂ. മനുഷ്യ ജീവിതത്തേക്കാൾ ദയനീയമായ മറ്റൊന്നുനില്ല. ചെറിയ ഒരു അശ്രദ്ധമതി ഏറെ ശക്തിയുണ്ടെന്നു കരുതുന്ന പളുങ്കുപാത്രം പോലും തവിടുപൊടി ആകാൻ. മാത്രവുമല്ല, തന്റെ വിപത്തുകളെക്കുറിച്ചും മർത്ത്യൻ വേണ്ടത്ര ബോധവാനല്ല. വിവേകിയാണെങ്കിലും അതിരു കവിഞ്ഞ ആഗ്രഹം കാരണം മനുഷ്യൻ തനിക്ക് വരാനുള്ള ആപത്തുകളെക്കുറിച്ച് അറിയുന്നില്ല. ഉറങ്ങിക്കിടക്കുന്ന അവൻ പാമ്പിനെപ്പോലും കാറ്റു നിറച്ച തലയണയായേ കരുതൂ.

46. ''പ്രേമമേ, നിൻ പേരു കേട്ടാൽ പേടിയാം, വഴിപിഴച്ച കാമകിങ്കരൻ ചെയ്യുന്ന കടുംകൈകളാൽ''

തൊഴിലാളിത്തലവനെ വാസവദത്ത വധിച്ച കാര്യം നാട്ടിലറിഞ്ഞു. ഒറ്റുകാരൻ മൃതദേഹം കുഴിച്ചിട്ട സ്ഥലം മനസ്സിലാക്കി അവിടെനിന്നും മൃതദേഹം പുറത്തെടുത്തു. ന്യായാധിപന്മാർവാസവദത്തയ്ക്ക് ശിക്ഷ വിധിക്കുകയും ചെയ്തു. അടങ്ങാത്ത കാമം നിമിത്തം അവൾ ചെയ്ത ഈ അരുംതൊഴിൽ കാരണം പ്രേമം എന്നു കേൾക്കുന്നതു തന്നെ പേടിപ്പെടുത്തുന്നതായി മാറി.

47. ''ഹ! മതിമോഹത്താൽ ചെയ്തു സാഹസമൊന്നതിനിന്നി–
പ്പൂമൃദുമേനിയാൾ പെടും പാടു കണ്ടില്ലേ ? '' – എന്തായിരുന്നു സാഹസം ? അവൾ അതിന് അനുഭവിച്ച പെടാപാട് എന്ത് ?

അല്ലെങ്കിൽ

48. നാമവും രൂപവുമറ്റ നിർദ്ദയമാം നിയമമേ,
ഭിമമയ്യോ! നിന്റെ ദണ്ഡ പരിപാടികൾ !

തന്നെക്കുറിച്ച തൊഴിലാളിത്തലവൻ സംശയാലുവായതിനാൽ അയാൾ ഏതു നിമിഷവും തനിക്കെതിരെ തിരിയുമെന്നായപ്പോൾ വാസവദത്ത അയാളെ വധിക്കുന്നു. ഈ സാഹസപ്രക്രിയയ്ക്ക് അവൾ കടുത്ത ശിക്ഷ ഏൽക്കുകയും ചെയ്യുന്നു. അംഗങ്ങൾ വിച്ഛേദിക്കപ്പെട്ട് ചുടുകാട്ടിൽ അവൾ തള്ളപ്പെടുന്നു.

49. അന്തിമമാം മണമർപ്പിച്ചടിവാൻ മലർ കാക്കില്ലേ
ഗന്ധ വാഹനെ? രഹസ്യമാർക്കറിയാവൂ ?

'കരുണ' എന്ന കാവ്യത്തിന്റെ മൂന്നാം ഖണ്ഡത്തിൽ ഉപഗുപ്ത സാമീപ്യത്താൽ വാസവദത്തയിലുണ്ടാകുന്ന പരിവർത്തനങ്ങളെ കവി വിവരിക്കുന്നു. രക്തം വാർന്ന്, ശക്തി ക്ഷയിച്ച് പ്രാണൻ നഷ്ടപ്പെട്ടു തുടങ്ങിയ വാസവദത്ത ആ കിടപ്പിൽ കിടന്ന് യുവമുനിയെ കാണാനായ് തലപൊക്കിനോക്കുന്നു. രാഗവൈഭവത്താൽ അഥവാ അവളുടെ ഹൃദയബന്ധത്തിന്റെ ശക്തിയാൽ ശിഥിലമായിക്കൊണ്ടിരിക്കുന്ന പ്രാണനെ പാടുപെട്ട് തങ്ങി നിർത്തുന്നു. ഈ കാഴ്ച കവി അവതരിപ്പിക്കുന്നതാണ് സന്ദർഭം. കൊഴിഞ്ഞപവീഴാൻ നേരത്തും വായുവിൽ പരിമളം പകരാൻ മലർ കൊതിക്കും. അതുപോലെ പ്രാണൻ വേർപെടുമ്പോഴും ചില പുതുമണം തേടാനായി കാത്തിരിക്കുന്നു.

50. അനുകമ്പ കലർന്നതി ശ്രാവകൻ ശ്രവിപ്പൂ; നമു–
ക്കനുമിക്കാമവനോതുമുത്തരങ്ങളാൽ:

ഉപഗുപ്തന്റെ മറുപടികൾ എന്തെല്ലാമായിരുന്നു ?

മരണാസന്നയായ തന്റെ അടുത്തെത്തിയ ഉപഗുപ്തനോട് വാസവദത്ത സംസാരിക്കാൻ ശ്രമിക്കുന്നു. അവ്യക്തമായ അനുനാസികാക്ഷരങ്ങൾ കീഴ്ചുണ്ടിന് ലീനവും ദീനവുമായ ശബ്ദം മാത്രമേ പുറത്തേക്ക് വരുന്നുള്ളൂ. അവൾ എന്താണ് പറഞ്ഞതെന്ന് ചുറ്റുമുള്ളവർക്ക് അറിയില്ല. എന്നാൽ ഉപഗുപ്തന്റെ മറുപടിയിൽ നിന്നും കാര്യമെന്തെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. വാസവദത്തയ്ക്ക് അരികിലെത്താൻ താൻ താമസിച്ചു പോയിട്ടില്ലെന്നും തന്നെ ചൊല്ലി അല്ലൽ വേണ്ടെന്നും ഉപഗുപ്തൻ അറിയിക്കുന്നു. അവളുടെ സൗന്ദര്യവും ക്ഷണവും തനിക്ക് പ്രയോജനപ്പെടുത്താനായില്ല. എന്നാൽ വാസവദത്തയുടെ അകൃത്രിമമായ പ്രണയം താൻ തിരിച്ചറിഞ്ഞിരുന്നു. തന്റെ കുലത്തൊഴിൽ ഓർക്കുമ്പോൾ അതു വാസവദത്തയുടെ മഹിതഗുണമായി പരിഗണിച്ച് കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. അപകടകാലത്തും പരിജനങ്ങളാണ് പരിചരിക്കപ്പെടാനുള്ള ഭാഗ്യം വാസവദത്തയ്ക്കുണ്ടായല്ലോ. അവൾ ചൊരിയുന്ന കണ്ണീർ പോലും അവളുടെ സ്ഥിര ദാക്ഷിണ്യശീലത്തെ വിളിച്ചറിയിക്കുന്നു. സ്നേഹയോഗ്യയായ അവൾ തന്റെ തൊഴിലിന്റെ സ്വഭാവംകാരണം ദുർവിധിക്കടിപ്പെട്ട് ഒരു ഘോരകൃത്യം ചെയ്യേണ്ടിവന്നു. ധനത്തിനുള്ള ദാഹവും സൗന്ദര്യത്തിലുള്ള അഹങ്കാരവും അവളെ വഞ്ചിച്ചു കളഞ്ഞു. എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന മനസ്സ് ലൗകിക കാര്യങ്ങളിലും . വിഷയസുഖങ്ങളിലും പലവിധത്തിലുള്ള രസാനുഭവങ്ങളാൽ കൂടുതൽ ശക്തികളായിത്തീരുന്നു. അത്യാഗ്രഹം, കോപം, മോഹം (ഐശ്വര്യ തിമിരം ബാധിച്ചതിനാൽ കൃത്യകൃത്യങ്ങൾ അറിയാതിരിക്കൽ) എന്നിവയാൽ ലോകത്തെ ജയിച്ചും കീഴടക്കിയും ഇരിക്കുന്ന അവിദ്യ (ആത്മജ്ഞാനം ഇല്ലായ്മ) നിറഞ്ഞു നിൽക്കുന്നു.

51. അതിചപലമീയന്തഃകരണം ലോകഭോഗങ്ങൾ
പ്രതിനവരസങ്ങളാൽ ഭൂരിശക്തികൾ,
ഗതിയെന്തു ജന്തുക്കൾക്ക്? – രതിരോഷമോഹങ്ങളാൽ ജിതലോകമാ'മവിദ്യ' ജയി
ച്ചീടുന്നു.

മരണാസന്നയായ തന്റെ അടുത്തെത്തിയ ഉപഗുപ്തനോട് വാസവദത്ത സംസാരിക്കാൻ ശ്രമിക്കുന്നു. അവ്യക്തമായ അനുനാസികാക്ഷരങ്ങൾ കീഴ്ചുണ്ടിന് ലീനവും ദീനവുമായ ശബ്ദം മാത്രമേ പുറത്തേക്ക് വരുന്നുള്ളൂ. അവൾ എന്താണ് പറഞ്ഞതെന്ന് ചുറ്റുമുള്ളവർക്ക് അറിയില്ല. എന്നാൽ ഉപഗുപ്തന്റെ മറുപടിയിൽ നിന്നും കാര്യമെന്തെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. വാസവദത്തയ്ക്ക് അരികിലെത്താൻ താൻ താമസിച്ചു പോയിട്ടില്ലെന്നും തന്നെ ചൊല്ലി അല്ലൽ വേണ്ടെന്നും ഉപഗുപ്തൻ അറിയിക്കുന്നു. അവളുടെ സൗന്ദര്യവും ക്ഷണവും തനിക്ക് പ്രയോജനപ്പെടുത്താനായില്ല. എന്നാൽ വാസവദത്തയുടെ അകൃത്രിമമായ പ്രണയം താൻ തിരിച്ചറിഞ്ഞിരുന്നു. തന്റെ കുലത്തൊഴിൽ ഓർക്കുമ്പോൾ അതു വാസവദത്തയുടെ മഹിതഗുണമായി പരിഗണിച്ച് കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. അപകടകാലത്തും പരിജനങ്ങളാണ് പരിചരിക്കപ്പെടാനുള്ള ഭാഗ്യം വാസവദത്തയ്ക്കുണ്ടായല്ലോ. അവൾ ചൊരിയുന്ന കണ്ണീർ പോലും അവളുടെ സ്ഥിര ദാക്ഷിണ്യശീലത്തെ വിളിച്ചറിയിക്കുന്നു. സ്നേഹയോഗ്യയായ അവൾ തന്റെ തൊഴിലിന്റെ സ്വഭാവം കാരണം ദുർവിധിക്കടിപ്പെട്ട് ഒരു ഘോരകൃത്യം ചെയ്യേണ്ടിവന്നു. ധനത്തിനുള്ള ദാഹവും സൗന്ദര്യത്തിലുള്ള അഹങ്കാരവും അവളെ വഞ്ചിച്ചു കളഞ്ഞു. എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന മനസ്സ് ലൗകിക കാര്യങ്ങളിലും . വിഷയസുഖങ്ങളിലും പലവിധത്തിലുള്ള രസാനുഭവങ്ങളാൽ കൂടുതൽ ശക്തികളായിത്തീരുന്നു. അത്യാഗ്രഹം, കോപം, മോഹം (ഐശ്വര്യതിമിരം ബാധിച്ചതിനാൽ കൃത്യാകൃത്യങ്ങൾ അറിയാതിരിക്കൽ) എന്നിവയാൽ ലോകത്തെ ജയിച്ചും കീഴടക്കിയും ഇരിക്കുന്ന അവിദ്യ (ആത്മജ്ഞാനം ഇല്ലായ്മ) നിറഞ്ഞു നിൽക്കുന്നു.

52. ഗുരുകൃപയാൽ എന്തെല്ലാം സ്വന്തമാക്കാമെന്നാണ് ഉപഗുപ്തൻ വാസവദത്തയെ ഉപദേശിക്കുന്നത് ?

കള്ളന്മാർക്ക് അപഹരിക്കാനാവാത്ത ശ്വാശ്വത ശാന്തി എന്ന ധനവും കാമദേവൻ അമ്പ് എയ്താൽ പോലും മുറിയാത്ത മനശ്ശോഭയും

53. വാസവദത്ത വിളിച്ചപ്പോൾ വരാതിരുന്നതിന് ഉപഗുപ്തൻ പറയുന്ന കാരണമെന്ത് ?

അന്ന് വാസവദത്തയുടെ നല്ല കാലമായിരുന്നു. അതിനാൽ നേരായ മാർഗ്ഗങ്ങൾക്ക് അവൾ ചെവികൊടുത്തേക്കില്ല. കഠിനമായ ദുഃഖങ്ങൾ ഭൗതികസുഖത്തിൽ കഴിയുന്നവരെ ബോധവാന്മാരാക്കും. അത്തരം സമയം സമാഗതമായപ്പോഴാണ് താൻ അടുത്തുവന്നത് എന്ന് ഉപഗുപ്തൻ അറിയിക്കുന്നു.

54. ''അംഗുലീമാലനുപോലുമാർഹത പദമേകിയ
തുംഗമാം കരുണയെ നീ വിശ്വസിച്ചാലും''

ഇവിടെ പരാമർശിക്കുന്ന പുരാവൃത്തം എന്താണ് ?

ആയിരം ആളുകളെക്കൊന്ന് കൈവിരലുകൾ മുറിച്ചെടുത്ത് അവയുടെ അസ്ഥികൾകൊണ്ട് മാലയുണ്ടാക്കി തന്റെ ഇഷ്ടദേവതയായ കാളിക്ക് ചാർത്താമെന്ന് ഘോരതാപസനായ അംഗുലീമാലൻ ഏറ്റിരുന്നു. 999 ആളുകളെക്കൊന്ന് അസ്ഥികൾ ശേഖരിച്ച് അവസാനം ബുദ്ധനെക്കൊന്ന് അദ്ദേഹത്തിന്റെ അസ്ഥികളും എടുത്ത് നേർച്ച പൂർത്തിയാക്കാനായി അയാൾ ബുദ്ധന്റെ അടുക്കൽ വന്നു. ബുദ്ധൻ അയാളെ ധർമ്മോപദേശം നൽകി ശിഷ്യനാക്കി. അവസാനം ബുദ്ധൻ അയളെ തങ്ങളുടെ സംഘത്തിൽ അംഗമാക്കുകയും ഉണ്ടായി. അതിനാൽ വാസവദത്ത തനിക്ക് മോക്ഷം ലഭിക്കില്ല എന്നു ഭയന്നു കഴിയേണ്ട എന്നാണ് ഉപഗുപ്തൻ പറയുന്നത്.

55. ബദ്ധപങ്കമായോടുന്നിതൊരു കാലം നദി പിന്നെ
ശുദ്ധി കലർന്നൊരു കാലം ശോഭ തേടുന്നു.
അല്ലെങ്കിൽ

56. ലോലമാം ക്ഷണമേ വേണ്ടൂ ബോധമുള്ളിൽ ജ്വലിപ്പാനും
മാലണയ്ക്കും തമസ്സാകെ മറഞ്ഞു പോവാനും

കഴിഞ്ഞകാലങ്ങളിൽ അധാർമ്മിക ജീവിതം നയിച്ചു എന്ന വിഷമത്താൽ ഉരുകേണ്ടതില്ലെന്ന് ഉപഗുപ്തൻ വാസവദത്തയെ അറിയിക്കുന്നു. ഒന്നോർത്താൽ ലൗകിക ജീവിതത്തിൽ പാപത്തിൽ ചെന്നു ചാടാത്തവരുണ്ടാകില്ല. ചെളി കലർന്നൊഴുകുന്ന നദിപോലും കുറെ കഴിഞ്ഞാൽ തെളിഞ്ഞൊഴുകും. അല്പനിമിഷമേ വേണ്ടൂ ഉള്ളിൽ ബോധമുദിക്കാനും ദുഃഖം തീർക്കുന്ന ഇരുട്ട് മാഞ്ഞുപോവാനും. അതിനാൽ മോക്ഷത്തിലേക്ക് നയിക്കുന്ന തത്ത്വോപദേശം ശ്രവിക്കാൻ ഉപഗുപ്തൻ വാസവദത്തയെ ക്ഷണിക്കുന്നു.

57. ക്ഷണത്തിൽ ചെന്നു ഞെരുങ്ങി പ്രപഞ്ചം നിന്നഹോ! ഹിമ–
കണത്തിൽ ബിംബിച്ചു കാണും കാനനം പോലെ
അല്ലെങ്കിൽ

58. കൃതകോപനൊരു ശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ
പതംഗികാംഗങ്ങൾ പോലെ ദയനീയങ്ങൾ

ഉപഗുപ്തനിൽ നിന്നും മോക്ഷമാർഗ ലബ്ധിക്കുതകുന്ന വചനങ്ങൾ കേട്ടപ്പോൾ വാസവദത്ത തന്റെ ഗതകാലജീവിതം ഒരു വേള ഓർത്തെടുക്കുന്നു. ഒരു മഞ്ഞുതുള്ളിയിൽ കാടു മുഴുക്കെ പ്രതിഫലിച്ചു കാണുംവിധം, ഒരു ഞൊടിയിട അവളുടെ ഗതകാല ജീവിതം മുഴുക്കെ മനസ്സിൽ തിങ്ങി പ്രതിബിംബിച്ചതായി വാസവദത്ത കാണുന്നു. കർമ്മഫലങ്ങളുടെ മാറ്റം ഏതുവിധമായിരുന്നു എന്നു പഠിക്കാൻ സഹായിക്കുന്ന ഉപകരണങ്ങൾ അവൾ തിരിച്ചറിയുന്നു. കളിക്കിടെ ദേഷ്യം വന്ന ഒരു ശിശു പൊട്ടിച്ചെറിഞ്ഞ ചെറുകിളിയുടെ ഭാഗങ്ങൾ പോലെ ദയനീയങ്ങളായ ചിത്രമായി അതിലവൾ തന്റെ നീക്കം ചെയ്യപ്പെട്ട അംഗങ്ങളെയും കാണുന്നു.

## ഉപന്യസിക്കുക

1. ‘വാസവദത്ത’ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

2. ശബ്ദചിത്രങ്ങളാൽ സമ്പന്നമാണ് ‘കരുണ’ – പരിശോധിക്കുക

3. ‘‘ശരീരസൗന്ദര്യത്തേക്കാളുപരി ആത്മീയ സൗന്ദര്യത്തിനാണ് പ്രാധാന്യം നൽകേണ്ടത് ’’ ‘കരുണ’യെ മുൻനിർത്തി ചർച്ച ചെയ്യുക

4. ‘ഉപഗുപ്തനെ’ ആശാൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

5. ‘കരുണ’ എന്ന തലവാചകത്തിന്റെ ഔചിത്യം വിവരിക്കുക ?

6. ‘കരുണ’ യിലെ ബുദ്ധമത ദർശനങ്ങളുടെ സ്വാധീനം ചർച്ച ചെയ്യുക

7. ആശാൻ കൃതികളുടെ പൊതുസ്വഭാവം എന്ത് ?

8. ‘നവോത്ഥാനകവി’ എന്ന വിശേഷണത്തിനു ആശാനെ അർഹനാക്കുന്ന ഘടകങ്ങൾ പരിശോധിക്കുക.

**********************

# ബന്ധനസ്ഥനായ അനിരുദ്ധൻ

**– വള്ളത്തോൾ നാരായണ മേനോൻ**

1. വള്ളത്തോളിന്റെ ജിവിതകാലം ?

   1878–1958

2. വള്ളത്തോൾ ജനിച്ചത് ?

   1878 ഒക്ടോബർ 16ന് പഴയ പൊന്നാനി താലൂക്കിലെ വെട്ടം ദേശത്ത് മംഗലം ഗ്രാമത്തിൽ

3. ആധുനിക മലയാള കവിത്രയത്തിൽ വള്ളത്തോൾ ശ്രദ്ധേയനാകുന്നത് ?

   ശബ്ദസൗകുമാര്യം കൊണ്ട്

4. ഭാഷാപോഷിണി സഭ സംഘടിപ്പിച്ച കവിതാരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കവി ?

   വള്ളത്തോൾ

5. വള്ളത്തോൾ രചിച്ച മഹാകാവ്യം ?

   ചിത്രയോഗം

6. വള്ളത്തോളിന്റെ ലഘുകാവ്യങ്ങൾ ഏതെല്ലാം ?

   ഋതുവിലാസം, തപതീസംവരണം, ഒരു കത്ത്, ഗണപതി, സ്ത്രീ, ശരണമയ്യപ്പാ!

7. വള്ളത്തോൾ എഴുതിയ വിലാപകാവ്യം ?

   ബധിരവിലാപം

8. വള്ളത്തോളിന്റെ പ്രധാന ഖണ്ഡകാവ്യങ്ങൾ ?

   ബധിരവിലാപം, ശിഷ്യനും മകനും, മഗ്ദലന മറിയം, കൊച്ചു സീത, അച്ഛനും മകളും, ബാപ്പുജി, ബന്ധനസ്ഥനായ അനിരുദ്ധൻ

9. വള്ളത്തോളിന്റെ ശൃംഗാര കവിതകൾ ?

   വിലാസലതിക, ഗ്രാമസൗഭാഗ്യം

10. വള്ളത്തോളിന്റെ കവിതാസമാഹാരങ്ങൾ ?

    വീരശൃംഖല, ദിവാസ്വപ്നം, വിഷുക്കണി, ഇന്ത്യയുടെ കരച്ചിൽ, അഭിവാദ്യം, റഷ്യയിൽ

11. വാത്മീകിയുടെ രാമായണം – ഋഗ്വേദം എന്നിവയുടെ തർജ്ജമ നിർവ്വഹിച്ച ആധുനിക മഹാകവിയാണ് ?

    വള്ളത്തോൾ

12. 'സാഹിത്യമഞ്ജരി' എന്ന കാവ്യ സമാഹാരം തയ്യാറാക്കിയത് ?

    വള്ളത്തോൾ

13. 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ ആരെയാണ് വള്ളത്തോൾ ഇന്ത്യൻ ദേശീയതയുടെ പ്രതീകമായി അപതരിപ്പിക്കുന്നത് ?

    മഹാത്മാഗാന്ധിയെ

14. ജാതിക്കെതിരെയുള്ള വള്ളത്തോളിന്റെ പ്രധാന കവിതകൾ ഏതെല്ലാം ?

    ശുദ്ധരിൽ ശുദ്ധൻ, മാപ്പ്, തിരൂർ–പൊന്നാനിപ്പുഴ

15. ''മരിക്ക സാധാരണ; –മീ വിശപ്പിൽ–
ദഹിക്കലോ, നമ്മുടെ നാട്ടിൽ മാത്രം,
ഐക്യക്ഷയത്താലടിമശ്ശവങ്ങ–
ളടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം '' എന്നു പാടിയത് ?

വള്ളത്തോൾ (മാപ്പ് – 1925)

16. 1956–ൽ കേരളസാഹിത്യ അക്കാദമി ആരംഭിച്ചപ്പോൾ അതിന്റെ ഉപാധ്യക്ഷൻ ആരായിരുന്നു ?

വള്ളത്തോൾ

17. എത്ര കാലമാണ് വള്ളത്തോൾ അക്കാദമി ഉപാധ്യക്ഷനായി പ്രവർത്തിച്ചത് ?

രണ്ടു വർഷം (1956–58)

18. 1930–ൽ കുന്നംകുളത്ത് കഥകളി വിദ്യാലയം സ്ഥാപിച്ചത് ?

വള്ളത്തോൾ

19. കഥകളി വിദ്യാലയം പിൽക്കാലത്ത് അറിയപ്പെട്ടത് ഏതു പേരിൽ ?

കേരള കലാമണ്ഡലം

20. വള്ളത്തോൾ അന്തരിച്ചത് ?

1958 മാർച്ച് 13 ന്

21. 'താരാവലീചന്ദ്രസേനം' എന്ന് പേരുള്ള വള്ളത്തോളിന്റെ സൃഷ്ടിയാണ്................ ?

ചിത്രയോഗം

22. 'ശബ്ദസുന്ദരൻ' എന്ന് അറിയപ്പെടുന്ന മഹാകവി?

വള്ളത്തോൾ

23. വള്ളത്തോൾ രചിച്ച ആത്മകഥാപരമായ കൃതി ?

ബധിരവിലാപം

24. വാഗ്ദേവിയുടെ പുരുഷാവതാരമെന്ന് വള്ളത്തോളിനെ വിശേഷിപ്പിച്ചത് ?

കുട്ടികൃഷ്ണമാരാർ

25. കാഞ്ചനക്കൂടിന്റെ അഴികൾ കൊത്തിമുറിച്ച പഞ്ചവർണ്ണക്കിളി എന്ന് ലീലാവതി വിശേഷിപ്പിച്ചത് ?

വള്ളത്തോളിനെ

26. 'ഗ്രന്ഥവിചാരം' എന്ന പേരിൽ പുറത്തിറങ്ങിയ പുസ്തക നിരൂപണം ആരുടേത്?

വള്ളത്തോൾ

27. ശങ്കരാചാര്യരെപ്പറ്റി വള്ളത്തോൾ രചിച്ച കവിത ?

മലയാളത്തിന്റെ തല

28. പ്രശസ്ത കവി കുണ്ടൂരിന്റെ 'സാംബൻ' എന്ന കാവ്യം ഏത് കൃതിയെ അനുകരിച്ചെഴുതിയതാണ് ?

വള്ളത്തോളിന്റെ ബന്ധനസ്ഥനായ അനിരുദ്ധൻ

29. 'കിരാതശതകം' എന്ന കാവ്യം എഴുതുമ്പോൾ വള്ളത്തോളിന്റെ പ്രായം എത്ര?

പന്ത്രണ്ട് വയസ്സ്

30. വള്ളത്തോൾ കവിതകളുടെ ആദ്യകാലം ഏതു പ്രസ്ഥാനത്തിന്റെ മാതൃകയിലാണ് രചിക്കപ്പെട്ടത് ?

വെൺമണി പ്രസ്ഥാനത്തിന്റെ

31. ''സംസ്കൃത കവിതകളുടേയും, പാട്ടും മണിപ്രവാളവുമായി വെൺമണി നമ്പൂതിരി മാർ വരെ വളർന്നെത്തിയ മലയാള കവിതയുടേയും പാരമ്പര്യങ്ങളിൽ വേരൂന്നി, അവയിൽ നിന്ന് ചൂടും വെളിച്ചവും സ്വാംശീകരിച്ച് പ്രവൃദ്ധചൈതന്യമായി തന്റെ ഹൃദയത്തിന്റെ വർണവും സുഗന്ധവും മുറ്റിയ പുഷ്പങ്ങളുടെ ഒരു വസന്തം സൃഷ്ടി ക്കുകയാണ് വള്ളത്തോൾ ചെയ്തത് '' – എന്ന് അഭിപ്രായപ്പെട്ടത് ?

പ്രൊഫ. എം.അച്യുതൻ

32. 'ക്ലാസിക്–റൊമാന്റിക് ഭാവങ്ങളുടെ സമന്വയ ഭൂമിക ഓന്നു വിശേഷിപ്പിക്കാവുന്നത്?

വള്ളത്തോൾ കവിതയെ

33. ''മഴവില്ലിന്റെ പിന്നിൽ നീലാകാശമെന്നപോലെ വള്ളത്തോളിന്റെ എല്ലാ കവിത കൾക്കു പിന്നിലും വേദപുരാണേതിഹാസങ്ങളിൽ നിന്നൂറിക്കൂടിയ ഒരു സംസ്കാര വിശേഷം കാണാമെന്ന് '' അഭിപ്രായപ്പെട്ടത് ?

പ്രൊഫ.എം.കെ.സാനു

34. ആധുനിക ഖണ്ഡകാവ്യത്തിന്റെ പ്രധാന സവിശേഷതകൾ?

ഇതിവൃത്തത്തിന്റെ സുപ്രധാന ഭാഗത്തിന് മാത്രം മിഴിവ് നൽകി, അപ്രധാന ഭാഗങ്ങളെ സൂച്യ രൂപത്തിലോ അല്ലാതെയോ ഒതുക്കി ആവിഷ്ക്കരിക്കുന്ന രീതി, കൂടാതെ അധികം ദീർഘമല്ലാത്ത നാടകീയമായ പ്രതിപാദ്യം, ഭാവതീവ്രതയും ഭാവ നാത്മകതയും രൂപസാരള്യതയുമാർന്ന പ്രതിപാദനം, ഔചിത്യഭാസുരമായ അലങ്കാര പ്രയോഗവും വർണ്ണനയു, പൊതുവേ കാല്പനിക പ്രഭാവലയിതമായ അന്തരീക്ഷം.

35. വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളുടെ സവിശേഷതകൾ എന്തെല്ലാം ?

ഇതിവൃത്തഘടകങ്ങൾ അനുപാതബോധത്തോടെ ആകർഷകവും ആസ്വാദ്യ വുമായ രീതിയിൽ സംവിധാനിക്കുക, ഇതിവൃത്ത പുരോഗതിക്കനുഗുണമായി മാത്രം വർണ്ണനകളും അലങ്കാരങ്ങളും പ്രയോഗിക്കുക, കഥാ സംഭവങ്ങളെയും സന്ദർഭങ്ങ ളെടും ലളിതസുന്ദരമായ വാഗ്ചിത്രങ്ങളാൽ അവതരിപ്പിക്കുക, കഥാപാത്രങ്ങളെ അവ യുടെ പൗരാണിക വേഷത്തിനും ഭാവത്തിനും നിറഭേദം പരാത്തവിധവും എന്നാല്ധ ആസ്വാദനത്തിനു കൂടുതൽ മികവ് ലഭിക്കും വിധവും മാനവീകരിക്കുക തുടങ്ങി യവ വള്ളത്തോളിന്റെ ഖണ്ഡകാവ്യത്തിന്റെ പ്രത്യേകതകളാണ്.

36. വള്ളത്തോളിന്റെ ആദ്യത്തെ ആധുനിക ഖണ്ഡകാവ്യമാണ് ....................

ബന്ധനസ്ഥനായ അനിരുദ്ധൻ

37. ബന്ധനസ്ഥനായ അനിരുദ്ധൻ പ്രസിദ്ധീകരിക്കപ്പെട്ട വർഷം ?

കൊല്ലവർഷം 1089 (ക്രിസ്തുവർഷം 1914)

38. 'ബന്ധനസ്ഥനായ അനിരുദ്ധൻ' ആദ്യമായി പ്രകാശിതമായത് ?

ആത്മപോഷിണി എന്ന പ്രസിദ്ധീകരണത്തിലൂടെ

39. 'ബന്ധനസ്ഥനായ അനിരുദ്ധനി' ലെ കഥാപാത്രങ്ങൾ ആരെല്ലാം ?

അനിരുദ്ധൻ, ഉഷ, ഉഷയുടെ അച്ഛനായ ബാണൻ, ബാണസചിവേന്ദ്രനായ കുംഭാണ്ഡൻ, കുംഭാണ്ഡന്റെ പുത്രിയും ഉഷയുടെ സഖിയുമായ ചിത്രലേഖ

40. 'ബന്ധനസ്ഥനായ അനിരുദ്ധന്റെ' മൂലകഥ വള്ളത്തോൾ സ്വീകരിച്ചത് എവിടെ നിന്ന്?

ഭാഗവതം ദശമ സ്കന്ധത്തിലെ 61, 62, 63 അധ്യായങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ബാണാസുരകഥയിൽ നിന്ന്

41. ബാണാസുരകഥയിലെ ഏതു ഭാഗമാണ് വള്ളത്തോൾ തന്റെ രചനയ്ക്കായി ഉപജീവിച്ചത് ?

ബാണചരിതത്തിലെ ഉത്തരഭാഗത്തിൽ ഉഷാകാന്തനായ അനിരുദ്ധന് അനുഭവിക്കേണ്ടി വന്ന കാരാഗൃഹവാസം എന്ന കഥാസന്ദർഭം മാത്രമാണ്. വള്ളത്തോൾ കൈകൊള്ളുന്നത്. പൂർവ്വ ഭാഗത്തിലുള്ള ഉഷാനിരുദ്ധന്മാരുടെ പ്രണയകഥ സ്വീകരിക്കുന്നില്ല.

42. അനിരുദ്ധൻ ബാണന്റെ തടവറയിൽപ്പെട്ടത് എങ്ങനെ ?

മായാരണം കാരണം

43. ബാണസചിവേന്ദ്രനായ കുംഭാണ്ഡൻ ഉഷാഗൃഹത്തിൽ പോകാനുള്ള കാരണം ?

ഉഷയുടെ സഖി ചിത്രലേഖ ചെന്നു വിളിച്ചതു കാരണം

44. ത്വിട്ടോലുമക്ഷികൾ നരച്ചുവളർന്ന മാറിൽ–
ത്തൊട്ടോരുതാടി ചുളി വീണു പരന്ന നെറ്റി
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ–
മട്ടോടവൻ വിലസി മേദുര ദീർഘകായൻ –ആരെക്കുറിച്ചുള്ള വാങ്മയചിത്രമാണിത്?

ബാണസചിവനായ കുംഭാണ്ഡനെ

45. വൻ ഭാവഭേദമോടു കണ്ടു; കുറച്ചുനേരം
സ്തംഭാഭനായവിടെനിന്ന നിലയ്ക്കു നിന്നാൻ ?

– ആരാണ് സ്തംഭിച്ചു നിന്നത് ? കാരണമെന്ത് ?

അല്ലെങ്കിൽ

46. കുംഭാണ്ഡൻ ഉഷയെ കണ്ട് കുറച്ചട സ്തംഭിച്ചു നിൽക്കാൻ കാരണം എന്ത് ?

കപടയുദ്ധത്തിൽ തന്റെ കാമുകനായ അനിരുദ്ധൻ അച്ഛനാൽ തടവറയിലാക്കപ്പെട്ടതറിഞ്ഞ്ഉഷ വിഷമിക്കുന്നു. തന്റെ മാളികമുകളിലെ വരാന്തയിൽ മന്ദിതചേഷ്ടയായി അവളിരിക്കുന്നു; ഒരു ചിത്രത്തിലെ കഥാപാത്രംപോലെ. ആലസ്യം ബാധിച്ച മുഖവും കുനിച്ച്, വിളറിയ നെറ്റിത്തടം മൃദുവായ കൈക്കൊണ്ടു താങ്ങി, അവൾ വെണ്ണക്കല്ലാൽ തീർത്ത തറയിലിരിക്കുന്നു. കാമദേവന്റെ ചാമരം പോലെ മുറ്റിയ മുടിയെല്ലാം അഴിഞ്ഞുവീണുകിടക്കുന്നു. അതിനു പിറകിലെ കൽത്തറ കാണുമ്പോൾ ശരത് കാലത്തെ ആകാശത്തെ കാർമുകിൽ മാലയാണോ അവളുടെ തലമുടി എന്ന് ശങ്ക തോന്നും. ഒന്നിലും താത്പര്യമില്ലാത്തവളായിക്കഴിയുന്ന അവളോടുള്ള പവിത്രമായ പ്രണയബന്ധത്തെ ആസ്വദിച്ചോ എന്ന് തോന്നുമാറ് ആഭരണങ്ങളും കിടക്കുന്നു. ആഭരണങ്ങളോട് അവൾക്ക് അപ്പോൾ താത്പര്യം ഇല്ല. എന്നാൽ ആഭഹ

ണങ്ങൾക്ക് അവളോട് താത്പര്യം ഉണ്ട്. അതിനാൽ ഏതാനും ചില ഉത്തമ ആഭഹ ണങ്ങൾ അവളുടെ ദേഹത്ത് അങ്ങുമിങ്ങും ബാക്കിയുണ്ടായിരുന്നു. പീനസ്തനിയുടെ മുലക്കച്ചയാകട്ടെ, അവളുടെ ദൈന്യം വിളിച്ചോതുന്നവിധം നെടുവീർപ്പുകളിൽ ഉലഞ്ഞും സ്ഥാനത്തുനിന്നു കുറേ മാറിയും കണ്ണീർ വീണു നനഞ്ഞും നിറം കെട്ടുമിരുന്നു. ദുഃഖിതയായ കൂട്ടുകാരിയെ ഇടയ്ക്ക് നോക്കിയും ഉടനെ കണ്ണീർ വാർത്തും അടുത്തു തോഴിമാർ നിന്നു വീശിക്കൊടുക്കുന്നു. ഇക്കാഴ്ച കണ്ടപ്പോഴാണ് പിതൃതുല്യനായ കുംഭാണ്ഡൻ ആകെക്കൂടി സ്തംഭാഭനായി അവിടെ നിന്നത്.

47. നാനാവികാരപരിവാരിതയാം കുമാരി
മൗനാതിലംഘനവിധിക്കസമർത്ഥയായി

അല്ലെങ്കിൽ

48. എന്താണെടുത്തു പറവാൻ തുടരുന്നതെന്നു
ഹന്താളിമാരലമുഴറ്റൊടു നോക്കിനില്പായ്.

തോഴിമാർ നോക്കിനിൽക്കാൻ കാരണം എന്ത് ?

വർദ്ധിച്ച അനുരാഗവശയായ് ചിലത് പറയാനാണ് മന്ത്രിയെ വരുത്തിയത്. എന്നാൽ പലവിധ വികാരങ്ങൾക്ക് അടിമപ്പെട്ട ഉഷ തന്റെ മൗനം ഭഞ്ജിക്കാൻ പ്രയാസപ്പെടുന്നു. ഉഷയോടുള്ള വാത്സല്യത്താൽ ഹൃദയാലുവായിത്തീർന്നിരിക്കുകയാണ് കുംഭാണ്ഡൻ. വിവധ വികാരങ്ങളുടെ വേലിയേറ്റത്തിൽ പെട്ടുപോയ ഉഷ പിതൃതുല്യനായ ആ മന്ത്രിവൃദ്ധനോട് എന്ത് പറയും ?

49. ഭൂരിത്രപാരികളെയൊട്ടു ജയിക്കയാല–ച്ചാരിത്രശാലിനചിരലാരു നെടുവീർപ്പിട്ടു

കോപതാപങ്ങൾ ലജ്ജാവികാരങ്ങളെ വല്ലാതെ കീഴ്പ്പെടുത്തുകയാലും താൻ കാണിച്ച സ്വാതന്ത്ര്യം ഒട്ടും അവിഹിതമല്ല എന്ന ആദ്മവിശ്വാസത്താലും ഉഷ ധൈര്യമവലംബിച്ചു മൗനം ഭേദിക്കാൻ ഒരുങ്ങുന്നു. എന്നതിന്റെ സൂചനയാണ് വീർപ്പുവിടൽ. ചിത്രലേഖ ചെന്നറിയിക്കമൂലം സംസാരിക്കാനുള്ള ശ്രമം നടത്തുന്നു ഉഷ.

50. ഉഷ തന്റെ അരികിലെത്തിയ മന്ത്രി കുംഭാണ്ഡനെ അഭിവാദ്യം ചെയ്തത് എങ്ങനെ?

അല്ലെങ്കിൽ

51. ഹാ! ജന്യസീമ്നി പല യോധഗണത്തെയൊറ്റ–
യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ,
വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ–
രാജന്നെഴും സചിവ പുംഗവ, മംഗളം തേ !

ആരാണ് മംഗളം നേരുന്നത്? ആർക്കാണ്? സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

തോഴി ചെന്നറിയിക്കുകമൂലം ഉഷാഗൃഹത്തിൽ എത്തിയ മന്ത്രി കുംഭാണ്ഡനെ ഉഷ മംഗളാഭിവാദ്യങ്ങളോടെ സ്വീകരിക്കുന്നു. ദുഃഖത്താൽ ഏറെ പ്രയാസമനുഭവിക്കുന്ന ഉഷ ശ്വാസം ശരിപ്പെടുത്തി ഉറച്ച ശബ്ദത്തിൽ തന്നെ സംഭാഷണത്തിനു ശ്രമിക്കുന്നു. യുദ്ധക്കളത്തിൽ യോദ്ധാക്കളുടെ കൂട്ടത്തെ ഒറ്റയ്ക്ക് ഓജസ്സോടെ നശിപ്പിച്ച ഒരു യുവാവിനെ (അനിരുദ്ധനെ) കപടയുദ്ധത്തിൽ പരാജയപ്പെടുത്തി അരു

ളുന്ന അസുര രാജാവിന്റെ മന്ത്രിശ്രേഷ്ഠന് മംഗളം. കുംഭാണ്ഡന്റെ മനസ്സിലേക്ക് തുളച്ചു കയറുന്ന കൊള്ളിവാക്കുകളാണ് ഉഷ അഭിസംബോധനയിൽ പ്രയോഗിക്കുന്നത്.

52. ഞാനാളയച്ചിഹ വരുത്തിയതാണു കയ്യേ-
റാനായ് സ്വയം വരികയല്ല മമാര്യ പുത്രൻ;
നാനാതരത്തിലപരാധമൊരാൾക്കു, ബന്ധ-
സ്ഥാനാപതിയന്യനു; മിതോ ബലിവംശധർമ്മം ?

അല്ലെങ്കിൽ

53. ഹൃച്ചാ പലാലനയവർ തമനി മുമ്പു കാലു-
വെച്ചാളെ വിട്ട, നുഗനെങ്ങിനെ ശിക്ഷ നൽകാം ?

അല്ലെങ്കിൽ

54. കാരാധിവാസമവിടെയ്ക്കു വിധിച്ചതോർത്താൽ
ഘോരാപരാധമുടയോരിവൾ വധ്യ തന്നെ;
വീരാവരോധപദ സംശ്രിത ധന്യയാം ഞാൻ
തീരാകൃതാർത്ഥയൊടൊത്തു മരിച്ചുകൊള്ളാം!

അല്ലെങ്കിൽ

55. ഓരാതെ പറ്റിയ കഠോരവിപത്തതിൽ, ക്ക-
ണ്ണീരാനുപാത്മജ, തടുത്തിടുമെത്ര നേരം?

തന്നെ കാനാനെത്തിയ ബാണസചിവൻ കുംഭാണ്ഡനോട് ഉഷ വളരെ ശക്തവും ബോധപൂർവ്വവും സംസാരിക്കുന്ന സന്ദർഭമാണിത്. ബാണാസുരകൊട്ടാരത്തിൽ എത്തിയതിനാണ് അനിരുദ്ധൻ തടങ്കലിലാക്കപ്പെട്ടതെങ്കിൽ, അയാൾ തെറ്റുകാരനല്ല. താൻ ആളെ അയച്ചുവരുത്തിയതാണ് അദ്ദേഹത്തെ: കയ്യേറ്റത്തിനോ മറ്റോ സ്വയം വലിഞ്ഞുകയറി വന്നതല്ല. കുറ്റം ചെയ്തയാളെ ഒഴിവാക്കി നിരപരാധിയെ ശിക്ഷിക്കുന്ന രീതിയാണോ മഹാബലിയുടെ വംശത്തിന്റെ ധർമ്മം എന്നു പറയുന്നത്. (ഇവിടെ മമാര്യപുത്രൻ എന്ന പ്രയോഗം ശ്രദ്ധിക്കുക; അനിരുദ്ധൻ ഉഷയെ സംബന്ധിച്ചിടത്തോളം ആര്യപുത്രൻ –ഭർത്താവ് – ആയിക്കഴിഞ്ഞു. ഇനി ഇക്കാര്യത്തിൽ മറ്റാരും ഇടപെടേണ്ട എന്നു ധ്വനി) ആ സൽസ്വഭാവി അപരാധിയാണെന്നു വെച്ചാൽ തന്നെയും താൻ ചെയ്ത തെറ്റ് പൊറുക്കാവുന്നതാണോ? ഹൃദയ ചാപല്യംകൊണ്ട് അബദ്ധത്തിന്റെ വഴിയിൽ ആദ്യം കാല് വെച്ചയാളെ ഒഴിവാക്കി അയാളെ പിൻതുടർന്നയാൾക്ക് എങ്ങനെ ശിക്ഷ ലഭിക്കും. അനിരുദ്ധനെ ശിക്ഷിച്ചത് ന്യായക്കേടാണ്. വലിയ തെറ്റ് താനാണ് ചെയ്തത്. അതിനാൽ അദ്ദേഹത്തിന് കാരാഗൃഹവാസമാണ് വിധിച്ചതെങ്കിൽ ഘോരാപരാധം ചെയ്ത തനിക്ക് വധശിക്ഷ തന്നെ ലഭിക്കണം. മാത്രമല്ല, ഒരു വീരനായ പുരുഷന്റെ ഭാര്യയായിത്തീർന്നതുകൊണ്ടു ധന്യയായിത്തീർന്ന താൻ ഒടുങ്ങാത്ത ആ കൃതാർത്ഥതയോടെ മരണം വരിച്ചുകൊള്ളാം. അല്ലെങ്കിൽത്തന്നെ ഇനിയെന്തു ശിക്ഷ? തന്നെ കൊല്ലാതെ കൊല്ലുകയാണല്ലോ ചെയ്യുന്നത്. ഇത്രയും പറഞ്ഞപ്പോഴെക്കും ഉഷയുടെ തൊണ്ട വിറച്ചു; ശബ്ദം പുറപ്പെടു

വിക്കാൻ അശക്തയായി ഒരു കുട്ടിയെപ്പോലെ അവൾ കരഞ്ഞു. കാരാഗൃഹവാസം ദുഷ്ടന്മാർക്കു ലഭിക്കേണ്ടതാണ്. എന്നാൽ സുഖജീവിതത്തിന് അർഹനും സൽഗുണവാനുമായ തന്റെ നാഥന് ലഭിച്ചിരിക്കുന്നതോ...... എന്നു പറഞ്ഞപ്പോഴേക്കും അപ്രതീക്ഷിതമായുണ്ടായ ഘോര വിപത്തിൽ ആ രാജപുത്രി കരയാതെ കണ്ണീർ എത്ര നേരം തടുത്തിടും, കാരാഗൃഹാധിവാസം അനിരുദ്ധനു വിധിച്ചതിൽ മരണത്തേക്കാൾ മാരകമായ ശിക്ഷയാണ് തനിക്ക് അനുഭവിക്കേണ്ടി വന്നതെന്ന് ഉഷ അറിയിക്കുന്നു. തുടർന്ന് സംസാരിക്കാനാവാതെ കുട്ടിയെപ്പോലെ പൊട്ടിക്കരയുന്ന ഉഷയുടെ ചിത്രം, അവളുടെ വികാകര വൈവശ്യത്തേയും ന്യായവാദങ്ങളുടെ ആത്മാർത്ഥതയേയും അവയിലുപരി അവളുടെ അകൃത്രിമ പ്രേമത്തെയും കൂടുതൽ വിശ്വസനീയമാക്കുന്നു.

56. താതന്നു, ഞാനിഹ വധൂജന വർജ്യമാകും
സ്വാതന്ത്ര്യമാർന്നതിലുമെന്തഭിമാനഭംഗം
ഹാ, തൻ മകൾക്കനഘവീര വധൂ പദാപതി–
യേതച്ഛനെങ്കിലുമസമ്മതമാവതുണ്ടോ?
അല്ലെങ്കിൽ

57. ഈടാർന്ന വായ്ക്കുമനുരാഗ നദിക്കു വിഘ്നം
കൂടാത്തൊഴുക്കനുവദിക്കുകയില്ല ദൈവം!

ഉഷ കുംഭാണ്ഡനോടു പറയുന്നു: സാധാരണ പിതാക്കൾ സദ്ഗുണ സമ്പന്നനായ ഒരു ഭർത്താവിനെ മകൾക്ക് കിട്ടണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ തന്റെ പിതാവിന് പ്രയത്നിക്കാതെ അഭിമാനിക്കത്തക്കവണ്ണം ഏതു സ്ത്രീയും കാന്തനായി കിട്ടണമെന്നു കൊതിക്കുന്ന നാരായണാത്മജ സുതനെ– അനിരിദ്ധനെ തന്നെ ജാമാതാവായി ലഭിച്ചിരിക്കുയാണ്. രാജാക്കന്മാർ പോലും മാനിക്കത്തക്ക ചരിത്ത്തോടുകൂടി അനിരുദ്ധന്റെ ദാസിയാകാൻ ഏതു രാജകുമാരിയും കൊതിക്കും. അപ്പോൾ പിന്നെ അദ്ദേഹത്തിന്റെ ഭാര്യയാകേണ്ട കാര്യം പറയാനുണ്ടോ? ഇതെല്ലാം കേട്ടപ്പോൾ കുംഭാണ്ഡൻ പിതൃ സഹജമായ വാത്സല്യത്തോടെ കൂടുതൽ ദിഃഖിതയാകേണ്ട; എല്ലാം ശുഭകരമായി വരും എന്നു പറയുന്നു. ഈടാർന്നുവായ്ക്കുന്ന –ശാശ്വതമായി വർദ്ധമാനമായിരിക്കുന്ന – അനുരാഗനദിക്ക് ദൈവം തടസ്സമില്ലാതെ ഒഴുക്ക് അനുവദിക്കുകയില്ല.

58. ഉഷയുടെ ദിഃഖപൂർണ്ണമായ വാക്കുകൾ കേട്ട മന്തിരി കുംഭാണ്ഡന്റെ പ്രതികരണം എന്തായിരുന്നു ?

പിതൃസഹജമായ വാത്സല്യത്തോടെ, എല്ലാം ശുഭമാകുമെന്ന് ഉഷയെ ആശ്വസിപ്പിക്കുന്നു. ഈടാർന്നു വായ്ക്കുന്ന അനുരാഗ നദിയ്ക്ക് ദൈവം തടസ്സമില്ലാതെ ഒഴുക്ക് അനുവദിക്കുകയില്ല. ദൈവമെന്ന വസ്തുത അവളെ അദ്ദേഹം ബോധ്യപ്പെടുത്തുന്നു. ഏകാന്തതയിൽ ഉണ്ടായ അവളുടെ പരിശുദ്ധ പ്രണയം സ്വീകാര്യമായതു തന്നെ. എന്നാൽ ഏറെ പ്രശസ്തനായ ബാണരാജാവ് ലോകാപവാദത്തെ അതിലധികം കണക്കിലെടുക്കേണ്ടതു തന്നെയല്ലേ. അച്ഛന്റെ – രാജാവിന്റെ – ദേഷ്യമൊന്ന് അടങ്ങട്ടെ. എല്ലാം അവസരം പോലെ പറഞ്ഞു ശരിപ്പെടുത്താം. ദുഃഖിക്കാതിരിക്കുക എന്നു പറഞ്ഞു കുംഭാണ്ഡൻ ഇറങ്ങി നടക്കാനൊരുങ്ങുന്നു.

59. കുംഭാണ്ഡനോട് ഉഷ എന്തിനുള്ള സമ്മതമാണ് അഭ്യർത്ഥിച്ചത് ?

അല്ലെങ്കിൽ

60. ശോകാബ്ധിയാണ്ടൊരുഷതൻ ഹതജീവിതത്തി–
ലാകാംക്ഷയുണ്ടു മമ ബന്ധുജനത്തിനെങ്കിൽ:
ഏകാകിയായ് പ്രിയനിരിക്കുമിടത്തിലൊന്നു
പോകാൻ, ഭവാനനുവദിക്കണമിപ്പൊഴെന്നെ! – സന്ദർഭമെന്ത് ?

അല്ലെങ്കിൽ

61. ഓരാത്തപേക്ഷയിതു കേട്ടളവുൾത്തടത്തി–
ലാ രാജകീയ പുരുഷന്നൊരു മിന്നൽ പാഞ്ഞു:

ഓർക്കാപ്പുറത്തു കേട്ട ഞെട്ടിക്കുന്ന അപേക്ഷ എന്തായിരുന്നു ?

എല്ലാം ശുഭകരമായി അവസാനിക്കുമെന്ന് ആശംസിച്ച് പോകാനൊറുങ്ങിയ കുംഭാണ്ഡനോട് ഉഷ ഒരു അഭ്യർത്ഥന നടത്തുന്നു. ശോകക്കടലിലാണ്ടപോയ തന്റെ നിർഭാഗ്യകരമായ ജീവിതത്തിൽ ബന്ധു ജനങ്ങൾക്ക് വല്ല ആകാംക്ഷയും ഉണ്ടെങ്കിൽ കാരാഗൃഹത്തിൽ ഏകാകി ആയി കഴിയുന്ന പ്രിയതമന്റെ അടുത്തേക്ക് ഒറ്റയ്ക്ക് പോകാൻ തനിക്ക് അനുവാദം തരണം. ഈ അപേക്ഷ കുംഭാണ്ഡനിൽ മിന്നൽപ്പിണർ പോലെയാണ് പതിച്ചത്. രാജാവിന്റെ അനുവാദം ഇല്ലാതെ, ശിക്ഷയ്ക്ക് വിധേയനായ അനിരുദ്ധനെ കാണാൻ അവളെ വിടുകയോ? ഒരു വശത്ത് ഉഷയോടുള്ള പുത്രീനിർവിശേഷമായ സ്നേഹം. മറുവശത്ത് തന്റെ രാജാവായ ബാണനോടുള്ള ഭക്തി പ്രകർഷം. ഈ വിരുദ്ധ വികാരങ്ങൾ തമ്മിലുള്ള സംഘട്ടനം ഒട്ടുനേരത്തേക്ക് കുംഭാണ്ഡന്റെ അകത്തളത്തിൽ നടന്നു. താത്കാലികാവസ്ഥയിൽ ഉഷയുടെ അപേക്ഷയ്ക്ക് മൗനാനുവാദം നൽകാൻ കുംഭാണ്ഡൻ നിർബന്ധിതനായി.

62. കാരാഗൃഹത്തിൽ കഴിയേണ്ടി വന്ന അനിരുദ്ധനെ കവി ഉപമിക്കുന്നത് എങ്ങനെയെല്ലാം?

അല്ലെങ്കിൽ

63. ഹാ, മൺകുയത്തിലെരിയുന്ന മണിപ്രദീപം
ഭീമശ്മശാനഭുവി നട്ട രസാലപോതം,
ധൂമത്തിൽവെച്ച മലർ കുപ്പയിലിട്ട സാള–
ഗ്രാമം, ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം
പങ്കത്തിലാണ്ട ചെറുദന്തി, മൃഷാപവാദ–
ത്തിങ്കൽ പ്പതിച്ച സുയശ്ശസ്സിവയെന്നപോലെ,
വങ്കല്ലറയ്ക്കകമിരുന്നിടുമാ, യുവാവീ–
മങ്കക്കൊടിക്കഥ പുരോഭവി കാണുമാറായ്

– ഈ യുഗ്മകത്തിന്റെ ഔചിത്യം പരിശോധിക്കുക.

കാരാഗൃഹത്തിൽ കഴിയുന്ന അനിരുദ്ധനെ കാണാൻ കുംഭാണ്ഡന്റെ മൗനാനുവാദത്തോടെ ഉഷ എത്തുന്നു. മൺകുടത്തിലെരിയുന്ന മണിദീപം പോലെയും, ഭയങ്കരമായ ചുയലയിൽ നട്ട തേന്മാവിനെപ്പോലെയും, പുകയിൽ വെച്ച പൂവു പോലെയും, വിഷ്ണു പൂജയ്ക്കുള്ള ദിവ്യമായ കല്ല് കുപ്പയിലെറിഞ്ഞതുപോലെയും ചെളിയിൽ ആണ്ടുപോയ ആനക്കുട്ടി പോലെയും അപവാദത്തിലാപതിച്ച പ്രശസ്തി

പോലെയും കാരാഗൃഹത്തിൽ ഇരിക്കുകയായിരുന്ന അനിരുദ്ധനെ ഉഷ കാണുന്നു. മാലോപമയിലുള്ള ഈ ശ്ലോകം യുഗ്മകത്തിന് ഉദാഹരണമാണ്. ഒന്നിലധികം ശ്ലോകങ്ങൾ ഒരേ വാക്യമായി നിന്നാലവയെ യുഗ്മകം എന്നു വിളിക്കുന്നു.

64. ശ്രീരാജകന്യകൾ കൊതിച്ചുവരുന്ന വീര–
ദാരാസ്പദത്തിലുമുഷയ്ക്കു വിരക്തി തോന്നി

ഉഷയ്ക്ക് വിരക്തി തോന്നാനുണ്ടായ സാഹചര്യം എന്ത് ?

കുംഭാണ്ഡന്റെ മൗനസമ്മതപ്രകാരം കാന്തനായ അനിരുദ്ധനെ കാണാൻ ഉഷ എത്തുന്നു. എന്നാൽ ആകപ്പാടെ വിഷമകരമായ സാഹചര്യത്തിൽ തന്റെ പ്രിയതമനെ കാണേണ്ടി വന്ന അവൾ അയാളുടെ രമണാങ്കതലങ്ങളിൽ വീഴുന്നു. ആ ലോകസുന്ദരിയെ വേഗമെടുത്ത് അനിരുദ്ധൻ ഓമനിക്കുകയും ചുംബനങ്ങളർപ്പിക്കുകയും ചെയ്യുന്നു. അനിരുദ്ധന്റെ പ്രേമാധിക്യം വ്യക്തമാകുന്ന സന്ദർഭം കൂടിയാണിത്. ഏതൊരു രാജകന്യകകളും കൊതിക്കുന്ന സന്ദർഭത്തിലൂടെയാണ് ഉഷ കടന്നുപോകുന്നത്. പക്ഷേ അവൾക്ക് ഇപ്പോഴതിലൊന്നും ഒരു താത്പര്യവും തോന്നിയില്ല. ചകോരിക്ക് ചന്ദ്രദർശനം അത്യന്തം ഇഷ്ടകരം തന്നെ. പക്ഷേ ചന്ദ്രൻ പുതുമേഘത്തിനുള്ളിലാണെങ്കിലോ. അതേ അവസ്ഥയാണ് ഉഷയ്ക്ക് ഇപ്പോൾ.

65. സ്ത്രീരത്നമേ, ഭവതി ബന്ധനമേറ്റ്
കുറ്റക്കാരന്റെ സന്നിധിയിലെങ്ങനെ വന്നു ചേർന്നൂ?

അല്ലെങ്കിൽ

66. ഭൂഗർഭഗേഹമതിലെച്ചരലിൽച്ചവുട്ടാൻ
യോഗം വരുത്തിയതു മാമക ദോഷമല്ലോ!

അല്ലെങ്കിൽ

67. ഈ മന്ദഭാഗ്യനെ വരിച്ചതുമൂനമെന്നാ –
രോമൽക്കു ബന്ധഗൃഹമായിതു ബന്ധുഗേഹം!

– സന്ദർഭം വിവരിക്കുക?

തന്നെ കാണാൻ കാരാഗൃഹത്തിലെത്തിയ പ്രിയതമയായ ഉഷയോട് അനിരുദ്ധൻ ചോദിക്കുന്ന വാക്കുകളാണീ വരികളിൽ. ഗുരുജനങ്ങളുടെ ആജ്ഞ പരിഗണിക്കാതെ തന്നെ സന്ദർശിക്കാൻ മാത്രമായ് ഈ കാരാഗൃഹ സന്നിധിയിൽ എങ്ങനെയാണ് അവളെത്തിയത് ? താൻ കാരണം സുന്ദരിയായ ഉഷയ്ക്ക് താൻ അടയ്ക്കപ്പെട്ട നിലവറയിലെ ചരലിൽ ചവിട്ടാൻ യോഗം ഉണ്ടാക്കിയത് ദോഷമായിപ്പോയല്ലോ. പ്രേമത്തോടെ വിവാഹം ചെയ്ത വധുവിനെ ദരിദ്രർ പോലും സ്വന്തം ഗൃഹത്തിലേയ്ക്ക് കൊണ്ടുപോയി ഉപചരിക്കുന്നു. എന്നാൽ നിർഭാഗ്യവാനായ തന്നെ വരിച്ചതിനാൽ ഉഷയ്ക്ക് ബന്ധഗൃഹമാണ് ബന്ധുഗേഹം എന്ന് വന്നിരിക്കുന്നു. അസുരന്മാരുടെ നൂറായിരം അസ്ത്രങ്ങളേറ്റ നോവ് ഉഷയുടെ സാന്നിദ്ധ്യമുള്ള സമയത്താണ് താനറിയുന്നത്.

68. ദേവാരിവീരഭടശസ്ത്രശതങ്ങളേറ്റ
നോവാകെയിപ്പൊഴുതിലാണറിയുന്നതീ ഞാൻ

അല്ലെങ്കിൽ

69. ദൈവം മറിച്ചുകരുതീടിലരക്ഷണത്താൽ–
ദ്ദേവൻ വെറും – പുഴു, മഹാബ്ധി മരുപ്രദേശം

ഈ വരികളിലെ സാരസ്യം എന്ത് ?

കാരാഗൃഹത്തിൽ തന്നെ കാണാനെത്തിയ ഉഷയുടെ സാന്നിദ്ധ്യം അനിരുദ്ധനിൽ തീവ്രമായ അപകർഷതയുണ്ടാക്കുന്നു. സൗഭാഗ്യവതിയും സുശീലയുമായ ഉഷ തന്നെ പ്രണയിച്ചതുമൂലം പ്രയാസപ്പെടുന്നു. അസുരസേനയുടെ അസ്ത്രശതങ്ങൾ ഏറ്റ വേദന അദ്ദേഹത്തിന് അനുഭവപ്പെടുന്നത് ഉഷയുടെ സാന്നിധ്യത്തിലാണ്. ആർക്കും തടുക്കാൻ കഴിയാത്തവൻ (അനിരുദ്ധൻ) ആയ താൻ നിരുദ്ധനായതിൽ വൈവശ്യപ്പെടേണ്ടതില്ല. ദൈവം മറിച്ചുകരുതുകയാണെങ്കിൽ അരക്ഷണം കൊണ്ട് ദേവൻ പുഴുവും മഹാസാഗരം മരുപ്രദേശവും ആയിത്തീരും. അങ്ങനെ നോക്കുമ്പോൾ തനിക്ക് പിണഞ്ഞ ഈ നിരോധനം എത്രയോ നിസ്സാരമാണ്. അനിരുദ്ധന്റെ സ്വഭാവസവിശേഷതയിലേയ്ക്ക് വെളിച്ചം വീശുന്ന ഭാഗമാണ് ഇത്.

70. ലോകത്തിലെ വിപത്തുകളെല്ലാം തന്റെ നേർക്ക് വന്നാലും ഒരു തരിമ്പ് ഭയം പോലും തോന്നില്ലെന്ന് അനിരുദ്ധൻ പറയാൻ കാരണമെന്ത് ?

ഉഷയുടെ അനുരാഗം എന്ന മഹിതമായ ആയുധം തനിക്ക് കൂട്ടിന് ഉണ്ട് എന്ന ആത്മവിശ്വാസം അനിരുദ്ധന് ഉണ്ട്.

71. താതാവമാനകരമാകിയ കൃത്യമെങ്ങു–
വീതാഘമാം കുലവധൂജനമെങ്ങു ഭദ്രേ ?

അച്ഛന് അപമാനമുണ്ടാക്കുന്ന കൃത്യങ്ങൾ നിഷ്കളങ്കരാ കുലവധുജനങ്ങൾ ചെയ്യില്ല. ആയതിനാൽ ഏത്രയും വേഗം കാരാഗൃഹപരിസരം വിട്ട് ഉഷ പോകണമെന്ന് അനിരുദ്ധൻ അഭ്യർത്ഥിക്കുന്നു.

72. ഈ വാസ്തവസ്ഥിതി മറന്നിവടത്തെ വിട്ടു
പോവാൻ കഥിക്കരുതു ദാസിയൊടെൻ ദയാലോ!

അല്ലെങ്കിൽ

73. വല്ലാത്തിരുട്ടറയിതെത്ര സുഖാഢ്യമങ്ങു–
ന്നില്ലാത്ത മാമക മഹാമണിമേടയേക്കാൾ!

അല്ലെങ്കിൽ

74. ഹാ, കഷ്ടമെൻ ദുരിതമെന്നെ വെറുത്തുവല്ലോ
ലോകത്തിലെൻ പരമദൈവതമാം ഭവാനും!

തന്നെ കാണാൻ കാരാഗൃഹത്തിലെത്തിയ ഉഷയോട് കുറച്ചിട സംഭാഷണം നടത്തിയശേഷം അനിരുദ്ധൻ അച്ഛനു ചീത്തപ്പേരു കേൾപ്പിക്കാതിരിക്കാനായ് ഉടൻ തിരിച്ചുപോകണമെന്ന് ആവശ്യപ്പെടുന്നു. അപ്പോൾ ഉഷ പറയുന്ന വാക്കുകളാണ് ഇവിടെ ചേർത്തിരിക്കുന്നത്. ജീവനാഥാ, ചപലയായ താൻ നിരപരാധിയായ അങ്ങയെ തെല്ലൊ

ന്നുമല്ല ദുരവസ്ഥയിലാക്കിയത്. തന്റെ തെറ്റ് ക്ഷമിച്ച് അങ്ങയുടെ തൃക്കാലറ്റത്ത് നിത്യദാസ്യം സ്വീകരിക്കാൻ തന്നെ ദയവായി അനുവദിച്ചാലും. ഇവിടം വിട്ടുപോകാൻ പറയരുതേ, അങ്ങയെ വിട്ട് മറ്റെവിടെപ്പോയാലാണ് തനിക്ക് മനസ്സിന് ആശ്വാസം ലഭിക്കുക. അങ്ങില്ലാത്ത എന്റെ മഹാമണി മേടയേക്കാൾ സുഖകരം അങ്ങ് കഴിയുന്ന ഇരുട്ടറ തന്നെയാണ്. അച്ഛന്റെ അരിശം കണക്കിലെടുക്കേണ്ട. നാരികൾക്ക് ഭർതൃ ശുശ്രൂഷ വെടിയാനാകില്ലല്ലോ. കഷ്ടം; തന്റെ ദുരിതം കാരണം തന്റെ ഉറ്റ ദൈവം പോലും–പ്രിയതമൻ പോലും– തന്നെ വെറുത്തുകളഞ്ഞല്ലോ. അപരാധ ബോധം കരണ്ടു തിന്നു നോവിക്കുന്ന പ്രണയാതുരയായ ഉഷയുടെ നിഷ്കപടമായ മനസ്സ് വ്യക്തമാക്കുന്ന സന്ദർഭമാണിത്.

75. പ്രാണാധിഭർത്രി കരയായ്ക, രിമുക്തനാനാ–
ബാണാളി താങ്ങുവതിനീയൊരു നെഞ്ചുപോരും;
ബാണാത്മജാ നയനനീരൊരു തുള്ളിപോലും
വീണാൽ സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ.

തന്നെ കാരാഗൃഹത്തിൽ നിന്ന് പറഞ്ഞയക്കരുതേ എന്ന് അപേക്ഷിക്കുന്ന ഉഷയോട് അനിരുദ്ധൻ വളരെ പ്രണയാർദ്രമായും ധീരോദാത്തമായും പ്രതികരിക്കുന്നതാണ് സന്ദർഭം. ഭർത്താവിനെ ദൈവത്തെപ്പോലെ പരിഗണിക്കുന്ന ഉഷയോട് കരയരുതെന്ന് അനിരുദ്ധൻ അപേക്ഷിക്കുന്നു. ബാണസേനയുടെ ഏത് ആയുധവും തടുക്കാൻ തന്റെ നെഞ്ചു പോരും. എന്നാൽ ബാണപുത്രിയായ ഉഷയുടെ കണ്ണീരിലെ ഒരു തുള്ളി പോലും വീണാൽ സഹിക്കാൻ താൻ അശക്തനാണെന്ന് അനിരുദ്ധൻ വ്യക്തമാക്കുന്നു. സംഭവിച്ച ആപത്ത് വരാനിരിക്കുന്ന ഭാഗ്യദീപത്തിന്റെ നിഴലാണ് എന്നതിനാൽ സങ്കടപ്പെടാതെ വേഗം സ്വന്തം വീട്ടിലെത്താൻ അനിരുദ്ധൻ ആവശ്യപ്പെടുന്നു. ഇവിടെ നായകനായ അനിരുദ്ധന് വള്ളത്തോൾ അവതരിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പൂ പോലും തോറ്റുപോകുന്ന നായികയുടെ മനോഹരമായ ശരീരം തന്റെ മാറത്തു ചേർത്തു നിർത്തി പ്രണയപരവശമായ സ്വരത്തിൽ അനിരുദ്ധൻ സംസാരം ആരംഭിച്ചു എന്ന് പറയുന്നിടത്ത് കാല്പനികതയുടെ സൗന്ദര്യം ഉദിച്ചുനിൽക്കുന്നു.

76. നില്ലാതെ പോരിലുഴലും തവതാതനെന്നെ
വെല്ലാൻ ചതിപ്പണി തുടങ്ങിയതെന്റെ ഭാഗ്യം:
അല്ലായ്കിലുഗ്രപിതൃദുഃഖമിവൻ നിമിത്തം
ഫുല്ലാംബുജാക്ഷി, തവ നേരിടുമായിരുന്നു

അനിരുദ്ധൻ ഉഷയോട് ചില ആശ്വാസവാക്കുകൾ ഓതുന്നു. ആപത്ത് ആസന്നമായ സൗഭാഗ്യത്തിന്റെ സൂചനയാണ്. ബാണനുമായുണ്ടായ യുദ്ധം തനിക്ക് ഉല്ലാസപ്രദമായ ഒരു വിനോദം മാത്രമായിരുന്നതിനാൽ അതിൽ അല്പം ക്ഷീണം പറ്റിയിട്ടുണ്ടെന്നല്ലാതെ അപായകരമായ പീഡകൾ ഒന്നുമില്ലാത്തതുകൊണ്ട് ഭയപ്പെടേ

ണ്ടതില്ലെന്ന് അനിരുദ്ധൻ ഉഷയെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. യുദ്ധത്തിൽ മറ്റു രക്ഷാമാർഗ്ഗങ്ങൾ ഒന്നും ഇല്ലാതായപ്പോൾ ശ്വശുരന് (ബാണന്) തന്നെ ചതിയിൽ ബന്ധിക്കാൻ തോന്നിയത് വലിയ ഭാഗ്യമായി. അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ തന്റെ കൈകൊണ്ട് അദ്ദേഹം നിശ്ചയമായും കൊല്ലപ്പെടുകയും അതുമൂലം തന്റെ പ്രിയപ്രേയസിക്ക് ഉഗ്ര പിതൃദുഃഖം അനുഭവിക്കേണ്ടി വരുകയും ചെയ്യുമായിരുന്നു എന്ന് വീരസാഹസികനായ അനിരുദ്ധൻ അറിയിക്കുന്നു. ഈ സന്ദർഭത്തിലും കാല്പനികാംശങ്ങളോടൊപ്പം ധീരോദാത്തതയും കലർത്തിയാണ് വള്ളത്തോൾ അനിരുദ്ധ കഥാ പാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്.

77. ആരോമലേ, ഝടിതി, കൈവിടുകിസ്ഥലത്തെ;
ക്കാരോപവേശമബലാജനവർജ്ജ്യമല്ലീ

ഉഷയോട് എത്രയും വേഗം കാരാഗൃഹത്തിൽ നിന്നു പുറത്തുകടക്കാൻ അനിരുദ്ധൻ ആവശ്യപ്പെടുന്നു. അബലകളായ സ്ത്രീജനങ്ങൾക്ക് കാരാഗൃഹപരിസരം വർജ്ജ്യമാണെന്ന് അദ്ദേഹം ഉണർത്തിക്കുന്നു.

78. സന്നാംഗിയാളഥ സശങ്കമെടുത്തുകാട്ടീ തന്നാശയം

എന്തായിരുന്നു ആശയം ?

കാരാഗൃഹത്തിൽ നിന്നു തന്നോടു പുറത്തുപോകാൻ അനിരുദ്ധൻ ആവശ്യപ്പെട്ടപ്പോൾ ഉഷ ഒരു ആശയം മുന്നോട്ടുവെയ്ക്കുന്നു. കാരാഗൃഹത്തിൽ നിന്നു പുറത്തു പോകാൻ താൻ ഒരുക്കമാണ്. പക്ഷേ ആദ്യം പുറത്തുകടക്കേണ്ടത് അനിരുദ്ധനാണ്. ഈ തടവറ ചാടിക്കടന്നു രണ്ടുപേർക്കും രക്ഷപ്പെടണം.

79. ഹാ, വൻഭയാൽ തടവിൽനിന്നുമൊളിച്ചു ചാടാൻ
ഭാവൽക്ക കാന്തനൊരു തസ്കരനോ സുശീലേ?

അല്ലെങ്കിൽ

80. സ്ഫാരാനുതാപഗരിമാവിനു കീഴടങ്ങ–
ദ്ധീരാംഗനാനില വിടായ്കയദുസ്നുഷേ നീ

അല്ലെങ്കിൽ

81. കാന്താംഗി, നമ്മളിൽ മുറയ്ക്കനുരാഗവിത്തു
താൻ താൻ വിതച്ചതു വൃഥാ കളിയില്ല ദൈവം;
സ്വാന്താർത്തി വിട്ടു തിരിയേ നടകൊൾക വേഗം
നാം താതശാനന വിലംഘികളായ്‌വരൊല്ലാ .

അല്ലെങ്കിൽ

82. നിലവറയുമിതേറ്റോതുന്നതുണ്ടെന്നു തോന്നും–
നിലയി, ലവിടെ മന്ദം മാറ്റൊലിച്ചാർത്തിണക്കി,
പലതിതുവിധമോതിക്കൊണ്ടുപാരം പണിപ്പെ–
ട്ടലസഗമനയാളെക്കാമുകൻ യാത്രയാക്കി – സന്ദർഭം വിവരിക്കുക.

തടവറയിൽ നിന്നും രക്ഷപ്പെടാനുള്ള ആശയം ഉഷ മുന്നോട്ടുവെയ്ക്കുന്നു. എന്നാൽ ആ പ്രേരണയെ അനിരുദ്ധൻ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നു. കാമുകിയുടെ ആവശ്യം അഭിമാനിയായ പുരുഷശ്രേഷ്ഠനെ തട്ടിയുണർത്തുന്നു. ഭാവം മാറി ആ യദുവംശജൻ പറയുന്നതിങ്ങനെയാണ്. ഏറിയ ഭയത്താൽ തടവിൽ നിന്നൊളിച്ചു ചാടി രക്ഷപ്പെടാൻ ഭവതിയുടെ കാന്തൻ ഒരു കള്ളനാണോ ? വീരോചിതമായ ഈ ചേദ്യം അനിരുദ്ധ കഥാപാത്രത്തിനു മിഴിവു പകരുന്നതാണ്. വികാരത്താൽ നിയന്ത്രിക്കപ്പെടാവുന്ന പ്രേമങ്ങളുയർത്തിയ സംഘർഷത്തിൽ വിവേകം ജയിച്ച് ആത്മഗൗരവത്തോടെ അനിരുദ്ധൻ പ്രതികരിക്കുന്നു. പശ്ചാത്താപാകുലയായി സ്വന്തം നിലമറന്നു പ്രവർത്തിക്കാതിരിക്കാൻ ഉഷയെ ഉപദേശിക്കുന്ന അനിരുദ്ധൻ യഥോചിതം തന്നെ തടവിൽ നിന്നു മോചിപ്പിക്കാൻ തികച്ചും പ്രാപ്തിയുള്ളവർ – ഉഷയുടെ പുതിയ ബന്ധുക്കളായ യദുജനങ്ങൾ – അതിവേഗം അവിടെ എത്തിച്ചേരുമെന്ന് സാഭിമാനം അറിയിക്കുന്നു. തങ്ങളിൽ പരസ്പരാനുരാഗമുളവാക്കിയ ഈശ്വരൻ അത് സഫലമാക്കാതിരിക്കില്ല. അതിനാൽ പിതൃശാസന ലംഘിക്കുന്നവളായിത്തീരാതെ എത്രയും വേഗം കാരാഗൃഹപരിസരത്തിൽ നിന്നും തിരിച്ചു പോകണമെന്ന് വീണ്ടും വീണ്ടും അനിരുദ്ധൻ അപേക്ഷിക്കുന്നു. ഇത്തരം പല അനുനയങ്ങളും പറഞ്ഞ് – ഇതേ വാക്കുകൾ തടവറയും ഏറ്റുപറയും പോലെ എന്ന് കവി – ഒരു വിധം അനിരുദ്ധൻ ഉഷയെ മടക്കി അയക്കുന്നതോടെ വള്ളത്തോളിന്റെ ഖണ്ഡകാവ്യം അവസാനിക്കുന്നു.

83. വിവേകപ്രേമങ്ങളുയർത്തിയ സംഘർഷത്തിൽ വിജയിക്കുന്ന, വിവേകം കൊണ്ട് ഊർജ്ജം നേടുന്ന ആത്മഗൗരവം അനിരുദ്ധനിലുലയാതെ നിർത്തിയതിലാണ് വള്ളത്തോളിന്റെ പാത്രാവിഷ്കരണം ശ്ലാഘനീയമാകുന്നത്. എന്ന് അഭിപ്രായപ്പെട്ടത് ആര്?
    പ്രൊഫ.എം.പി.പണിക്കർ

## ഉപന്യസിക്കുക (300 വാക്കിൽ കവിയാതെ)

1. അനിരുദ്ധൻ തടവറയിലാക്കപ്പെട്ടതറിഞ്ഞ ഉഷയുടെ അവസ്ഥ വള്ളത്തോൾ ചിത്രീകരിക്കുന്നത് എങ്ങനെ ?

2. ഉഷയും കുംഭാണ്ഡനും തമ്മിലുള്ള സംഭാഷണം വിവരിക്കുക

3. ഉഷയും അനിരുദ്ധനും തമ്മിൽ തടവറയിൽ വെച്ചു നടത്തിയ കൂടിക്കാഴ്ച വിവരിക്കുക?

4. വള്ളത്തോളിന്റെ ശില്പകലാ വൈജയന്തിയാണ് ബന്ധനസ്ഥനായ അനിരുദ്ധനിലെ ഉഷ. – വിശദീകരിക്കുക?

5. ധീരോദാത്തതയും കാല്പനികാംശങ്ങളും കലർന്ന നായക പ്രകൃതമാണ് കവി അനിരുദ്ധനു നൽകിയത്– സമർത്ഥിക്കുക

6. വള്ളത്തോൾ കവിതയുടെ സവിശേഷതകൾ ബന്ധനസ്ഥനായ അനിരുദ്ധനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

7. വള്ളത്തോളിന്റെ പാത്രസ്വഭാവചിത്രീകരണത്തിന്റെ പ്രാഗല്ഭ്യവും ഔചിത്യവും ബന്ധനസ്ഥനായ അനിരുദ്ധനിലെ കഥാപാത്രങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക

8. ഖണ്ഡകാവ്യങ്ങൾ എന്നാലെന്ത് ? ബന്ധനസ്ഥനായ അനിരുദ്ധനെ മാതൃകയാക്കി വിശദീകരിക്കുക.

9. ബന്ധനസ്ഥനായ അനിരുദ്ധനിലെ നാടകീയാംശങ്ങൾ കണ്ടെത്തുക.

**********************